## കാറൽ മാർക്സ്

# മൂലധനത്തിന്റെ ആദിമസഞ്ചയം



കാറൽ മാർക്സ്

**മൂലധനത്തിന്റെ ആദിമസഞ്ചയം**

**(മാർക്സിന്റെ പ്രശസ്തമായ "മൂലധനം" എന്ന കൃതിയുടെ 8-ാം ഭാഗ മാണ് ഈ ഗ്രന്ഥം. മോസ്കോയിലെ പ്രോഗ്രസ്സ് പബ്ലിഷേഴ്സ് മാർക്സ് എംഗൽസ് തിരഞ്ഞെടുത്ത കൃതിയിൽ 6-ാം വാല്യത്തിൽ ഇത് ഉൾപ്പെടുത്തിയിട്ടുണ്ട്. മൂലകൃതിയിൽ "ആദിമമെന്ന് പറയപ്പെടുന്ന സഞ്ചയം" എന്നാണ് 8 ാം ഭാഗത്തിന് നൽകിയിട്ടുള്ള ശീർഷകം.)**

**അദ്ധ്യായം-1**

# ആദിമ സഞ്ചയത്തിന്റെ രഹസ്യം

മിച്ചമൂല്യമുണ്ടെങ്കിലേ മൂലധനസഞ്ചയമുണ്ടാവൂ. മുതലാളിത്ത പരമായ ഉല്പാദത്തിൻ കീഴിലേ മിച്ചമൂല്യമുണ്ടാവൂ. ചരക്കുകളുടെ ഉല്പാദകരുടെ കൈവശം നേരത്തെതന്നെ ധാരാളം മുലധനവും അദ്ധ്വാന ശക്തിയുമുണ്ടെങ്കിലേ മുതലാളിത്തപരമായ ഉല്പാദനം നടക്കൂ. അതുകൊണ്ട് ഈ ചലനമാകെ ഒരു വിഷമവൃത്തത്തിൽ കിടന്ന് ചുറ്റിത്തിരിയുകയാണെന്നു തോന്നും. മുതലാളിത്തസഞ്ചയത്തിനുമുമ്പ് ഒരു ആദിമസഞ്ചയം (ആഡംസ്മിത്തിന്റെ വാക്കുകളിൽ പറഞ്ഞാൽ, "പുർവസഞ്ചയം.") ഉണ്ടെന്ന് സങ്കല്പിച്ചാൽ മാത്രമേ ഈ വിഷമ വൃത്തത്തിൽനിന്ന് പുറത്ത് കടക്കാൻ കഴിയൂ. മുതലാളിത്തോല്പാദന രീതിയുടെ ഫലമല്ല, ആരംഭബിന്ദുവാണ് ആ സഞ്ചയം.

ഈശ്വരമീമാംസയിൽ ആദിപാപത്തിനുള്ള അതേ പങ്കാണ് അർത്ഥശാസ്ത്രത്തിൽ ആദിമസഞ്ചയത്തിനുള്ളത്. ആദാം ആപ്പിൾ കടിച്ചതോടെ മനുഷ്യരാശി പാപത്തിലാണ്ടു. പുരാതനകാലത്ത് നടന്ന ഒരു സംഭവത്തിന്റെ രൂപത്തിൽ പറയുമ്പോൾ അതിന്റെ ഉല്പത്തി വിശദീകരിക്കപ്പെട്ടതായി നാം കരുതണം. പണ്ട് പണ്ട് രണ്ടു തരം ആളുകളുണ്ടായിരുന്നു. അദ്ധ്വാനശീലരും ബുദ്ധിശാലികളും സർവോപരി മിതവ്യയശീലരുമായ വരേണ്യരായിരുന്നു ഒരു കൂട്ടർ. കയ്യിലുള്ളതു മുഴുവനും അതിലപ്പുറവും ധുർത്തടിച്ച് ഭോഗാലസ ജീവിതം നയിച്ച കുഴിമടിയന്മാരായ തെമ്മാടികളായിരുന്നു മറ്റേകൂട്ടർ. മനുഷ്യർ സ്വന്തം നെറ്റി വിയർപ്പിച്ച് അപ്പം തിന്നാൻ ശപിക്കപ്പെട്ടവനായതെങ്ങനെയാണെന്ന് ഈശ്വരമീമാംസയിലെ ആദിപാപത്തെക്കുറിച്ചുള്ള ഐതിഹ്യം തീർച്ചയായും നമുക്ക് പറഞ്ഞുതരുന്നുണ്ട്. എന്നാൽ അതിന്റെ യാതൊരു ആവശ്യവുമില്ലാത്ത ആളുകളുണ്ടെന്നാണ് സാമ്പത്തിക ആദിപാപ ത്തിന്റെ ചരിത്രം നമുക്ക് വെളിപ്പെടുത്തിത്തരുന്നത്. അതു പോകട്ടെ. അങ്ങനെ ആദ്യത്തെക്കുട്ടർ സമ്പത്ത് കുമിച്ചുകുട്ടാനും രണ്ടാമത്തെ കൂട്ടർ അവസാനം സ്വന്തം തൊലിയൊഴിച്ച് മറ്റൊന്നും വിൽക്കാനില്ലെന്ന നിലയിലെത്താനും ഇടയായി. എത്ര അദ്ധ്വാനിച്ചിട്ടും ഇന്നുവരെ അവനവനെയല്ലാതെ മറ്റൊന്നും വിൽക്കാനില്ലാത്ത ബഹുഭൂരിപക്ഷം ജനങ്ങളുടെ ദാരിദ്ര്യത്തിന്റേയും, എത്രയോ കാലമായി അദ്ധ്വാനിക്കാതിരു

ന്നിട്ടും കുറച്ചുപേരുടെ നിരന്തരം പെരുകിക്കൊണ്ടിരിക്കുന്ന സമ്പത്തി ന്റേയും തുടക്കം ഈ ആദിപാപത്തിൽനിന്നാണ്. കഴമ്പില്ലാത്ത, ബാലിശ മായ, ഇത്തരം കഥകളാണ് സ്വത്തുടമസ്ഥതയെ ന്യായീകരിക്കാൻ വേണ്ടി നമ്മുടെ ചെവിയിൽ നിത്യേന ഓതിക്കൊണ്ടിരിക്കുന്നത്. ഉദാഹര ണത്തിന് ഒരു കാലത്ത് ധാരാളം നർമ്മബോധമുണ്ടായിരുന്ന ഫ്രഞ്ച് ജനതയുടെ മുമ്പാകെ. മി. ത്യേർ ഒരു രാജ്യതന്ത്രജ്ഞന്റെ ഗാംഭീര്യ ത്തോടെ അത് വിളമ്പുകയുണ്ടായി. പക്ഷേ സ്വത്തിന്റെ പ്രശ്നം പൊന്തി വരുന്ന മാത്രയിൽ ശിശുവിന്റെ ധൈഷണികഭക്ഷണം എല്ലാ പ്രായക്കാർ ക്കും വികാസത്തിന്റെ എല്ലാ ഘട്ടങ്ങൾക്കും പറ്റിയ ഒരേയൊരു ഭക്ഷണ മായി പ്രഖ്യാപിക്കുകയെന്നത് പാവനകടമയായി കരുതപ്പെടുന്നു. യഥാർ ത്ഥചരിത്രത്തിൽ രാജ്യങ്ങൾ പിടിച്ചെടുക്കലും അടിമപ്പെടുത്തലും കൊള്ള യും കൊലപാതകവും-ഒറ്റ വാക്കിൽ പറഞ്ഞാൽ ബലപ്രയോഗം- വലി യൊരു പങ്ക് വഹിക്കുന്നുണ്ടെന്ന് എല്ലാവർക്കും അറിയാം. അർത്ഥശാസ് ത്രചരിത്രത്തിന്റെ വികാരലോലമായ ഏടുകളിലാവട്ടെ ശാലീനസുന്ദ രമായ ജീവിതമാണ് അനാദികാലം മുതലേ വാണരുളുന്നത്. അവകാശവും "അദ്ധ്വാന"വുമായിരുന്നു എക്കാലത്തും ധനസമ്പാദനോപാധികൾ. എപ്പോഴും "ഈ വർഷം ഒഴിച്ച് ഒരിക്കലും ആദിമസഞ്ചയത്തിന്റെ രീതി കൾ തെല്ലും ശാലീനസുന്ദരമായിരുന്നില്ലന്നതെന്നതാണ് വാസ്തവം.

ഉല്പാദനോപാധികളേയും ഉപജീവനോപാധികളേയുംപോലെ പണവും ചരക്കുകളും സ്വതേ മൂലധനമല്ല. അവയെ മൂലധനമായി രൂപാ ന്തരപ്പെടുത്തേണ്ടിയിരിക്കുന്നു. എന്നാൽ ചില സാഹചര്യങ്ങളിൽ മാത്രമേ ആ രൂപാന്തരണം നടക്കൂ. അതായത്, തികച്ചും വ്യത്യസ്തമായ രണ്ടു തരം ചരക്കുകൾ കൈവശമുള്ളവർ മുഖാമുഖം നിൽക്കുകയും സമ്പർക്ക ത്തിലേർപ്പെടുകയും വേണം. പണത്തിന്റേയും ഉൽപാദനോപാധികളു ടേയും ഉപജീവനോപാധികളുടേയും ഉടമകളാണ് ഒരു വശത്ത്. മറ്റുള്ള വരുടെ അദ്ധ്വാനശക്തി വിലയ്ക്ക് വാങ്ങിക്കൊണ്ട് തങ്ങളുടെ കൈവശ മുള്ള മൂല്യത്തിന്റെ തുക വർദ്ധിപ്പിക്കാൻ അവർ ഉത്സുകരാണ്. സ്വന്തം അദ്ധ്വാനശക്തി വിലയ്ക്കു വിൽക്കുന്നവരായ, അക്കാരണത്താൽ അദ്ധ്വാനം വിലയ്ക്കു വിൽക്കുന്നവരായ, സ്വതന്ത്രത്തൊഴിലാളികളാണ് മറുവശത്ത്. രണ്ടർത്ഥത്തിൽ-അതായത്, അടിമകളേയും അടിയാന്മാരേ യും മറ്റും പോലെ അവർ ഉൽപാദനോപാധികളുടെ അഭേദ്യഭാഗമല്ലെന്ന അർത്ഥത്തിലും, സ്വന്തം ഭൂമി കൃഷി ചെയ്യുന്ന കർഷകരുടെ കാര്യത്തിലെ ന്നപോലെ ഉല്പാദനോപാദികൾ അവരുടെ വകയല്ലെന്ന അർത്ഥത്തിലും- അവർ സ്വതന്ത്രരാണ്. സ്വന്തമായ എല്ലാ ഉല്പാദനോപാധികളിൽനിന്നും സ്വതന്ത്രരും അവയുടെ കെട്ടുപാടുകളിൽനിന്നു വിമുക്തരുമാണ് അവർ. ചരക്കുകളുടെ കമ്പോളത്തിൽ ഇങ്ങനെയൊരു ധ്രുവീകരണം വരുന്ന തോടെ മുതലാളിത്തപരമായ ഉല്പാദത്തിനുള്ള മൗലികസാഹചര്യങ്ങൾ സംജാതമാകുന്നു. തങ്ങളുടെ അദ്ധ്വാനത്തിന്റെ സാക്ഷാത്കരണത്തിനു ള്ള ഉപാധികളുടെ എല്ലാ ഉടമസ്ഥതയിൽനിന്നും തൊഴിലാളികൾ നിശ്ശേ ഷം വേറിട്ടുപോവണമെന്ന് മുതലാളിത്തവ്യവസ്ഥ വിവക്ഷിക്കുന്നു. മുത ലാളിത്തോല്പാദനം സ്വന്തം കാലിൽ നിൽക്കുന്ന മാത്രയിൽ അത് ഈ വേർതിരിവിനെ നിലനിർത്തുന്നുവെന്നു മാത്രമല്ല. കൂടുതൽകൂടുതൽ വിപുലമായ തോതിൽ അതിനെ പ്രത്യുൽപാദിപ്പിക്കുകയും ചെയ്യുന്നു.

ന്നിട്ടും കുറച്ചുപേരുടെ നിരന്തരം പെരുകിക്കൊണ്ടിരിക്കുന്ന സമ്പത്തി ന്റേയും തുടക്കം ഈ ആദിപാപത്തിൽനിന്നാണ്. കഴമ്പില്ലാത്ത, ബാലിശ മായ, ഇത്തരം കഥകളാണ് സ്വത്തുടമസ്ഥതയെ ന്യായീകരിക്കാൻ വേണ്ടി നമ്മുടെ ചെവിയിൽ നിത്യേന ഓതിക്കൊണ്ടിരിക്കുന്നത്. ഉദാഹര ണത്തിന് ഒരു കാലത്ത് ധാരാളം നർമ്മബോധമുണ്ടായിരുന്ന ഫ്രഞ്ച് ജനതയുടെ മുമ്പാകെ. മി. ത്യേർ ഒരു രാജ്യതന്ത്രജ്ഞന്റെ ഗാംഭീര്യ ത്തോടെ അത് വിളമ്പുകയുണ്ടായി. പക്ഷേ സ്വത്തിന്റെ പ്രശ്നം പൊന്തി വരുന്ന മാത്രയിൽ ശിശുവിന്റെ ധൈഷണികഭക്ഷണം എല്ലാ പ്രായക്കാർ ക്കും വികാസത്തിന്റെ എല്ലാ ഘട്ടങ്ങൾക്കും പറ്റിയ ഒരേയൊരു ഭക്ഷണ മായി പ്രഖ്യാപിക്കുകയെന്നത് പാവനകടമയായി കരുതപ്പെടുന്നു. യഥാർ ത്ഥചരിത്രത്തിൽ രാജ്യങ്ങൾ പിടിച്ചെടുക്കലും അടിമപ്പെടുത്തലും കൊള്ള യും കൊലപാതകവും-ഒറ്റ വാക്കിൽ പറഞ്ഞാൽ ബലപ്രയോഗം- വലി യൊരു പങ്ക് വഹിക്കുന്നുണ്ടെന്ന് എല്ലാവർക്കും അറിയാം. അർത്ഥശാസ് ത്രചരിത്രത്തിന്റെ വികാരലോലമായ ഏടുകളിലാവട്ടെ ശാലീനസുന്ദ രമായ ജീവിതമാണ് അനാദികാലം മുതലേ വാണരുളുന്നത്. അവകാശവും "അദ്ധ്വാന"വുമായിരുന്നു എക്കാലത്തും ധനസമ്പാദനോപാധികൾ. എപ്പോഴും "ഈ വർഷം ഒഴിച്ച് ഒരിക്കലും ആദിമസഞ്ചയത്തിന്റെ രീതി കൾ തെല്ലും ശാലീനസുന്ദരമായിരുന്നില്ലന്നതെന്നതാണ് വാസ്തവം.

ഉല്പാദനോപാധികളേയും ഉപജീവനോപാധികളേയുംപോലെ പണവും ചരക്കുകളും സ്വതേ മൂലധനമല്ല. അവയെ മൂലധനമായി രൂപാ ന്തരപ്പെടുത്തേണ്ടിയിരിക്കുന്നു. എന്നാൽ ചില സാഹചര്യങ്ങളിൽ മാത്രമേ ആ രൂപാന്തരണം നടക്കൂ. അതായത്, തികച്ചും വ്യത്യസ്തമായ രണ്ടു തരം ചരക്കുകൾ കൈവശമുള്ളവർ മുഖാമുഖം നിൽക്കുകയും സമ്പർക്ക ത്തിലേർപ്പെടുകയും വേണം. പണത്തിന്റേയും ഉൽപാദനോപാധികളു ടേയും ഉപജീവനോപാധികളുടേയും ഉടമകളാണ് ഒരു വശത്ത്. മറ്റുള്ള വരുടെ അദ്ധ്വാനശക്തി വിലയ്ക്ക് വാങ്ങിക്കൊണ്ട് തങ്ങളുടെ കൈവശ മുള്ള മൂല്യത്തിന്റെ തുക വർദ്ധിപ്പിക്കാൻ അവർ ഉത്സുകരാണ്. സ്വന്തം അദ്ധ്വാനശക്തി വിലയ്ക്കു വിൽക്കുന്നവരായ, അക്കാരണത്താൽ അദ്ധ്വാനം വിലയ്ക്കു വിൽക്കുന്നവരായ, സ്വതന്ത്രതൊഴിലാളികളാണ് മറുവശത്ത്. രണ്ടർത്ഥത്തിൽ-അതായത്, അടിമകളേയും അടിയാന്മാരേ യും മറ്റും പോലെ അവർ ഉൽപാദനോപാധികളുടെ അഭേദ്യഭാഗമല്ലെന്ന അർത്ഥത്തിലും, സ്വന്തം ഭൂമി കൃഷി ചെയ്യുന്ന കർഷകരുടെ കാര്യത്തിലെ ന്നപോലെ ഉല്പാദനോപാദികൾ അവരുടെ വകയല്ലെന്ന അർത്ഥത്തിലും- അവർ സ്വതന്ത്രരാണ്. സ്വന്തമായ എല്ലാ ഉല്പാദനോപാധികളിൽനിന്നും സ്വതന്ത്രരും അവയുടെ കെട്ടുപാടുകളിൽനിന്നു വിമുക്തരുമാണ് അവർ. ചരക്കുകളുടെ കമ്പോളത്തിൽ ഇങ്ങനെയൊരു ധ്രുവീകരണം വരുന്ന തോടെ മുതലാളിത്തപരമായ ഉല്പാദത്തിനുള്ള മൗലികസാഹചര്യങ്ങൾ സംജാതമാകുന്നു. തങ്ങളുടെ അദ്ധ്വാനത്തിന്റെ സാക്ഷാത്കരണത്തിനു ള്ള ഉപാധികളുടെ എല്ലാ ഉടമസ്ഥതയിൽനിന്നും തൊഴിലാളികൾ നിശ്ശേ ഷം വേറിട്ടുപോവണമെന്ന് മുതലാളിത്തവ്യവസ്ഥ വിവക്ഷിക്കുന്നു. മുത ലാളിത്തോല്പാദനം സ്വന്തം കാലിൽ നിൽക്കുന്ന മാത്രയിൽ അത് ഈ വേർതിരിവിനെ നിലനിർത്തുന്നുവെന്നു മാത്രമല്ല. കൂടുതൽകൂടുതൽ വിപുലമായ തോതിൽ അതിനെ പ്രത്യുൽപാദിപ്പിക്കുകയും ചെയ്യുന്നു.

അതുകൊണ്ട് മുതലാളിത്ത വ്യവസ്ഥയ്ക്ക് വഴിതെളിയിക്കുന്ന പ്രക്രിയ തൊഴിലാളിയുടെ കയ്യിൽനിന്ന് അവന്റെ ഉല്പാദനോപാധികളുടെ ഉടമാവകാശം തട്ടിയെടുക്കുന്ന പ്രക്രിയയല്ലാതെ മറ്റൊന്നുമാവാൻ നിവൃത്തിയില്ല. ഒരു വശത്ത് ഉപജീവനത്തിനും ഉല്പാദനത്തിനുമുള്ള സാമൂഹികോപാധികളെ മൂലധനമായും മറുവശത്ത് നേരിട്ട് ഉൽപാദനം നടത്തുന്നവരെ കൂലിവേലക്കാരായും മാറ്റുന്ന പ്രക്രിയയാണത്. അതുകൊണ്ട് ആദിമമെന്നു പറയപ്പെടുന്ന സഞ്ചയം ഉൽപാദകനെ ഉൽപാദനോപാധികളിൽ നിന്ന് വേർപെടുത്തുന്ന ചരിത്രപ്രക്രിയയല്ലാതെ മറ്റൊന്നുമല്ല. അത് മൂലധനത്തിന്റേയും അതിനനുരോധമായ ഉല്പാദനരീതിയുടേയും പ്രാക് ചരിത്രഘട്ടത്തെ കുറിക്കുന്നതുകൊണ്ടാണ് അത് ആദിമമായി പ്രത്യക്ഷ പ്പെടുന്നത്. മുതലാളിത്തസമൂഹത്തിന്റെ സാമ്പത്തികഘടന ഫ്യൂഡൽ സമൂഹത്തിന്റെ സാമ്പത്തികഘടനയിൽനിന്നു വളർന്നുവന്നതാണ്. രണ്ടാമത്തേതിന്റെ നാശം ആദ്യത്തേതിന്റെ മൂലഘടകങ്ങളെ സ്വതന്ത്രമാക്കി.

നേരിട്ട് ഉല്പാദനം നടത്തുന്ന തൊഴിലാളി ഭൂമിയോട് കെട്ടിയിടപ്പെടുകയും മറ്റൊരാളുടെ അടിമയോ അടിയാനോ ഫ്യൂഡൽ ആശ്രിതനോ ആയിരിക്കുകയും ചെയ്യുന്ന അവസ്ഥ അവസാനിക്കുമ്പോൾ മാത്രമേ അവൻ സ്വതന്ത്രനാവുന്നുള്ളു. തന്റെ അദ്ധ്വാന ശക്തി അതിന് ആവശ്യക്കാരുള്ള എവിടെ വേണമെങ്കിലും കൊണ്ടു പോയി യഥേഷ്ടം വിൽക്കാൻ കഴിയുന്നവനാണെങ്കിൽ അവൻ ഗിൽഡുകളുടെ മേധാവിത്വത്തിൽനിന്നും അപ്രണ്ടീസുകൾക്കും ദിവസവേലക്കാർക്കും വേണ്ടി ഏർപ്പെടുത്തിയിട്ടുള്ള അവയുടെ ചട്ടങ്ങളിൽനിന്നും അവയുടെ തൊഴിൽനിയമങ്ങളുടെ പ്രതിബന്ധങ്ങളിൽനിന്നും വിമുക്തനാവുകകൂടി വേണം. അങ്ങനെ, ഉല്പാദകരെ കൂലിവേലക്കാരായി മാറ്റുന്ന ചരിത്രപ്രക്രിയ ഒരു വശത്ത് അടിയായ്മയിൽനിന്നും ഗിൽഡുകളുടെ ചങ്ങലക്കെട്ടുകളിൽനിന്നുമുള്ള അവരുടെ മോചനമായി പ്രത്യക്ഷപ്പെടുന്നു. ബൂർഷ്വാ ചരിത്രകാരന്മാർ ഈ വശം മാത്രമേ കാണുന്നുള്ളു. എന്നാൽ മറുവശത്ത് പുതുതായി സ്വാതന്ത്ര്യം കിട്ടിയ ഇവരുടെ എല്ലാ ഉല്പാദനോപാധികളും പഴയ ഫ്യൂഡൽ സംവിധാനം അവരുടെ നിലനില്പിന് നൽകിയിരുന്ന എല്ലാ ഉറപ്പുകളും അവരിൽനിന്ന് അപഹരിക്കപ്പെട്ടതിനുശേഷം മാത്രമാണ് അവർ തങ്ങളെത്തന്നെ വിൽക്കുന്നവരായിത്തീർന്നത്. അവർ അപഹരിക്കപ്പെട്ടതിന്റെ ഈ ചരിത്രം ചോരയുടെയും തീയുടേയും അക്ഷരങ്ങളിലാണ് മനുഷ്യരാശിയുടെ ചരിത്രത്തിൽ എഴുതപ്പെട്ടിട്ടുള്ളത്.

പുതിയ അധിപന്മാരായ വ്യവസായമുതലാളിമാർക്ക് കൈത്തൊഴിൽ ഗിൽഡുകളുടെ മേസ്തിരിമാരെ മാത്രമല്ല, സമ്പത്തിന്റെ ഉറവിടങ്ങൾ കൈവശപ്പെടുത്തിവച്ചിരിക്കുന്ന ഫ്യൂഡൽ പ്രഭുക്കന്മാരെക്കൂടി പുറന്തള്ളേണ്ടതുണ്ടായിരുന്നു. ഈ കാഴ്ചപ്പാടിലൂടെ നോക്കുമ്പോൾ, ഫ്യൂഡൽ അധീശത്വത്തിനും അതിന്റെ ജുഗുപ്സാവഹമായ വിശേഷാധികാരങ്ങൾക്കുമെതിരായിട്ടെന്നപോലെതന്നെ ഗിൽഡുകൾക്കെതിരായും ഉല്പാദനത്തിന്റെ നിർബാധമായ വികാസത്തിന്റേയും മനുഷ്യൻ മനുഷ്യനെ നിർബാധമായി ചൂഷണം ചെയ്യുന്നതിന്റേയും മേൽ അവ ഏർപ്പെടുത്തിയ ചങ്ങലക്കെട്ടുകൾക്കതിരായുമുള്ള വിജയശ്രീലാളിതമായ സമരത്തിന്റെ ഫലമെന്ന നിലയ്ക്കാണ് വ്യവസായമുതലാളിമാരുടെ സാമൂഹ്യാധികാ

രംഗഹരണം പ്രത്യക്ഷപ്പെടുന്നത്. എന്നാൽ തങ്ങൾക്ക് യാതൊരു പങ്കുമില്ലാത്ത സംഭവങ്ങളെ മുതലെടുത്തുകൊണ്ട് മാത്രമാണ് വ്യവസായത്തിന്റെ രണവീരന്മാർക്ക് വാളിന്റെ രണവീരന്മാരെ പുറന്തള്ളാൻ കഴിഞ്ഞത്. അവർ ഔന്നത്യത്തിലെത്തിയത്, സ്വാതന്ത്ര്യം കിട്ടിയ റോമിലെ അടിമ ഒരു കാലത്ത് തന്റെ രക്ഷാധികാരിയുടെ യജമാനനാവാൻ സ്വീകരിച്ച അതേ കുടിലമാർഗത്തിലൂടെയാണ്.

കൂലിവേലക്കാരനായ തൊഴിലാളിയുടെയെന്നപോലെതന്നെ മുതലാളിയുടേയും ആവിർഭാവത്തിനിടയാക്കിയ വികാസത്തിന്റെ ആരംഭബിന്ദു തൊഴിലാളിയുടെ അടിമത്തമായിരുന്നു. ആ അടിമത്തത്തിന്റെ രൂപം മാറിയെന്നതിലാണ്, ഫ്യൂഡൽ ചൂഷണം മുതലാളിത്ത ചൂഷണമായി രൂപാന്തരപ്പെട്ടുവെന്നതിലാണ് ആ മുന്നേറ്റം അടങ്ങിയിരുന്നത്. അതിന്റെ പുരോഗതി മനസ്സിലാക്കാൻ നാം വളരെയൊന്നും പുറകോട്ടു പോകേണ്ടതില്ല, മുതലാളിത്തോൽപാദനത്തിന്റെ ആദ്യത്തെ ചില മുളകൾ 14–ാം 15–ാം നൂറ്റാണ്ടുകളിൽ മദ്ധ്യധരണ്യാഴിയുടെ തീരത്തുള്ള ചില പട്ടണങ്ങളിൽ അങ്ങുമിങ്ങും കാണാമെങ്കിലും മുതലാളിത്തയുഗം ആരംഭിക്കുന്നത് 16–ാം നൂറ്റാണ്ടുതൊട്ടാണ്. അത് പ്രത്യക്ഷപ്പെട്ടിടത്തെല്ലാം അടിയായ്മ പണ്ടേ നിർത്തലാക്കുകയും മദ്ധ്യകാലത്തിന്റെ വികാസത്തിന്റെ പാരമ്യത്തെകുറിച്ച പരമാധികാര നഗരങ്ങൾ വളരെക്കാലമായി അധോഗതി പ്രാപിക്കുകയും ചെയ്തിരുന്നു.

ഉരുത്തിരിഞ്ഞുവരുന്ന മുതലാളിവർഗത്തിന് ഉത്തോലകങ്ങളായി വർത്തിക്കുന്ന എല്ലാ വിപ്ലവങ്ങളും ആദിമസഞ്ചയത്തിന്റെ ചരിത്രത്തിൽ യുഗനിർണായകങ്ങളാണ്. എന്നാൽ മനുഷ്യരുടെ വമ്പിച്ച സഞ്ചയങ്ങൾ പെട്ടെന്ന് തങ്ങളുടെ ഉപജീവനോപാധികളിൽ നിന്നു ബലാൽക്കാരമായി പറിച്ചുമാറ്റപ്പെടുകയും സ്വതന്ത്രരും "കെട്ടുപാടുകളില്ലാത്തവരു"മായ തൊഴിലാളികളെന്ന നിലയ്ക്ക് തൊഴിൽ കമ്പോളത്തിലേക്ക് എടുത്തെറിയപ്പെടുകയും ചെയ്യുന്ന നിമിഷങ്ങളാണ് സർവോപരി യുഗനിർണായകമായവ. കൃഷിയിലെ ഉല്പാദകനായ കർഷകന്റെ കയ്യിൽനിന്നു ഭൂമി അപഹരിക്കപ്പെടുന്നതാണ് ആ പ്രക്രിയയുടെ ഒട്ടാകെ അടിസ്ഥാനം. പല രാജ്യങ്ങളിൽ ആ അപഹരണത്തിന്റെ ചരിത്രം പല ഭാവങ്ങളാർജ്ജിക്കുകയും വ്യത്യസ്ത പൂർവ്വാപരക്രമത്തിലും വ്യത്യസ്ത കാലഘട്ടങ്ങളിലുമായി അതിന്റെ വിവിധദശകളിലൂടെ കടന്നുപോവുകയും ചെയ്യുന്നു. നാം ദൃഷ്ടാന്തമായെടുക്കുന്ന ഇംഗ്ലണ്ടിൽ മാത്രമാണ് അത് ക്ലാസിക്കൽ രൂപമാർജ്ജിച്ചിട്ടുള്ളത്.*

* മുതലാളിത്തോല്പാദനം ഏറ്റവുമാദ്യം വികസിച്ച ഇറ്റലിയിൽ അടിയായ്മയുടെ തകർച്ചയും മറ്റെവിടത്തെക്കാളും മുമ്പു നടന്നു. ആ രാജ്യത്ത് അടിയാന് ഭൂമിയിൽ സാനുഭവാവകാശം ലഭിക്കുന്നതിനുമുമ്പുതന്നെ അവൻ മോചിതനായി. മോചിതനായതോടെ അവൻ ഒരു സ്വതന്ത്രതൊഴിലാളിയായി മാറി. മാത്രവുമല്ല, അവനേയും കാത്ത് പട്ടണങ്ങളിൽ തയ്യാറായി നിൽക്കുന്ന യജമാനനെ അവൻ കണ്ടെത്തുകയും ചെയ്തു. ആ പട്ടണങ്ങളിൽ മിക്കതും റോമൻയുഗംതൊട്ടേ നിലനിന്നു പോന്നവയായിരുന്നു. പതിനഞ്ചാം നൂറ്റാണ്ടിന്റെ അവസാനത്തോടടുപ്പിച്ച് നടന്ന ലോകകമ്പോളത്തിലെ വിപ്ലവം ഉത്തരഇറ്റലിയുടെ വാണിജ്യാധിപത്യത്തെ തകർത്തപ്പോൾ നേർവിപരീതദിശയിലുള്ള നീക്കം ആരംഭിച്ചു. പട്ടണങ്ങളിൽനിന്ന് തൊഴിലാളികൾ കൂട്ടത്തോടെ നാട്ടിൻപുറങ്ങളിലേക്ക് ആട്ടിയോടിക്കപ്പെട്ടു. ഇത് തോട്ടവേലയുടെ രൂപത്തിലുള്ള ചെറുകിടകൃഷിക്ക് അത്ഭുതപൂർവമായ വിധത്തിൽ ഉത്തേജനം നൽകി.

അദ്ധ്യായം 2

# കർഷകജനതയെ ഭൂമിയിൽനിന്ന് ഒഴിപ്പിക്കൽ

ഇംഗ്ലണ്ടിൽ അടിയായ്മ 14–ാം നൂറ്റാണ്ടിന്റെ ഒടുവിൽ ഫലത്തിൽ അപ്രത്യക്ഷമായിക്കഴിഞ്ഞിരുന്നു. അന്ന്–അതിലേറെ 15–ാം നൂറ്റാണ്ടിൽ– ജനസംഖ്യയുടെ ബഹുഭൂരിപക്ഷവും* സ്വന്തമായി ഭൂമിയുള്ള സ്വതന്ത്രകർഷകരായിരുന്നു. അവരുടെ സ്വത്തവകാശത്തെ മൂടി വച്ച ഫ്യൂഡൽ സ്ഥാനമാനങ്ങൾ എന്തുതന്നെയായിരുന്നാലും അതായിരുന്നു സ്ഥിതി. പ്രഭുക്കന്മാരുടെ വക കൂടുതൽ വലിയ എസ്റ്റേറ്റുകളിൽ സ്വയമൊരു അടിയാനായിരുന്ന പണ്ടത്തെ കാര്യസ്ഥന്റെ സ്ഥാനത്ത് സ്വതന്ത്രകർഷകൻ വന്നു. കൃഷിയിലെ കൂലിവേലക്കാരിൽ ഒരു ഭാഗം, വലിയ എസ്റ്റേറ്റുകളിൽ പണിയെടുക്കാൻവേണ്ടി തങ്ങളുടെ ഒഴിവു സമയം ഉപയോഗിച്ച കൃഷിക്കാരായിരുന്നു. ഒരു ഭാഗം ആപേക്ഷികമായും കേവലമായും എണ്ണത്തിൽ കുറവുള്ള, കൂലിവേലക്കാരുടെ സ്വതന്ത്രമായ ഒരു പ്രത്യേക വർഗമായിരുന്നു. അവസാനം പറഞ്ഞവർ ഫലത്തിൽ അതേ സമയം കൃഷിക്കാരുമായിരുന്നു. കാരണം, കൂലിക്കു പുറമേ കുടിലുകളടക്കം നാലോ അതിലേറെയോ ഏക്കർ കൃഷിയോഗ്യഭൂമി അവർക്കു നല്കി യിരുന്നു. കൂടാതെ, മറ്റു കർഷകരോടൊപ്പം അവർ പൊതുഭൂമിയും ഉപ യോഗിച്ചു വന്നു. ആ ഭൂമിയിൽ അവർ തങ്ങളുടെ കാലികളെ മേച്ചു. അവർ അതിൽ നിന്ന് തടിയും വിറകും കാലിത്തീറ്റയും മറ്റു ശേഖരിച്ചു.* കഴിയുന്നത്ര

---

*"സ്വന്താം കൈകൾകൊണ്ട് സ്വന്താം പാടാം കൃഷിചെയ്യുകയും മിതമായ സുഖസൗകര്യങ്ങൾ അനുഭവിച്ചുപോരികയും ചെയ്ത ചെറുകിട ഭൂവുടമകൾ... ഇന്നത്തെക്കാളെത്രയോ കൂടുതൽ രാഷ്ട്രത്തിന്റെ ഒരു പ്രധാനഭാഗമായിരുന്നു അന്ന്. അക്കാലത്ത് ഏറ്റവും നല്ല സ്ഥിതിവിവരക്കണക്കുകാരെ വിശ്വസിക്കാമെങ്കിൽ, കുടുംബാഗംങ്ങളെക്കൂടി ചേർത്താൽ മൊത്താം ജനസാഖ്യയുടെ ഏഴിലൊരു ഭാഗത്തിനുമേലുണ്ടായിരുന്ന ചുരുങ്ങിയപക്ഷം 1,60,000 ഭൂവുടമകൾ അവരുടെ സ്വന്തമായിട്ടുണ്ടായിരുന്ന ചെറിയ ഭൂസ്വത്തുക്കളിൽനിന്നാണ് ഉപജീവനം കഴിച്ചത്. ഈ ചെറുകിട ഭൂവുടമകളുടെ ശരാശരിവരുമാനം പ്രതിവർഷം 60 പവനും 70 പവനുമിടയ്ക്കാണെന്നു കണക്കാക്കിയിരുന്നു. സ്വന്താം ഭൂമി കൃഷിചെയ്തിരുന്നവർ മറ്റുള്ളവരുടെ ഭൂമി കൃഷി ചെയ്തിരുന്നവരെക്കാൾ കൂടുതലുണ്ടെന്ന് കണക്കുകൾ വ്യക്തമാക്കി. " Macaulay: History of England 10th, ed I. pp. 333, 334 പതിനേഴാം നൂറ്റാണ്ടിന്റെ അവസാനം പോലും ഇംഗ്ലീഷുകാരുടെ അഞ്ചിൽ നാലു ഭാഗവും കൃഷിയിൽ വ്യാപൃതരായിരുന്നു(അതേ പുസ്തകം, പേജ് 413). ചരിത്രത്തെ ചിട്ടയായി വളച്ചൊടിക്കുന്നയാളെന്ന നിലയ്ക്ക് മെക്കാളെ ഇത്തരം വസ്തുതകൾ കഴിയുന്നത്ര കുറച്ചുമാത്രം പറയുന്നതുകൊണ്ടാണ് ഞാൻ അദ്ദേഹത്തെ ഉദ്ധരിച്ചത്.

*അടിയാൻപോലും തന്റെ വീടിനോട് ചേർന്നുകിടക്കുന്ന തുണ്ടുഭൂമിയുടെ ഉടമ(കപ്പം കൊടുക്കുന്ന ഉടമയാണെന്നുവരികിലും) മാത്രമായിരുന്നില്ലെന്നും പൊതു ഭൂമിയുടെ– സഹ–ഉടമകൂടിയായിരുന്നുവെന്നുള്ള കാര്യം മറക്കരുത്. "അവിടെ (സൈലേഷ്യയിൽ) കർഷകൻ അടിയാനാണ്."എങ്കിലും ആ അടിയാന്മാരുടെ കൈവശം പൊതുഭൂമിയുണ്ട്. "പൊതുഭൂമി പങ്കുവെക്കുന്നതിന് സൈലേഷ്യക്കാരെക്കൊണ്ട് സമ്മതിപ്പിക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. നെയ്മാർക്കിലാവട്ടെ, ഗ്രാമം പോലും ബാക്കിയില്ല,"(മിറോബോ, De La monarchie prussiene, Londers, 1788, വാല്യം II, പേജ് 125, 126)

കൂടുതൽ ആശ്രിതന്മാർക്കിടയിൽ ഭൂമി വീതിച്ചുകൊടുക്കുകയെന്നത് യൂറോപ്പിലെ എല്ലാ രാജ്യങ്ങളിലും ഫ്യൂഡൽ ഉല്പാദനത്തിന്റെ ഒരു സവിശേഷതയാണ്. രാജാവിന്റെ ശക്തിയെപ്പോലെ തന്നെ ഫ്യൂഡൽ പ്രഭുവിന്റെ ശക്തിയും ആശ്രയിച്ചിരുന്നത് പാട്ടത്തുകയുടെ വലിപ്പത്തെയല്ല, തന്റെ കീഴിലുള്ളവരുടെ എണ്ണത്തെയാണ്. അതാകട്ടെ, സ്വന്തമായി ഭൂമിയുള്ള കർഷകർ എത്രയുണ്ട് എന്നതിനെ ആശ്രയിച്ചിരിക്കുന്നു.* അതുകൊണ്ട് നോർമൻ ദിഗ്വിജയത്തിനുശേഷം ഇംഗ്ലണ്ടിലെ ഭൂമി ഇടപ്രഭുക്കളുടെ വമ്പിച്ച ഇടവകകളിലായി വിഭജിക്കപ്പെട്ടിരുന്നെങ്കിലും – അവയിലൊരെണ്ണത്തിൽ പലപ്പോഴും പണ്ടത്തെ തൊള്ളായിരത്തോളം ആംഗ്ലോസാക്സൺ പ്രഭുഭൂമികൾ ഉൾപ്പെട്ടിരുന്നു- അവയ്ക്കിടയിൽ ചെറുകിടകർഷകരുടെ ഭൂമി ചിതറിക്കിടന്നിരുന്നു. അങ്ങുമിങ്ങും മാത്രമാണ് വൻകിട പ്രഭുക്കളുടെ എസ്റ്റേറ്റുകൾ ഉണ്ടായിരുന്നത്. ഈ സാഹചര്യങ്ങളും പതിനഞ്ചാം നൂറ്റാണ്ടിന്റെ സഹജലക്ഷണമായിരുന്ന പട്ടണങ്ങളുടെ ഐശ്വര്യവും ഒത്തുചേർന്നതിനെയാണ് ജനങ്ങളുടെ സമ്പന്നവ്യവസ്ഥ എന്ന് ചാൻസലർ പൊർട്ടെസ്ക്യൂ തന്റെ Laudies Legum Angliae യിൽ വാചാലമായി വർണിക്കുന്നത്. പക്ഷേ അത് മുതലാളിത്തസമ്പത്തിന്റെ സാദ്ധ്യത ഒഴിവാക്കി.

മുതലാളിത്തോല്പാദനരീതിയുടെ അടിത്തറ പാകിയ വിപ്ലവത്തിന്റെ നാന്ദി കുറിച്ചത് 15–ാം നൂറ്റാണ്ടിന്റെ അവസാനത്തെ മൂന്ന് ദശാബ്ദങ്ങളിലും 16–ാം നൂറ്റാണ്ടിന്റെ ഒന്നാം ദശാബ്ദത്തിലുമാണ്. ഫ്യൂഡൽ പ്രഭുക്കന്മാരുടെ പരിചാരകസംഘങ്ങൾ ഛിന്നഭിന്നമായതിന്റെ ഫലമായി സ്വതന്ത്രരായ തൊഴിലാളികൾ കൂട്ടത്തോടെ തൊഴിൽകമ്പോളത്തിലേക്ക് എടുത്തെറിയപ്പെട്ടു. "യാതൊരു ഉപയോഗവുമില്ലാത്ത ഇവരെക്കൊണ്ട് വീടും കൊട്ടാരവും സർവത്ര നിറഞ്ഞിരുന്നു" വെന്ന് സർ ജെയിംസ്സ്റ്റ്യൂവെർട്ട് പറഞ്ഞത് എത്രയും ന്യായമാണ്. സ്വയം ബൂർഷ്വാ വികാസത്തിന്റെ ഉല്പന്നമായിരുന്ന രാജാധികാരശക്തി കേവലമായ ആധിപത്യത്തിനുവേണ്ടിയുള്ള മോഹംമൂലം ആ പരിചാരകസംഘങ്ങളുടെ ശിഥിലികരണത്തെ ബലാൽക്കാരമായി ത്വരിതപ്പെടുത്തിയെങ്കിലും അതിന്റെ കാരണം ഇതു മാത്രമായിരുന്നില്ല. രാജാവുമായും പാർലമെന്റുമായും ധിക്കാരപൂർവം ഏറ്റുമുട്ടിയ വൻകിടഫ്യൂഡൽ പ്രഭുക്കന്മാർ ഭൂമിയെ സംബന്ധിച്ചിടത്തോളം തങ്ങൾക്കുള്ള അതേ ഫ്യൂഡൽ അവകാശങ്ങളുണ്ടായിരുന്ന കർഷകരെ അതിൽനിന്ന് ബലമായി ആട്ടിയോടിച്ചും പൊതുഭൂമി അപഹരിച്ചും അതിലുമെത്രയോ വലിയൊരു തൊഴിലാളിവർഗത്തെ സൃഷ്ടിച്ചു. ഫ്ളാൻഡേഴ്സിലെ കമ്പിളിരോമവ്യവസായത്തിന്റെ ദ്രുതഗതിയിലുള്ള ഉയർച്ചയും തദനുസൃതമായി ഇംഗ്ലണ്ടിൽ കമ്പിളിരോമത്തിനുണ്ടായ വിലക്കയറ്റവും ആ ഒഴിപ്പിക്കലുകൾക്ക് നേരിട്ട് പ്രചോദനമേകി. വമ്പിച്ച

* ഭൂവുടമസ്ഥതയുടെ തനി ഫ്യൂഡൽ സംഘാടനവും വികസിതമായ ചെറുകിടകൃഷിയും നിലവിലുള്ള ജപ്പാൻ യൂറോപ്പിലെ മദ്ധ്യകാലത്തെപ്പറ്റി ഏത് ചരിത്രപുസ്തകങ്ങളെക്കാളും എത്രയോ കൂടുതൽ സത്യസന്ധമായ ചിത്രമാണ് നൽകുന്നത്, കാരണം, ആ പുസ്തകങ്ങളിൽ മിക്കതിലും നിഴലിക്കുന്നത് ബൂർഷ്വാ മുൻവിധികളാണ്. മദ്ധ്യകാലത്തിന്റെ ചെലവിൽ "ഉല്പതിഷ്ണു" ആവുകയെന്നത് വളരെയേറെ സൗകര്യപ്രദമായ ഒരു കാര്യമാണ്.

ഫ്യൂഡൽയുദ്ധങ്ങൾ പഴയ പ്രഭുവർഗത്തെ നശിപ്പിച്ചുകഴിഞ്ഞിരുന്നു. പുതിയ പ്രഭുവർഗമാകട്ടെ, പണത്തിന് സർവാധീശ്വത്വം കല്പിച്ച പുതിയ കാലഘട്ടത്തിന്റെ സന്തതിയായിരുന്നു. അതുകൊണ്ട് കൃഷിയോഗ്യമായ ഭൂമിയെ ആടുമേച്ചിൽസ്ഥലങ്ങളായി മാറ്റണമെന്നതായിരുന്നു അവരുടെ മുറവിളി. ചെറുകിടകർഷകരെ അവരുടെ ഭൂമിയിൽ നിന്ന് ഒഴിപ്പിക്കുന്നത് രാജ്യത്തെ നശിപ്പിക്കുന്നതെങ്ങനെയെന്ന് Holinshed's Chronices ന്റെ ആമുഖമായി ഹീരിസൺ എഴുതിയ ഇംഗ്ലണ്ടിനെ സംബന്ധിച്ച വിവരണത്തിൽ പ്രതിപാദിക്കുന്നുണ്ട്. "നമ്മുടെ വമ്പന്മാരായ കയ്യേറ്റക്കാർക്ക് വല്ല കൂസലുമുണ്ടോ?" കൃഷിക്കാരുടെ കിടപ്പാടങ്ങളും തൊഴിലാളികളുടെ കുടിലുകളും പൊളിച്ചുകളയുകയോ അവയെ തിരിഞ്ഞുനോക്കാതെ നാശത്തിലേക്ക് തള്ളിവിടുകയോ ചെയ്തു.

ഹാരിസൺ പറയുന്നു: "ഏതെങ്കിലും പ്രഭുമന്ദിരത്തിന്റെ പഴയ ആധാരങ്ങൾ പരിശോധിക്കുകയാണെങ്കിൽ പതിനേഴോ പതിനെട്ടോ ഇരുപതോ വീടുകൾ അപ്രത്യക്ഷമായതായി കാണാം. ഇന്നത്തെപ്പോലെ ആളുകൾ ഇത്ര കുറഞ്ഞ ഒരു കാലം ഇംഗ്ലണ്ടിൽ ഇതിനുമുമ്പുണ്ടായിട്ടില്ല... വൻനഗരങ്ങളും പട്ടണങ്ങളും നിശ്ശേഷം ക്ഷയിച്ചു പോയതിനെക്കുറിച്ചും അങ്ങുമിങ്ങും ചിലതിൽ കുറച്ചൊരു വളർച്ചയുണ്ടായിട്ടുണ്ടെങ്കിലും അവയുടെ പകുതിയും അല്ലെങ്കിൽ നാലിലൊരു ഭാഗവും നശിച്ചുപോയതിനെക്കുറിച്ചും ആടുമേച്ചിൽ സ്ഥലങ്ങളാക്കാൻ വേണ്ടി പട്ടണങ്ങളെ ഇടിച്ചുനിരപ്പാക്കിയതിനെക്കുറിച്ചും അവയിൽ ആകെ അവശേഷിച്ചിട്ടുള്ള പ്രഭുമന്ദിരങ്ങളെക്കുറിച്ചും എനിക്ക് ചിലതൊക്കെ പറയാൻ കഴിയും"

ഈ പഴയ ചരിത്രലേഖകന്മാരുടെ പരാതികളിൽ എപ്പോഴും കുറെ അതിശയോക്തി കലർന്നിരിക്കും. എങ്കിലും ഉല്പാദന സാഹചര്യങ്ങളിലുണ്ടായ വിപ്ലവം സമകാലീനരിലുണ്ടാക്കിയ പ്രത്യാഘാതത്തെ അവർ സത്യസന്ധമായി പ്രതിഫലിപ്പിക്കുന്നുണ്ട്. ചാൻസലർ ഫൊർട്ടസ്ക്യൂവിന്റേയും തോമസ് മൂറിന്റെയും കൃതികൾ താരതമ്യപ്പെടുത്തിനോക്കിയാൽ പതിനഞ്ചും പതിനാറും നൂറ്റാണ്ടുകൾ തമ്മിലുള്ള വിടവ് വെളിപ്പെടും. അന്തരാളഘട്ടങ്ങളിലൂടെയൊന്നും കടന്നുപോവാതെ ഇംഗ്ലണ്ടിലെ തൊഴിലാളിവർഗം അതിന്റെ സുവർണയുഗത്തിൽനിന്ന് ഇരുമ്പുയുഗത്തിലേക്ക് തലകുത്തിവീഴുകയാണുണ്ടായതെന്ന് തോൺടൺ പറഞ്ഞത് എത്രയും ശരിയാണ്.

ഈ വിപ്ലവം നിയമനിർമ്മാണത്തെ ഭയവിഹ്വലമാക്കി, "രാഷ്ട്രസമ്പത്ത്" (അതായത് മൂലധനരൂപീകരണവും നിർദയമായ ചൂഷണവും ജനങ്ങളുടെ കൂട്ടത്തോടെയുള്ള പാപ്പരീകരണവും) രാജ്യതന്ത്രജ്ഞന്റെ പരമസീമയായി കരുതപ്പെടുന്ന നാഗരികതയുടെ കൊടുമുടിയിൽ അത് ഇനിയും എത്തിയിരുന്നില്ല. ഹെൻറി ഏഴാമന്റെ ചരിത്രത്തിൽ ബേക്കൺ പറയുന്നു: "അക്കാലത്ത് (1498–ൽ) ഭൂമി വളച്ചുകെട്ടൽ കൂടുതൽ സുലഭമാവാൻ തുടങ്ങി. കൃഷിയോഗ്യമായ ഭൂമി (മനുഷ്യരും കുടുംബങ്ങളുമില്ലാതെ അതിനെ വളക്കൂറുള്ളതാക്കാൻ സാദ്ധ്യമായിരുന്നില്ല) ഏതാനും ഇടയന്മാർക്ക് നിഷ്പ്രയാസം മേൽനോട്ടം വഹിക്കാൻ കഴിയുന്ന മേച്ചിൽസ്ഥലങ്ങളായി മാറ്റപ്പെട്ടു. വർഷങ്ങളിലേക്കോ ആയുഷ്ക്കാലത്തേക്കോ പാട്ടത്തിനു കൊടുത്തിരുന്ന ഭൂമി

(ചെറുകിടകർഷകരിൽ ഗണ്യമായൊരു വിഭാഗം താമസിച്ചിരുന്നത് ആ ഭൂമിയിലാണ്) കൂറ്റൻ എസ്റ്റേറ്റുകളായി മാറ്റപ്പെട്ടു. ഇത് ജനങ്ങളുടെ അധോഗതിക്കും തൽഫലമായി പട്ടണങ്ങളുടേയും പള്ളികളുടേയും മറ്റും ക്ഷയത്തിന് ഇടയാക്കി– ഈ ദോഷങ്ങൾക്ക് പരിഹാരം കാണുന്നതിൽ രാജാവും അന്നത്തെ പാർലമെന്റും പ്രകടിപ്പിച്ച ബുദ്ധിസമാർത്ഥ്യം പ്രശംസനീയമായിരുന്നു. വളച്ചുകെട്ടിയ പൊതുഭൂമിയിൽനിന്നും മേച്ചിൽസ്ഥലങ്ങളിൽനിന്നും ആളൊഴിപ്പിക്കുന്നതിനെതിരായി അവർ നടപടിയുമെടുത്തു."

1489 ൽ ഹെൻറി ഏഴാമൻ പുറപ്പെടുവിച്ച നിയമത്തിന്റെ 19–ാം അദ്ധ്യായം ചുരുങ്ങിയത് ഇരുപതേക്കർ ഭൂമിയെങ്കിലുമുള്ള കർഷകഭവനങ്ങളെ നശിപ്പിക്കരുതെന്ന് വിലക്കി. ഹെൻറി എട്ടാമന്റെ ഭരണത്തിന്റെ 25–ാം വർഷത്തിലെ ആക്ട് നമ്പർ നിയമം വഴി മുൻ നിയമം പുതുക്കപ്പെട്ടു. അനേകം കൃഷിയിടങ്ങളും കന്നുക്കൂട്ടങ്ങളും വിശേഷിച്ച് ചെമ്മരിയാടുകളുടെയും വമ്പിച്ച പറ്റങ്ങളും കുറച്ച് പേരുടെ കൈകളിൽ കേന്ദ്രീകരിച്ചിരിക്കുകയാണെന്നും അതിന്റെ ഫലമായി ഭൂമിയുടെ പാട്ടം ഒട്ടേറെ വർദ്ധിക്കുകയും കൃഷിയിറക്കൽ കുറയുകയും പള്ളികളും വീടുകളും ഇടിച്ചുനിരപ്പാക്കപ്പെടുകയും നിരവധിയാളുകൾക്ക് തങ്ങളേയും തങ്ങളുടെ കുടുംബത്തേയും പുലർത്താനുള്ള ഉപജീവനോപാധികൾ നഷ്ടപ്പെടുകയും ചെയ്തിരിക്കുന്നുവെന്നും അതിൽ പറയുന്നു. അതുകൊണ്ട് നശിച്ചുപോയ കൃഷിക്കളങ്ങൾ പുനരുദ്ധരിക്കണമെന്ന് പ്രസ്തുതനിയമം ആവശ്യപ്പെടുന്നു. ഉഴവു ഭൂമിയും മേച്ചിൽസ്ഥലവും മറ്റും തമ്മിലുള്ള അനുപാതം അതിൽ നിജപ്പെടുത്തിയിട്ടുണ്ട്. ചില ഉടമകളുടെ കൈവശം 24,000 ആടുകളുണ്ടെന്ന് 1533–ലെ നിയമം ചൂണ്ടിക്കാട്ടി. കൈവശം വയ്ക്കാവുന്ന ആടുകളുടെ എണ്ണം രണ്ടായിരമായി അത് പരിമിതപ്പെടുത്തി.* ചെറുകിടകൃഷിയുടമകളേയും കർഷകരേയും ഭൂമിയിൽനിന്ന് ഒഴിപ്പിക്കുന്നതിനെതിരായി ഹെൻറി ഏഴാമന്റെ കാലശേഷം 150 വർഷക്കാലം ജനങ്ങൾ നടത്തിയ മുറവിളിയും നിയമനിർമ്മാണവും ഒരുപോലെ വ്യർത്ഥമായി, അവയുടെ വ്യർത്ഥതയുടെ രഹസ്യം ബേക്കൺ ബോധപൂർവമല്ലാതെ നമുക്ക് വെളിപ്പെടുത്തിത്തരുന്നുണ്ട്:

തന്റെ Essays, Civil and Moral എന്ന കൃതിയിൽലെ 29–ാ മത്തെ ഉപന്യാസത്തിൽ ബേക്കൺ പറയുന്നു: "കൃഷിയിടങ്ങളും കളപ്പുരകളും നിശ്ചിതവലുപ്പത്തിൽ നിലനിർത്തുന്ന കാര്യത്തിൽ ഹെൻറി ഏഴാമൻ രാജാവിന്റെ നടപടി ആഴത്തിലിറങ്ങിച്ചെല്ലുന്നതും പ്രശംസനീയവുമായിരുന്നു. ഒരാൾക്ക് അടിമയെപ്പോലെയല്ലാതെ സുഖമായി ജീവിക്കാനും കുലിവേലക്കാരനുപകരം ഉടമസ്ഥനുതന്നെ കലപ്പ പിടിക്കാനും

* "ഉട്ടോപ്യ" എന്ന കൃതിയിൽ തോമസ് മൂർ പറയുന്നു: ഇംഗ്ലണ്ടിൽ "സ്വതേ അങ്ങേയറ്റം സൗമ്യശീലരും അല്പാഹാരികളുമായ ആടുകൾ ഇപ്പോൾ വലിയ തീറ്റപ്പണ്ടങ്ങളായി മാറിയിരിക്കുന്നുവെന്നു കേൾക്കുന്നു. അവ മനുഷ്യരെത്തന്നെ വിഴുങ്ങുകയാണത്രെ."
(ഉട്ടോപ്യ", റോബിൻസന്റെ തർജ്ജമ. എഡിറ്റർ ആർബർ, ലണ്ടൻ, 1869, പേജ് 41)

വേണ്ടത്ര ഭൂമിയോടുകൂടിയതായിരുന്നു അവയെന്നർത്ഥം."*

നേരെ മറിച്ച് ജനസാമാന്യം അധ:പതിച്ച് അടിമകളെപ്പോലെ കഴിയുന്ന ഒരവസ്ഥയാണ്. അവരെ കൂലിപ്പട്ടാളമായും അദ്ധ്വാനോപാധികളെ മൂലധനമായും മാറ്റണമെന്നതാണ്, മുതലാളിത്ത വ്യവസ്ഥയ്ക്ക് വേണ്ടിയിരുന്നത്. ഈ പരിവർത്തനകാലഘട്ടത്തിൽ കർഷകത്തൊഴിലാളിയുടെ കുടിലിനോടുചേർന്നുള്ള നാലേക്കർ ഭൂമി നിലനിർത്താനും നിയമനിർമ്മാതാക്കൾ ശ്രമിച്ചു. അവന്റെ കുടിലിൽ മറ്റാളുകളെ പാർപ്പിക്കുന്നത് വിലക്കി. 1627-ൽ ചാൾസ് ഒന്നാമന്റെ ഭരണ കാലത്ത് സ്ഥിരാവകാശത്തോടെ നാലേക്കർ ഭൂമി കൂട്ടിച്ചേർക്കാതെ തന്റെ ഫ്രണ്ട്മിൽ എസ്റ്റേറ്റിൽ ഒരു കുടിൽ പണിതതിന് റോജർക്രോക്കറെ ശിക്ഷിക്കുകയുണ്ടായി. പഴയ നിയമങ്ങൾ-വിശേഷിച്ച് നാലേക്കർ ഭൂമിയെ സംബന്ധിച്ച നിയമം-അനുസരിക്കപ്പെടുന്നുണ്ടെന്നതിന് ഉറപ്പുവരുത്താൻവേണ്ടി 1638-ൽ ചാൾസ് ഒന്നാമന്റെ ഭരണകാലത്തുപോലും ഒരു രാജകീയകമ്മീഷൻ നിയമിക്കപ്പെട്ടു. ക്രോംവെല്ലിന്റെ കാലത്തുപോലും ലണ്ടന്റെ നാലു മൈലിനുള്ളിൽ നാലേക്കർ ഭൂമിയോടുകൂടിയല്ലാതെ വീട് പണിയുന്നത് വിലക്കിയിരുന്നു. പതിനെട്ടാം നൂറ്റാണ്ടിന്റെ പൂർവാർദ്ധത്തിൽപോലും ഒരു കർഷകത്തൊഴിലാളിയുടെ കുടിലിനോടു ചേർന്ന് ഒന്നോ രണ്ടോ ഏക്കർ ഭൂമിയില്ലെങ്കിൽ അത് പരാതിക്കിടയാക്കുമായിരുന്നു. ഇക്കാലത്താകട്ടെ അതിനോടു ചേർന്ന് ചെറിയൊരു തോട്ടമുണ്ടെങ്കിൽ കുടിലിന് വളരെയകലെയായി ചെറിയൊരു തുണ്ടുഭൂമി പാട്ടത്തിന് കിട്ടിയെങ്കിൽ, അവന്റെ ഭാഗ്യം.

ഡോക്ടർ ഹണ്ടർ പറയുന്നു: "ഇവിടെ ഭൂവുടമകളും കൃഷിക്കാരും ഒപ്പംനിന്ന് പണിയെടുക്കുന്നു. കുടിലിനോടു ചേർന്ന് കുറച്ച് ഏക്കർ ഭൂമിയുണ്ടെങ്കിൽ തൊഴിലാളികൾ ക്രമാധികം സ്വതന്ത്രരാവും..*

---

* സുഭിക്ഷമായി കഴിയുന്ന സ്വതന്ത്രകർഷകരും നല്ലൊരു കാലാൾപ്പടയും തമ്മിലുള്ള ബന്ധം ബേക്കൺ ചൂണ്ടിക്കാട്ടുന്നുണ്ട്. "കായശേഷിയുള്ളവർ നിർധനരാവാതിരിക്കാനാവശ്യമായത്ര വലിപ്പമുള്ള കൃഷിയിടങ്ങൾ വേണമെന്നത് രാജ്യത്തിന്റെ കരുത്തിനും ജീവിതരീതിക്കും അനുപേക്ഷണീയമായിരുന്നു. തൽഫലമായി രാജ്യത്തിലെ ഭൂമിയുടെ വലിയൊരു ഭാഗം യോമൻമാരുടെ—അതായത്, തറവാടികൾക്കും കൃഷിക്കാർക്കുമിടയിൽ നിൽക്കുന്ന ഇടത്തരം വിഭാഗത്തിന്റെ -കൈവശത്തിലായി. ഒരു സൈന്യത്തിന്റെ പ്രധാനശക്തി അടങ്ങിയിരിക്കുന്നത് കാലാൾപ്പടയിലാണെന്നാണ് യുദ്ധകാര്യങ്ങളെപ്പറ്റി ആധികാരികമായി പറയാൻ കഴിയുന്നവരുടെ പൊതുവിലുള്ള അഭിപ്രായം. നല്ലൊരു കാലാൾപ്പടയക്ക് വേണ്ടത് അടിമത്തത്തിലും ദാരിദ്ര്യത്തിലും വളർന്നവരല്ല, സ്വാതന്ത്ര്യത്തിലും സമൃദ്ധിയിലും വളർന്നവരാണ്. അതുകൊണ്ട് ഒരു രാഷ്ട്രത്തിൽ കുലീനർക്കും മാന്യന്മാർക്കുമാണ് പ്രാമുഖ്യമെങ്കിൽ, കൃഷിക്കാരും കലപ്പക്കാരും ആ കുലീനരുടെയും മാന്യന്മാരുടേയും വേലക്കാരും തൊഴിലാളികളുമോ അല്ലെങ്കിൽ വെറും കുടികിടപ്പുകാരോ (അതായത് കിടപ്പാടമുള്ള ഭിക്ഷക്കാരോ) മാത്രമാണെങ്കിൽ, നല്ലൊരു കുതിരപ്പട്ടാളമുണ്ടായെന്നുവരാം, പക്ഷേ സ്ഥിരമായ നല്ലൊരു കാലാൾപ്പട ഒരിക്കലുമുണ്ടാവില്ല... ഫ്രാൻസിലും ഇറ്റലിയിലും വെളിയിലുള്ള മറ്റു ചില രാജ്യങ്ങളിലും കാണാവുന്നതാണിത്. അവിടെ മുഴുവനാളുകളും ഒന്നുകിൽ കുലീനരോ അല്ലെങ്കിൽ ദരിദ്രകർഷകരോ ആണ്. അതുകൊണ്ട് അവയ്ക്ക് കാലാൾപ്പടയ്ക്കുവേണ്ടി സ്വിറ്റ്സർലണ്ടുകാരും മറ്റുമായ കൂലിപ്പട്ടാളത്തെ ഉപയോഗിക്കേണ്ടിവരുന്നു. മാത്രമല്ല, ആ രാജ്യങ്ങളിൽ വലിയ ജനസംഖ്യയും ചെറിയ പട്ടാളവുമുണ്ടാവാനുള്ള കാരണവും ഇതാണ്, "(The Regin of Henry VII.)

* Dr. Hunter , public health. 7th Report 1864, London, 1965, Page 134 "(പഴയ നിയമങ്ങളനുസരിച്ച്) തൊഴിലാളികൾക്ക് നൽകപ്പെട്ട ഭൂമിയുടെ വലിപ്പം വളരെ കൂടുതലാണെന്നും അത് അവരെ ചെറുകിടകൃഷിക്കാരായി മാറ്റാനിടയുണ്ടെന്നുമായിരിക്കും ഇന്നു കരുതപ്പെടുന്നത്."

ആളുകളെ ഭൂമിയിൽനിന്ന് ബലാൽക്കാരമായി ഒഴിപ്പിക്കുന്ന പ്രക്രിയയ്ക്ക് 16–ാം നൂറ്റാണ്ടിൽ റിഫൊർമേഷൻസ് പ്രസ്ഥാനത്തിൽ നിന്നും തൽഫലമായി പള്ളിവകസ്വത്തുക്കൾ ഭീമമായതോതിൽ തട്ടിയെടുക്കാൻ തുടങ്ങിയതിൽനിന്നും പുതുതും ഭയാനകവുമായ പ്രചോദനമാണ് ലഭിച്ചത്. റിഫൊർ മേഷൻകാലത്ത് കത്തോലിക്കസഭ ഇംഗ്ലണ്ടിലെ ഭൂമിയുടെ ഗണ്യമാ യൊരു ഭാഗത്തിന്റെ ഫ്യൂഡൽ ഉടമയായിരുന്നു. മഠങ്ങളും മറ്റും അടിച്ചമർ ത്തപ്പെട്ടപ്പോൾ അവയിലെ അന്തേവാസികൾ തൊഴിലാളിവർഗത്തിലേക്ക് എടുത്തെറിയപ്പെട്ടു. പള്ളിവക എസ്റ്റേറ്റുകളുടെ ഗണ്യമായൊരു ഭാഗം അത്യാർത്തിക്കാരായ കൊട്ടരസേവകർക്ക് ദാനം ചെയ്യുകയോ ഊഹക്കച്ചവടക്കാർക്കും കൃഷിയുടമകൾക്കും പൗരന്മാർക്കും തുച്ഛമായ വിലയ്ക്ക് വിൽക്കുകേയും ചെയ്തു. . അവരാകട്ടെ പരമ്പരാഗതമായി കുടിയാന്മാരായി കഴിഞ്ഞുവന്നവരെ കൂട്ടത്തോടെ ആട്ടിയോടിച്ച് ആ ഭൂമികളെല്ലാം ഒന്നിച്ചു ചേർത്തു. പള്ളിവരിയുടെ ഒരു ഭാഗമായിരുന്നതും നിയമപരമായ ഉറപ്പോടുകൂടി പാവപ്പെട്ടവർക്ക് നൽകിയിരുന്നതുമായ സ്വത്തവകാശം ആരുമാരുമറിയാതെ തട്ടിയെടുക്കപ്പെട്ടു..*"ഇവിടെയാകെ ദരിദ്രന്മാരാണ്" എന്ന് ഇംഗ്ലണ്ടിലൂടെ നടത്തിയ ഒരു പര്യടനത്തിനുശേഷം എലിസബത്ത് രാജ്ഞി ഉദ്ഘോ ഷിച്ചു. അവരുടെ ഭരണത്തിന്റെ 43–ാം വർഷത്തിൽ ഒരു ദരിദ്രസഹായനിധി ഏർപ്പെടുത്തിക്കൊണ്ട് പാപ്പരത്തം ഔദ്യോഗികമായി അംഗീകരിക്കാൻനിർബന്ധിതമായി.

"ഈ നിയമം തയ്യാറാക്കിയവർക്ക് അതിനുള്ള കാരണങ്ങൾ പറയാൻ ലജ്ജയായിരുന്നുവെന്നു തോന്നുന്നു. കാരണം, (പതിവിന് വിപരീതമായി) അതിന് ഒരു വിധത്തിലുള്ള പീഠികയുമില്ല."

ഈ നിയമം ശാശ്വതമായിരിക്കുവെന്നു ചാൾസ് ഒന്നാമന്റെ 16–ാം നിയമത്തിലെ നാലാം അദ്ധ്യായത്തിൽ പ്രഖ്യാപിക്കപ്പെട്ടു. അത് പുതുതും കൂടുതൽ കർക്കശവുമായ ഒരു രുപമാർജ്ജിച്ചത് 1834–ൽ മാത്രമാണ് .**റിഫൊർമേഷന്റെ ഈ അടിയന്തിരഫലങ്ങളായിരുന്നില്ല അതിന്റെ ഏറ്റവും സ്ഥായിയായവ. ഭൂസ്വത്തുടമസ്ഥതയുടെ പരമ്പരാഗത സാഹചര്യങ്ങളുടെ മതപരമായ നെടുങ്കോട്ടയായിരുന്നു പള്ളിയുടെ സ്വത്ത്. അതിന്റെ പതനത്തോടെ ആ സാഹചര്യങ്ങൾക്കും നിൽക്കക്കള്ളിയില്ലാതായി.*

---

*" പള്ളിവരിയുടെ ഒരു അംശത്തിന് പാവങ്ങൾക്ക് അവകാശമുണ്ടെന്ന് പഴയ നിയമാവലികളിൽ പറഞ്ഞിട്ടുണ്ട്., " (Tucket, A History of the past and Present State of Labouring Population, London, 1846, Vol. II pp. 804-805.)-

** പ്രൊട്ടസ്റ്റന്റ് മതത്തിന്റെ "അന്തഃസത്ത" മറ്റുപലതിന്റെയും കൂട്ടത്തിൽ താഴെപ്പറയുന്നകാര്യത്തിൽ കാണാവുന്നതാണ്. ദക്ഷിണ ഇംഗ്ലണ്ടിൽ ഏതാനും ഭൂവുടമകളും ധനികകർഷകരും കൂടിയാലോചിച്ച് എലിസബത്ത് രാജ്ഞിയുടെ സാധുരക്ഷാനിയമത്തിന്റെ ശരിയായ വ്യാഖ്യാനം സംബന്ധിച്ച് പത്തു ചോദ്യങ്ങൾ തയ്യാറാക്കി. അവർ ഈ ചോദ്യങ്ങൾ അക്കാലത്തെ ഒരു പ്രശസ്തനിയമജ്ഞനായ സാർജന്റ് സ്നിഗ്ഗെയുടെ (പിന്നീട് ജെയിംസ് ഒന്നാമന്റെ ഭരണകാലത്ത് അദ്ദേഹം ജഡ്ജിയായി)

മുമ്പിൽ സമർപ്പിക്കുകയും അദ്ദേഹത്തിന്റെ അഭിപ്രായം ആരായുകയും ചെയ്തു. "ചോദ്യം 9-ഈ നിയമം (എലിസബത്തിന്റെ 43-ാം നിയമം) നടപ്പാക്കുന്നതിലുള്ള വൈഷമ്യങ്ങളൊഴിവാക്കാൻ ഇടവകയിലെ കൂടുതൽ സമ്പന്നരായ കൃഷിയുടമകൾ സമർത്ഥമായ ഒരു വഴി കണ്ടിട്ടുണ്ട്. ഇടവകയിൽ ഒരു ജയിൽ പണിയണമെന്ന് അവർ നിർദ്ദേശിക്കുന്നു. ഈ ഇടവകയിലെ സാധുക്കളെ പുലർത്താൻ ആരെങ്കിലും ആഗ്രഹിക്കുന്നുണ്ടെങ്കിൽ നമ്മുടെ കയ്യിൽ നിന്ന് അവരെ ഏറ്റുവാങ്ങുന്നതിനുള്ള ചുരുങ്ങിയ വില കാണിച്ചു കൊണ്ടുള്ള നിർദ്ദേശം കവറിൽ നിശ്ചിതദിവസം സമർപ്പിക്കണമെന്ന് അയൽപക്കത്തുള്ളവരെ അറിയിക്കും. മേല്പറഞ്ഞ ജയിലിൽ പാർപ്പിക്കാത്ത ഏതൊരാൾക്കും സഹായം നിഷേധിക്കാൻ അവർക്ക് അധികാര മുണ്ടായിരിക്കും. പണിയെടുക്കാനിഷ്ടപ്പെടാത്തവരും പണിയെടുക്കാതെ ജീവിക്കാൻ വേണ്ടി ഭൂമിയോ കപ്പലോ വാങ്ങാൻ വകയില്ലാത്തവരും അതിന് കടം കിട്ടാത്തവരുമായ ആളുകൾ അയൽപക്കത്തെ കൗണ്ടികളിലുണ്ടായിരിക്കുമെന്ന് ഈ പദ്ധതിയുടെ സൂത്രധാരന്മാർ കരുതുന്നു. അക്കൂട്ടർ ഇടവകയ്ക്ക് വളരെയേറെ ഗുണകരമായ നിർദ്ദേശം വയ്ക്കാൻ സാദ്ധ്യതയുണ്ട്. മരിച്ചുപോയാൽ അതിന്റെ പാപം അയാൾക്കായിരിക്കും. കാരണം, ഇടവക അവരോടുള്ള കർത്തവ്യം നിറവേറ്റി കഴിഞ്ഞല്ലൊ. എന്നാൽ ഈ നിയമം( എലിസബത്തിന്റെ 43-ാം നിയമം) ബുദ്ധിപൂർവമായ അത്തരം നടപടിയെ നീതികരി ക്കുന്നില്ലെന്നു ഞങ്ങൾ ഭയപ്പെടുന്നു. എന്നാൽ സാധുക്കളെ ജയിലിലടച്ച് പണിയെടുപ്പിക്കാനും അതിനു സമ്മതിക്കാത്തവർക്ക് സഹായം നിഷേധിക്കാനും വ്യവസ്ഥചെയ്യുന്ന ഒരു നിയമം സഭയിൽ നിർദ്ദേശിക്കണമെന്ന് തങ്ങളുടെ സാമാജികരോട് ആവശ്യപ്പെടുന്ന കാര്യത്തിൽ ഞങ്ങളുടെ കൗണ്ടിയിലേയും അയൽപക്കത്തുള്ള ബി. കൗണ്ടിലേയും ബാക്കിയുള്ള എല്ലാ സ്വതന്ത്രഭൂവുടമകൾക്കും പൂർണ്ണയോജിപ്പാണെന്നും താങ്കൾ മനസ്സിലാക്കണം. ഇങ്ങനെ ചെയ്താൽ ദുരിതബാധിതർ ഇടവകളോട് സഹായം ചോദിക്കില്ലെന്നും അവയ്ക്കൊരു ഭാരമാവില്ലെന്നുമാണ് ഞങ്ങളുടെ പ്രതീക്ഷ."(R. Blakey: The History of political Literature from the Earlist Times. London, 1855, Vol.II., pp.84 -85) ഇംഗ്ലണ്ടിൽ അടിയായ്മ നിർത്തലാക്കി ഏതാനും നൂറ്റാണ്ടുകൾ കഴിഞ്ഞശേഷമാണ് സ്ക്കോട്ട്ലണ്ടിൽ അത് നിർത്തലാക്കിയത്. 1698 ൽ പോലും സൽട്ടുനിൽനിന്നുള്ള അംഗമായ ഫ്ളെച്ചർ സ്ക്കോട്ട്ലണ്ടിലെ പാർലമെന്റിൽ പ്രഖ്യാപിച്ചു: "സ്ക്കോട്ട്ലണ്ടിലെ യാചകരുടെ എണ്ണം രണ്ടു ലക്ഷത്തിൽ കുറയുകയില്ലെന്നാണ് കണക്കാക്കിയിരിക്കുന്നത്. തത്വത്തിൽ ഒരു റിപ്പബ്ലിക്കനായ എനിക്ക് ഇതിന് ഒരൊറ്റ പരിഹാരമേ നിർദ്ദേശിക്കാനുള്ളു.—പണ്ടത്തെ അടിയായ്മ പുന:സ്ഥാപിക്കുക, സ്വന്തമായി ഉപജീവനം നേടാൻ നിവൃത്തിയില്ലാത്ത എല്ലാവരേയും അടിമകളാക്കുക." The State of the Poor എന്ന കൃതിയിൽ (ലണ്ടൻ, 1797. പുസ്തകം I , അദ്ധ്യായം 1, പേജ് 60-61) ഈഡൻ പറയുന്നു: "അടിയായ്മയുടെ ഉച്ചാടനമാണ് അവശ്യമായും ദരിദ്രരുടെ ആവിർഭാവത്തിന്റെ യുഗത്തിന് ഇടവരുത്തിയതെന്നു തോന്നുന്നു. വ്യവസായവും വാണിജ്യവുമാണ് നമ്മുടെ രാഷ്ട്രത്തിലെ ദരിദ്രരുടെ മാതാപിതാക്കൾ." തത്വത്തിൽ റിപ്പബ്ലിക്കനായ സ്ക്കോട്ട്ലണ്ടുകാരനെപ്പോലെ തന്നെ ഈഡനും ഒരു തെറ്റു പറ്റി. അടിയായ്മയുടെ ഉച്ചാടനമല്ല. കർഷകത്തൊഴിലാളിക്ക് ഭൂമിയിലുള്ള അവകാശത്തിന്റെ ഉച്ചാടനമാണ് അവനെ പ്രൊലെറ്റേറിയനും അവസാനം പാപ്പരുമാക്കിയത്. ഭൂമിയിൽ നിന്നുള്ള ഒഴിപ്പിക്കൽ മറ്റൊരു വിധത്തിൽ നടപ്പിലാക്കിയ ഫ്രാൻസിൽ 1571-ലെ മൂലെൻ ഓർഡൊനൻസും 1656-ലെ എഡിക്റ്റും രാജശാസനവും ഇംഗ്ലണ്ടിലെ സാധുജനരക്ഷാനിയമത്തിന് അനുരോധമാണ്.

*പ്രൊട്ടസ്റ്റന്റ് യാഥാസ്ഥികത്വത്തിന്റെ വിളനിലമായ ഓക്സ്ഫോർഡ് സർവകലാശാലയിൽ മുമ്പ് അർത്ഥശാസ്ത്ര പ്രൊഫസറായിരുന്നു പ്രൊഫസർ റോജേഴ്സ്. എങ്കിലും റിഫോർമേഷൻ ജനങ്ങളെ കൂട്ടത്തോടെ പാപ്പരാക്കിയെന്ന വസ്തുത History of Agricultuure എന്ന പുസ്തകത്തിനുള്ള മുഖവുരയിൽ അദ്ദേഹം ഊന്നിപറയുന്നുണ്ട്.

പതിനേഴാം നൂറ്റാണ്ടിന്റെ അവസാനദശകത്തിൽപോലും ഇടത്തരക്കാരായ സ്വതന്ത്രകർഷകരുടെ വർഗമായ യോമൻമാർ കൃഷിയുടമവർഗത്തെക്കാളധികമുണ്ടായിരുന്നു. ക്രോംവെല്ലിന്റെ ശക്തിയുടെ നട്ടെല്ല് അവ രായിരുന്നു, മദ്യപാനികളായ പ്രഭുക്കന്മാരേയും അവരുടെ സേവകന്മാരായ ഗ്രാമീണപുരോഹിതന്മാരേയും (തങ്ങളുടെ യജമാനന്മാർ ഉപേക്ഷിച്ച വെപ്പാട്ടികളെ വിവാഹം ചെയ്യാൻ അവർ നിർബ്ബന്ധിതരായിരുന്നു.) അപേക്ഷിച്ച് ആ യോമന്മാർ എത്രയോ ഭേദമായിരുന്നുവെന്ന് മെക്കോളെ തന്നെ തുറന്ന് സമ്മതിക്കുന്നുണ്ട്. 1750 നോടടുപ്പിച്ച് യോമൻവർഗം അപ്രത്യക്ഷമായി.* അതുപോലെതന്നെ. പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാന ദശകത്തിൽ കർഷകത്തൊഴിലാളിയുടെ കൈവശമുള്ള പൊതുഭൂമിയുടെ അവസാനത്തെ അവശിഷ്ടവും അപ്രത്യക്ഷമായി. കാർഷിക വിപ്ലവത്തിന്റെ തനിസാമ്പത്തികകാരണങ്ങളിലേക്ക് ഇപ്പോൾ കടക്കുന്നില്ല. അതിനുപയോഗിച്ച ബലപ്രയോഗമാർഗങ്ങളെ മാത്രമേ പരിശോധിക്കുന്നുള്ളു.

യൂറോപ്യൻ വൻകരയിൽ നിയമമൊന്നും നോക്കാതെ സാർവത്രികമായി നടത്തപ്പെട്ട അതേ കയ്യേറ്റം ഇംഗ്ലണ്ടിൽ സ്റ്റ്യൂവെർട്ട് രാജവംശത്തിന്റെ അധികാരപുനഃസ്ഥാപനത്തിനു ശേഷം ഭൂവുടമകൾ നിയമപരമായ മാർഗത്തിലൂടെ നടത്തി. അവർ ഭൂമിയിന്മേലുള്ള ഫ്യൂഡൽ നടപ്പവകാശം നിർത്തലാക്കി. അതായത്, സ്റ്റേറ്റിനോടുള്ള എല്ലാ ബാദ്ധ്യതകളും അവസാനിപ്പിച്ചു. കർഷകരുടേയും മറ്റു ബഹുജനങ്ങളുടേയും മേൽ നികുതി ചുമത്തിക്കൊണ്ട് അവർ സ്റ്റേറ്റിന് "നഷ്ടപരിഹാരം" നൽകി. തങ്ങൾക്ക് നാമമാത്രമായ ഫ്യൂഡൽ അവകാശം മാത്രമുണ്ടായിരുന്ന എസ്റ്റേറ്റുകളുടെമേൽ അവർ ആധുനിക സ്വകാര്യസ്വത്തുടമാവകാശം കൈവശപ്പെടുത്തി. അവസാനമായി അവർ കുടിപാർപ്പു നിയമങ്ങൾ പാസ്സാക്കിച്ചെടുത്തു. താത്താറുകാരനായ ബൊറിസ് ഗൊദു നോവിന്റെ കല്പന റഷ്യൻ കർഷകരിലുളവാക്കിയ അതേ ഫലം തന്നെയാണ് പ്രസ്തുതനിയമങ്ങൾ ഇംഗ്ലണ്ടിലെ കർഷകത്തൊഴിലാളികളിൽ ഉളവാക്കിയത്.

"മഹത്തായവിപ്ലവം" ഓറഞ്ചിലെ വില്യ* മിനോടൊപ്പം (പുതിയ ബ്രിട്ടീഷ് രാജകുടുംബം) മിച്ച മൂല്യം തട്ടിയെടുക്കുന്ന ജന്മിമാരേയും മുതലാളിമാരേയുംകൂടി അധികാരത്തിലെത്തിച്ചു. അതുവരെ മിതമായ

* വൻകിടകൃഷിയിടങ്ങളുടെ സമ്പ്രദയത്തിനുവേണ്ടി മർക്കടമുഷ്ടിയോടെ വാദിക്കുന്ന Inquiry into the Connexion between the present price of provisions (London, 1773.p. 139) എന്ന കൃതിയുടെ കർത്താവുപോലും പറയുന്നു: "നമുക്ക് നമ്മുടെ യോമന്മാരെ നഷ്ടപ്പെട്ടതിൽ ഞാൻ അത്യന്തം ദു:ഖിക്കുന്നു. ഈ രാഷ്ട്ര ത്തിന്റെ സ്വാതന്ത്ര്യത്തെ യഥാർത്ഥത്തിൽ നിലനിർത്തിയത് അവരാണ്. അവരുടെ ഭൂമി കുത്തകപ്രഭുക്കന്മാരുടെ കയ്യിലായിരിക്കുന്നത് കാണുമ്പോൾ സങ്കടം തോന്നുന്നു. ആ പ്രഭു ക്കന്മാർ അത് ചെറിയ കൃഷിക്കാർക്ക് പാട്ടത്തിന് കൊടുക്കുന്നു.. ഏത് നേരംകെട്ട നേരത്തും വിളികേട്ട് ഓടിയെത്തുന്ന ഭൃത്യന്മാരുടേതിൽനിന്ന് ഒട്ടും മെച്ചമല്ലാത്ത വ്യവസ്ഥക ളിന്മേലാണ് അവരത് പാട്ടത്തിനെടുത്തിരിക്കുന്നത്."

**ഈ ബൂർഷ്വ വീരപുരുഷന്റെ വ്യക്തിപരമായ സന്മാർഗബോധത്തെപ്പറ്റി അറിയണമെങ്കിൽ കേട്ടോളു:. "1695-ൽ അയർലണ്ടിലെ വിശാലമായ ഭൂമി ഓർക്നി പ്രഭ്വിക്ക് ദാനം ചെയ്തത് രാജാവിന് അവരോടുള്ള സ്നേഹത്തിന്റേയും പ്രഭ്വിയുടെ സ്വാധീനത്തിന്റെയും പ്രത്യക്ഷമായ തെളി വാണ്..ഓർക്നി പ്രഭ്വിയുടെ പ്രിയംകരമായസേവനം അവിഹിതബന്ധങ്ങളാണെന്നു പറയുന്നു." ബ്രിട്ടിഷ് മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുള്ള സ്ലൂണിന്റെ കയ്യെഴുത്തുപ്രതികളുടെ ശേഖരം, നമ്പർ4224, കയ്യെഴുത്തുപ്രതിയുടെ ശീർഷകം:

തോതിൽ നടത്തിവന്ന സർക്കാർഭൂമിയുടെ മോഷണം ഭീമമായ തോതിൽ നടത്തിക്കൊണ്ട് അവർ പുതുയുഗം ഉദ്ഘാടനം ചെയ്തു. സർക്കാർഭൂമി ദാനം ചെയ്യുകയോ തുച്ഛ
മായ വിലയ്ക്ക് വിൽക്കുകയോ നേരിട്ട് കൈവശപ്പെടുത്തിക്കൊണ്ട് സ്വകാര്യ എസ്റ്റേറ്റുകളോട് കുട്ടിച്ചേർക്കുകയോ ചെയ്തു.* നിയമത്തിന്റെ മര്യാദയൊന്നും ലവലേശം നോക്കാതെയാണ് ഇതെല്ലാം ചെയ്തത്. ഇങ്ങനെ തട്ടിപ്പിലുടെ സ്വന്തമാക്കിയ രാജകീയഭൂമിയും റിപ്പബ്ലിക്കൻ വിപ്ലവത്തിനിടയക്ക് വീണ്ടും നഷ്ടപ്പെടാതിരുന്ന പള്ളിവക ഭൂമിയുടെ കൊള്ളയടിയുമാണ് ഇംഗ്ലണ്ടിലെ പ്രഭുവാഴ്ചയിലെ പ്രഭുക്കളുടെ ഇന്നത്തെ സ്വത്തിന്റെ അടിസ്ഥാനം.** മറ്റു പലതിന്റേയും കൂട്ടത്തിൽ ഭൂമിയെ സ്വതന്ത്രമായി ക്രയവിക്രയം ചെയ്യാവുന്ന വസ്തുവാക്കണമെന്നും ആധുനികകൃഷി വൻകിട കാർഷികോല്പാദനത്തിലേക്ക് വ്യാപിപ്പിക്കണമെന്നും സുലഭമായി എടുക്കാവുന്ന സ്വതന്ത്ര കർഷകത്തൊഴിലാളിയുടെ എണ്ണം കൂട്ടണമെന്നുമുള്ള ഉന്നം വച്ചുകൊണ്ട് ബുർഷ്വാ മുതലാളിമാർ ഈ നടപടിയെ അനുകൂലിച്ചു. പോരെങ്കിൽ, പുതിയ ഭൂപ്രഭുവർഗം പുതുതായി ഉയർന്നുവന്ന ഫിനാൻസ് പ്രഭുവർഗമായ പുതിയ ബാങ്ക് പ്രഭുവർഗത്തിന്റേയും അന്ന് സംരക്ഷണചുങ്കങ്ങളെ ആശ്രയിച്ചു കഴിഞ്ഞിരുന്ന വൻകിട വ്യവസായികളുടേയും സ്വാഭാവിക ബന്ധുവായിരുന്നു. ഇംഗ്ലണ്ടിലെ ബൂർഷ്വാസി സ്വന്തം താല്പര്യത്തെ മുൻനിർത്തി മാത്രമാണ് പ്രവർത്തിച്ചത്. ഇക്കാര്യത്തിൽ അവർ സ്വീഡനിലെ ബൂർഷ്വാസിയോളം തന്നെ ബുദ്ധിപൂർവം പെരുമാറി. സ്വീഡനിലെ ബൂർഷ്വാസി ചെയ്തത് നേരെ മറിച്ചാണ്. അവർ തങ്ങളുടെ സാമ്പത്തിക ബന്ധുക്കളായ കർഷകരുമായി കൈകോർത്തുപിടിച്ചുകൊണ്ട് വൻകിട പ്രഭുവർഗത്തിൽനിന്ന് രാജകീയ ഭൂമി ബലമായി വീണ്ടെടുക്കാൻ രാജാക്കന്മാരെ സഹായിച്ചു. 1604 തൊട്ടും പിന്നീട് ചാൾസ് പത്താമന്റേയും ചാൾസ് പതിനൊന്നാമന്റേയും ഭരണ കാലത്തും സംഭവിച്ചത് ഇതാണ്.

കമ്മ്യൂൺവക സ്വത്ത്– ഇത് മുകളിൽ പരാമർശിച്ച സർക്കാർവക സ്വത്തിൽനിന്ന് എപ്പോഴും വ്യത്യസ്തമായിരുന്നു.–ഫ്യൂഡലിസത്തിന്റെ തണലിൽ തുടർന്നുവന്ന ഒരു പഴയ ട്യൂട്ടോണിക് സ്ഥാപനമായിരുന്നു.

---

*" വിറ്റും ദാനം ചെയ്തും രാജകീയഭൂമി നിയമവിരുദ്ധമായി അന്യാധീനപ്പെടുത്തിയത് ഇംഗ്ലണ്ടിന്റെ ചരിത്രത്തിലെ അപകീർത്തികരമായ ഒരു അദ്ധ്യായമാണ്... രാഷ്ട്രത്തോടു ചെയ്ത കൊടിയ ചതിയാണ്, "(F.W. Newman, Lectures on political, Economy, London, 1851, pp. 129, 130.)

**ഉദാഹരണത്തിന് ബെഡ്ഫോർഡ് പ്രഭുകുടുംബത്തെക്കുറിച്ചുള്ള ഇ. ബർക്കിന്റെ ലഘുലേഖ വായിക്കുക. "ലിബറലിസത്തിന്റെ പ്രതിപുരുഷ"നായ ജോൺ റസ്സൽ പ്രഭു ആ കുടുംബത്തിലെ ഒരു അംഗമായിരുന്നല്ലൊ.

ഈ ഭൂമിയുടെ ബലാൽക്കാരമായ കയ്യേറ്റവും അതേത്തുടർന്ന് പൊതുവിൽ കൃഷിയോഗ്യമായ ഭൂമി മേച്ചിൽസ്ഥലങ്ങളാക്കി മാറ്റുന്ന നടപടിയും പതിനഞ്ചാം നൂറ്റാണ്ടൊടുവിൽ ആരംഭിച്ച് പതിനാറാം നൂറ്റാണ്ടിലേക്ക് വ്യാപിച്ചത് നാം കണ്ടു. എന്നാൽ അക്കാലത്ത് ഈ പ്രക്രിയ നടന്നത് വ്യക്തികളുടെ അക്രമപ്രവൃത്തികളിലൂടെയാണ്. അവയ്ക്കെതിരെ നൂറ്റമ്പത് വർഷക്കാലം നിയമനിർമ്മാണം വ്യർത്ഥമായി പടവെട്ടി. ഇപ്പോൾ നിയമങ്ങൾ തന്നെ ജനങ്ങളുടെ ഭൂമി അപഹരിക്കാനുള്ള ഉപകരണമായി ത്തീർന്നിരിക്കുന്നുവെന്നതാണ് പതിനെട്ടാം നൂറ്റാണ്ടിലുണ്ടായ പുരോഗതി. വൻകിട കൃഷിയുടമകൾ സ്വതന്ത്രമായി അവരുടെ സ്വന്തം പൊടിക്കൈകളും പ്രയോഗിക്കുന്നു.* കൊള്ളയടിയുടെ പാർലമെന്ററി രൂപമായിരുന്നു പൊതുഭൂമി വളച്ചുകെട്ടാനുള്ള നിയമങ്ങൾ– അതായത്, ജനങ്ങളുടെ ഭൂമി സ്വകാര്യസ്വത്തായി സൗജന്യമായെടുക്കാൻ ഭൂവുടമകൾക്ക് അധികാരം നൽകുന്ന നിയമങ്ങൾ, ജനങ്ങളുടെ സ്വത്തപഹരിക്കുന്ന നിയമങ്ങൾ. പൊതുസ്വത്തിനെ ഫ്യൂഡൽ പ്രഭുക്കളുടെ സ്ഥാനമെടുത്ത വൻകിടജന്മിമാരുടെ സ്വകാര്യ സ്വത്തായി ചിത്രീകരിക്കാൻ സർ എഫ്. എം ഈഡൻ ശ്രമിക്കുന്നുണ്ട്. എന്നാൽ "പൊതുഭൂമി വളച്ചുകെട്ടാൻ പാർലമെന്റിന്റെ പൊതുനിയമം" വേണമെന്ന് ആവശ്യപ്പെടുകയും (അതിനെ സ്വകാര്യസ്വത്താക്കി മാറ്റാൻ ഒരു പാർലമെന്ററി അധികാരക്കയ്യേറ്റം ആവശ്യമാണെന്ന് അതുവഴി സമ്മതിക്കുകയും) കൂടാതെ സ്വത്ത് പിടിച്ചെടുക്കപ്പെട്ട പാവങ്ങൾക്ക് നഷ്ടപരിഹാരം നൽകണമെന്ന് നിയമസഭയോട് അഭ്യർത്ഥിക്കുകയും ചെയ്യുമ്പോൾ അദ്ദേഹം തന്റെതന്നെ കൗശലപൂർവമായ നയവാദത്തെ ഖണ്ഡിക്കുകയാണ് ചെയ്യുന്നത്.*

സ്വതന്ത്രരായ ഇടത്തരം കൃഷിക്കാരുടെ സ്ഥാനത്ത് "ഹതഭാഗ്യരായ കുടികിടപ്പുകാർ" എന്ന കൂട്ടർ വന്നു. ഭൂമി വാർഷികാടിസ്ഥാനത്തിൽ പാട്ടത്തിനെടുത്ത ചെറുകിട കൃഷിയുടമകളായിരുന്ന അവർ ജന്മിമാരുടെ ഇഷ്ടാനിഷ്ടങ്ങളെ ആശ്രയിച്ചു കഴിയുന്ന ഒരു പറ്റം ഭൃത്യന്മാരായിരുന്നു. ഇതേ സമയത്ത്, സർക്കാർസ്വത്തിന്റെ മോഷണത്തോടൊപ്പം നടത്തപ്പെട്ട പൊതുഭൂമിയുടെ ചിട്ടയായ അപഹരണം പതിനെട്ടാം നൂറ്റാണ്ടിൽ "മുതലാളിത്തപരമായ കൃഷിയിടങ്ങൾ"** അഥവാ "വ്യാപാരകൃഷിയിടങ്ങൾ " *** എന്ന പേരിൽ അറിയ

---

* "അവരവരേയും കുട്ടികളേയും കൂടാതെ കുടിപാർപ്പുകാർ യാതൊരു ജന്തുക്കളേയും കുടിലുകളിൽ പാർപ്പിക്കരുതെന്ന് കൃഷിയുടമകൾ വിലക്കിയിരുന്നു. ജന്തുക്കളേയോ കോഴികളേയോ വളർത്തിയാൽ അവർ അവയെ പോറ്റാൻ വേണ്ടി കൃഷിയുടമകളുടെ കളങ്ങളിൽനിന്ന് മോഷ്ടിക്കുമെന്നതാണ് ഇതിനു പറഞ്ഞ ന്യായം. കുടിപാർപ്പുകാരെ അദ്ധ്വാനശീലരാക്കാനുള്ള മാർഗം അവരെ ദാരിദ്ര്യത്തിൽ നിർത്തുകയെന്നതാണെന്നും പറയാറുണ്ട്. പക്ഷേ കൃഷിയുടമകൾ കമ്മ്യൂൺ വക ഭൂമിയിലുള്ള എല്ലാ അവകാശവും കൈവശപ്പെടുത്തിയിരിക്കുന്നുവെന്നതാണ് വാസ്തവം." A political Inquiry into the Consequence of Enclosing Waste Lands London, 1785, p.75.)

** ഈഡൻ , മുകളിലുദ്ധരിച്ച പുസ്തകത്തിലെ മുഖവുര

*** "merchant Farms". An Inquiry into the Causes of the present High price of provisions. London, 1767, p. 11. കുറിപ്പ്.- ഗ്രന്ഥകാരന്റെ പേരു വയ്ക്കാതെ പ്രസിദ്ധീകരിച്ച ഈ ഒന്നാംതരം പുസ്തകമെഴുതിയത് റവറന്റ് നതാനിയിൽ ഫോർസ്റ്ററാണ്.

പ്പെട്ടിരുന്ന വൻകിട കൃഷിയിടങ്ങൾ രൂപീകരിക്കാനും കാർഷികജനതയെ നിർമ്മാ ണവ്യവസായത്തിനുവേണ്ട പ്രൊലിറ്റേറിയന്മാരായി "തുറന്നുവിടാനും" വിശേഷിച്ച് സഹായിച്ചു.

എന്നാൽ രാഷ്ട്രസമ്പത്തും ജനങ്ങളുടെ ദാരിദ്ര്യവും ഒന്നാണെന്ന് 19–ാം നൂറ്റാണ്ടിനോളം പൂർണമായി 18–ാം നൂറ്റാണ്ട് അംഗീകരിച്ചിരുന്നില്ല. അതുകൊണ്ടാണ് "പൊതുഭൂമി വളച്ചുകെട്ടുന്നതിനെ"പ്പറ്റി അക്കാലത്തെ ധനശാസ്ത്രസാഹിത്യത്തിൽ അങ്ങേയറ്റം ഊർജ്ജിതമായ വാദപ്രതിവാദം കാണാൻ കഴിയുന്നത്. എന്റെ മുമ്പിലുള്ള രേഖകളുടെ കൂമ്പാരത്തിൽനിന്ന് ഞാൻ കുറച്ചെണ്ണം ഉദ്ധരിക്കാം . അക്കാലത്തെ സ്ഥിതിഗതികളിലേക്ക് ശക്തമായ വെളിച്ചം വീശുന്നവയാണ് അവ.

"ഹെർട്ട് ഫോർഡ്ഷയറിലെ കുറേ ഇടവകകളിൽ 50– 150 ഏക്കർ ശരാശരിവലിപ്പമുള്ള 24 കൃഷിയിടങ്ങളെ ഒന്നിച്ചു ചേർത്ത് മൂന്നെണ്ണമാക്കിയിരിക്കുന്നു," ഒരാൾ രോഷപൂർവ്വം എഴുതുന്നു."നോർതാംപ്ടൺഷയറിലും ലീസസ്റ്റർഷയറിലും പൊതുഭൂമിയുടെ വളച്ചുകെട്ടൽ വൻതോതിലാണ് നടന്നിരിക്കുന്നത്. അതിന്റെ ഫലമായി രൂപമെടുത്തിരിക്കുന്ന പുതിയ പ്രഭുഭുമികളിൽ മിക്കതും മേച്ചിൽസ്ഥലങ്ങളാക്കി മാറ്റിയിരിക്കുന്നു. ഫലമോ? മുമ്പ് 1500 ഏക്കർ കൃഷിചെയ്തിരുന്ന പല ഇടങ്ങളിലും ഇപ്പോൾ 50 ഏക്കർ ഒരാണ്ടിൽ കൃഷിചെയ്യുന്നില്ല. മുമ്പ് ആൾപാർപ്പുണ്ടായിരുന്നുവെന്നതിന്റെ ലക്ഷണമായി ഇന്ന് ആകെയുള്ളത് പണ്ടത്തെ പാർപ്പിടങ്ങളുടേയും കളപ്പുരകളുടേയും തൊഴുത്തുകളുടേയും നാശാവശിഷ്ടങ്ങളാണ്." "ചില ഇടങ്ങളിൽ 100 വീടുകളും കുടുംബങ്ങളുമുണ്ടായിരുന്നത് ഇപ്പോൾ എട്ടോ പത്തോ ആയി ചുരുങ്ങിയിരിക്കുന്നു... പതിനഞ്ചോ ഇരുപതോ വർഷം മുമ്പ് മാത്രം വളച്ചുകെട്ടൽ നടന്ന ഭൂരിപക്ഷം ഇടവകകളിലും വളച്ചുകെട്ടലിനുമുമ്പുണ്ടായിരുന്നതിനെ അപേക്ഷിച്ച് ഭുവുടമകളുടെ എണ്ണം വളരെ കുറവാണ്. വളച്ചുകെട്ടി വലിയൊരു പ്രഭുഭുമിയാക്കി മാറ്റിയതും മുമ്പ് ഇരുപതോ മുപ്പതോ കൃഷിയുടമകളുടേയും കൈവശത്തിലിരുന്നതുമായ ഭൂമി സമ്പന്നരായ നാലോ അഞ്ചോ കാലിപ്പറ്റമുടമകൾ കയ്യേറി സ്വന്തമാക്കുന്നത് അപൂർവമല്ല. അവിടെ മുമ്പുണ്ടായിരുന്നവരും അവരുടെ കുടുംബങ്ങളും അവരെ ആശ്രയിച്ചുകഴിഞ്ഞിരുന്ന മറ്റനേകം കുടുംബങ്ങളും തങ്ങളുടെ ഉപജീവനോപാധികളിൽനിന്ന് പിഴുതെറിയപ്പെടുന്നു."

വളച്ചുകെട്ടലിന്റെ പേരിൽ അയൽപക്കത്തെ ജന്മിമാർ കൈവശപ്പെടുത്തിയത് പുറമ്പോക്കുഭൂമി മാത്രമല്ല. പൊതുവായി കൃഷിചെയ്തുപോന്നതോ സമുദായത്തിന് നിശ്ചിതപാട്ടം കൊടുത്തുകൊണ്ട് കൈവശം വച്ചിരുന്നതോ ആയ ഭൂമി കൂടി അവർ പിടിച്ചെടുത്തു.

"തുറന്ന വയലേലകളേയും കൃഷിയോഗ്യമാക്കിക്കഴിഞ്ഞ ഭൂമികളേയും വളച്ചുകെട്ടിയതിനെക്കുറിച്ചാണ് ഞാനിവിടെ പറയുന്നത്. ഈ കുറയ്ക്കപ്പെട്ട ഗ്രാമങ്ങൾ വൻകൃഷിയിടങ്ങളുടെ കുത്തക വർദ്ധിപ്പിക്കുകയും ഉപഭോഗവസ്തുക്കളുടെ വില കൂട്ടുകയും ജനസംഖ്യ കുറയ്ക്കുകയും ചെയ്യുന്നുണ്ടെന്ന് വളച്ചുകെട്ടലിനെ ന്യായീകരിക്കുന്ന എഴുത്തുകാർ പോലും സമ്മതിക്കുന്നുമുണ്ട്... (ഇപ്പോൾ

നടത്തിക്കൊണ്ടിരിക്കുന്ന) തരിശുഭൂമിയുടെ വളച്ചുകെട്ടൽപോലും പാവങ്ങളുടെ ഉപജീവനോപാധികളുടെ ഒരു ഭാഗം തട്ടിയെടുത്തുകൊണ്ട് അവരെ കഷ്ടത്തിലാക്കുകയും മുമ്പുതന്നെ ക്രമാധികം വിശാലമായിരുന്ന കൃഷിയിടങ്ങളുടെ വലിപ്പം വർദ്ധിപ്പിക്കുകയും മാത്രമാണ് ചെയ്യുന്നത്."* ഡോക്ടർ പ്രൈസ് പറയുന്നു: " ഈ ഭൂമി ഏതാനും വൻകിടകൃഷിയുടമകളുടെ കയ്യിലാവുമ്പോൾ ചെറുകിടകൃഷി ഉടമകൾക്ക് സംഭവിക്കുന്നതെന്താണെന്നോ? ("തങ്ങളുടെ കൈവശമുള്ള ഭൂമിയിൽനിന്നുള്ള ഉല്പന്നങ്ങൾകൊണ്ടും പൊതുഭൂമിയിൽ വളർത്തുന്ന ആട്, കോഴി, പന്നി, തുടങ്ങിയവയിൽനിന്നും തങ്ങളേയും തങ്ങളുടെ കുടുംബങ്ങളേയും പുലർത്തുന്നവരും അക്കാരണത്താൽ മിക്കവാറും ഉപജീവനോപാധികളൊന്നും വിലയ്ക്ക് വാങ്ങേണ്ടിവരാത്തവരുമായ അസംഖ്യം ചെറുകിട സ്വത്തുടമകളും പാട്ടകൃഷിക്കാരും" എന്നാണ് നേരത്തെ അദ്ദേഹം ഇവരെ വിശേഷിപ്പിച്ചിട്ടുള്ളത്.) മറ്റുള്ളവർക്കു വേണ്ടി പണിയെടുത്ത് ഉപജീവനം നേടുന്നവരും തങ്ങൾക്കാവശ്യമുള്ളതെല്ലാം കമ്പോളത്തിൽ നിന്ന് വിലയ്ക്ക് വാങ്ങേണ്ടിവരുന്നവരുമായ ഒരു കൂട്ടം ആളുകളുമായി അവർ മാറ്റപ്പെടും. ഒരുപക്ഷേ അദ്ധ്വാനത്തിന്റെ അളവ് കൂടുമായിരിക്കും. കാരണം, അദ്ധ്വാനിക്കാനുള്ള നിർബ്ബന്ധം കൂടും... പട്ടണങ്ങളും വ്യവസായങ്ങളും പെരുകും. കാരണം, തൊഴിലന്വേഷിച്ച് അവയിലേക്ക് തള്ളിവിടപ്പെടുന്നവരുടെ എണ്ണം കൂടും. കൃഷിയിടങ്ങളുടെ അപഹരണം സ്വാഭാവികമായും നടക്കുന്നത് ഇത്തരത്തിലാണ്. ഈ രാജ്യത്ത് എത്രയോ വർഷമായി അതു യഥാർത്ഥത്തിൽ നടന്നു വരുന്നതും ഇത്തരത്തിലാണ്,"**

ഈ വളച്ചുകെട്ടലുകളുടെ ഫലം അദ്ദേഹം ഇപ്രകാരം സംഗ്രഹിക്കുന്നു:

"മൊത്തത്തിലെടുത്താൽ കീഴേക്കിടയിലുള്ളവരുടെ സ്ഥിതി ഏതാണ്ടെല്ലാ കാര്യങ്ങളിലും കൂടുതൽ വഷളാവുകയാണ് ചെയ്തിട്ടുള്ളത്. ഭൂമിയുടെ ചെറുകിട കൈവശക്കാരെന്ന നിലയിൽ നിന്ന് അവർ ദിവസവേലക്കാരുടേയും കൂലിവേലക്കാരുടേയും സ്ഥിതിയിലേക്ക് അധഃപതിക്കുന്നു. അതേ സമയം ആ അവസ്ഥയിൽ അവരുടെ ഉപജീ

---

* Dr. R. Price, observations on Reversionary Payments, 6 Ed. By W Morgan, London, 1903 V. II, p. I 55. ഫോർസ്റ്റർ, അഡിംഗ്ടൺ, കെന്റ്, പ്രൈസ്, ജെയിംസ് അൻഡേഴ്സൺ എന്നിവരുടെ കൃതികൾ വായിക്കുകയും അവയെ സേവപിടിത്തക്കാരനായ മാക്ക് കള്ളോഹ് The Literature of political Economy (London, 1845) എന്ന തന്റെ കാറ്റലോഗിൽ നടത്തിയിട്ടുള്ള ദയനീയമായ ജല്പനങ്ങളുമായി തട്ടിച്ചുനോക്കുകയും വേണം.

** പ്രൈസ്, മുമ്പുദ്ധരിച്ച ഗ്രന്ഥം, പേജ് 147.

വനം കൂടുതൽ വിഷമകരമായിത്തീരുന്നു,"*

വാസ്തവത്തിൽ പൊതുഭൂമിയുടെ അപഹരണവും അതോടൊപ്പം കൃഷിയിലുണ്ടായ വിപ്ലവവും കർഷകത്തൊഴിലാളിയുടെ സ്ഥിതിയെ ഗുരുതരമായി ബാധിച്ചു. ഈഡന്റെ കണക്കനുസരിച്ചുതന്നെ 1765നും 1780 നുമിടയ്ക്ക് അവരുടെ കൂലി മിനിമം കൂലിയെക്കാൾപോലും താഴോട്ടു പോകാൻ തുടങ്ങി. അതു കാരണം അവർക്ക് കൂലിക്ക് പുറമേ സാധുരക്ഷാനിയമപ്രകാരമുള്ള ഔദ്യോഗിക ദുരിതാശ്വാസം നൽകേ ണ്ടതായിവന്നു. അവരുടെ കുലി "ജീവിക്കാൻ അവശ്യം വേണ്ട സാധന ങ്ങൾക്കേ തികഞ്ഞുള്ളൂ." എന്നാണ് അദ്ദേഹം പറയുന്നത്.

നമുക്കിനി വളച്ചുകെട്ടലുകളുടെ അനുകുലിയും ഡോക്ടർ പ്രൈസിന്റെ എതിരാളിയുമായ ഒരാളുടെ അഭിപ്രായം കേൾക്കാം

"തുറന്ന പാടങ്ങളിൽ ആളുകൾ തങ്ങളുടെ അദ്ധ്വാനം പാഴാക്കുന്നത് കാണാത്തതുകൊണ്ട് ജനസംഖ്യാക്ഷയം ഒരു അവശ്യഫലമാണെന്ന് അർത്ഥമില്ല... ചെറുകിടകർഷകരെ മറ്റുള്ളവർക്കു വേണ്ടി പണിയെടുക്കേണ്ടിവരുന്നവരാക്കി മാറ്റുന്നതിലുടെ കുടുതൽ അദ്ധ്വാനം കിട്ടുമെങ്കിൽ അത് രാഷ്ട്രത്തെ"(ഈ മാറ്റപ്പെട്ടവർ അതിൽ പെടില്ലെന്നു പറയണ്ടേതില്ലല്ലൊ) "സംബന്ധിച്ചിടത്തോളം അഭിലഷണീയമായ ഒരു നേട്ടമാണ്... അവരുടെ കുട്ടായ അദ്ധ്വാനം ഒരൊറ്റ കൃഷി യിടത്തിൽ ഉപയോഗിക്കുമ്പോൾ കൂടുതൽ ഉല്പന്നം ലഭിക്കുമെന്നുള്ളതുകൊണ്ട് വ്യവസായത്തിനുവേണ്ടി മിച്ചം കിട്ടും. അങ്ങനെ ധാന്യോല്പാദനത്തിന്റെ അളവിന്റെ അനുപാതത്തിൽതന്നെ രാഷ്ട്രത്തിന്റെ നിധികളിലൊന്നായ വ്യവസായവും വർദ്ധിക്കുന്നതാണ്,"**.

---

* പ്രൈസ്,മുമ്പുദ്ധരിച്ച ഗ്രന്ഥം, പേജ് 159, പുരാതന റോമിനെയാണ് നമുക്ക് ഓർമ്മവരുന്നത്. "അവിഭക്തഭൂമിയുടെ സിംഹഭാഗവും പണക്കാർ കൈവശപ്പെടുത്തി, അന്നത്തെ സാഹചര്യങ്ങളിൽ ആ ഭൂമി തങ്ങളുടെ കൈവശത്തിൽനിന്ന് വീണ്ടും എടുക്കില്ലെന്ന് അവർ വിശ്വസിച്ചു.അതുകൊണ്ട് അവർ തങ്ങളുടെ ഭൂമിയോട് തൊട്ടുകിടന്നിരുന്നതും പാവങ്ങളുടെ വകയായിരുന്നതുമായ ചില തുണ്ടുഭൂമികൾ അവയുടെ ഉടമസ്ഥന്മാരുടെ സമ്മതത്തോടെ വിലയ്ക്കു വാങ്ങുകയും വേറെ ചിലത് ബലമായെടുക്കുകയും ചെയ്തു.അങ്ങനെ ഒറ്റപ്പെട്ട പാടങ്ങൾക്കു പകരം വിശാലമായ നിലങ്ങളാണ് ഇപ്പോൾ അവർ കൃഷിചെയ്തത്. അടുത്തതായി അവർ കൃഷിക്കും കാലിവളർത്തലിനും അടിമകളെ ഉപയോഗിച്ചു. കാരണം, സ്വതന്ത്രപൗരന്മാരെ വച്ചാൽ പട്ടാള സേവനത്തിനെടുക്കും. അടിമകൾ കൈവശമുള്ളതുകൊണ്ട് അവർക്ക് വമ്പിച്ച ഗുണമുണ്ടായി. കാരണം, സൈനികസേവനത്തിന് പോകണ്ടാത്തതുകൊണ്ട് അടിമകൾക്ക് നിർബാധം പെരുകാനും ധാരാളം സന്തതികളെ ഉൽപാദിപ്പിക്കാനും കഴിഞ്ഞു. അങ്ങനെ പ്രബലന്മാർ എല്ലാ സമ്പത്തും സ്വന്തം കൈകളിൽ സ്വരൂപിച്ചു. നാടാകെ അടിമകളെക്കൊണ്ടു നിറഞ്ഞു.നേരെ മറിച്ച് ഇറ്റലിക്കാരുടെ എണ്ണം സദാ കുറഞ്ഞു വന്നു.കാരണം, ദാരിദ്ര്യവും നികുതികളും സൈനികസേവനവും അവരെ തകർത്തു. സമാധാനകാലം കരഗതമായപ്പോൾപ്പോലും നിശ്ശേഷമായ നിഷ്ക്രിയത്വമായിരുന്നു അവരുടെ വിധി. എന്തുകൊണ്ടെന്നാൽ ഭൂമി കൈവശപ്പെടുത്തിവച്ചിരുന്ന പണക്കാർ അത് കൃഷിചെയ്യാൻ സ്വതന്ത്രപൗരന്മാരെയല്ല, അടിമകളെയാണ് ഉപയോഗിച്ചത്,"(Appian, Civil Wars, I, 7) ലിസിനിയൻ നിയമത്തിനു മുമ്പുള്ള കാലത്തെയാണ് ഈ ഖണ്ഡിക പരാമർശിക്കുന്നത്. റോമിലെ പ്ലെബിയന്മാരുടെ നാശത്തെ ഇത്ര വൻതോതിൽ ത്വരിതപ്പെടുത്തിയ സൈനികസേവനം സ്വതന്ത്ര ജർമ്മൻ കർഷകരെ അടിയാന്മാരും ആശ്രിതരുമാക്കി മാറ്റാൻ മഹാനായ ചാൾസ് ഉപയോഗിച്ച മുഖ്യമാർഗവുമായിരുന്നു.

** (j. Arbuthnot) An Inquiry into the Connexion between the Present Price of provisions, etc,pp.124, 129 ഇതിനു വിപരീതമായ ചിന്താഗതിയുള്ള ഒരാൾ ഇതേ മട്ടിൽ ന്യായവാദം ചെയ്യുന്നുണ്ട്: തൊഴിലാളികൾ തങ്ങളുടെ കുടിലുകളിൽനിന്ന് ആട്ടിയോടിക്കപ്പെടുന്നു. തൊഴിലന്വേഷിച്ച് പട്ടണങ്ങളിലേക്ക് പോകാൻ അവർ നിർബ്ബന്ധിതരാകുന്നു. പക്ഷേ അപ്പോൾകൂടുതൽ മിച്ചോല്പന്നം ലഭിക്കുകയും അതുവഴി മൂലധനം പെരുകുകയും ചെയ്യുന്നു."(R.B. Seely) The Perils of the Nation, 2nd ed. London, 1843, p.14)

" പാവനമായ സ്വത്തവകാശ"ത്തിന്റെ ഏറ്റവും നിർലജ്ജമായ ലംഘനവും വ്യക്തികളുടെ നേർക്കുള്ള ഏറ്റവും നഗ്നമായ കയ്യേറ്റവും മുതലാളിത്തോല്പാദനരീതിക്ക് അടിത്തറ പാകാനാവശ്യമാണെന്ന് വരുന്ന മാത്രയിൽ അർത്ഥശാസ്ത്രജ്ഞർ എത്ര നിസ്സംഗമായ ശാന്തതയോടെയാണ് അവയെ വീക്ഷിക്കുന്നതെന്ന് ദീനദയാലുവും പോരെങ്കിലൊരു യാഥാസ്ഥിതിക കക്ഷിക്കാരനുമായ സർ എഫ്. എം. ഈഡൻ നമുക്ക് കാണിച്ചുതരുന്നുണ്ട്. പതിനഞ്ചാം നൂറ്റാണ്ടിന്റെ അവസാനത്തെ മൂന്ന് ദശാബ്ദങ്ങൾതൊട്ട് 18-ാം നൂറ്റാണ്ടിന്റെ അന്ത്യം വരെയുള്ള കാലത്ത് ജനങ്ങളെ ഭൂമിയിൽനിന്ന് ബലാൽക്കാരമായി ഒഴിപ്പിച്ചതിനോടനുബന്ധിച്ച് തുടരെതുടരെ നടന്ന മോഷണങ്ങളും അക്രമങ്ങളും ജനങ്ങൾക്കു സഹിക്കേണ്ടിവന്ന ദുരിതവും അദ്ദേഹത്തെ ആശ്വാസപ്രദമായ ഈയൊരു നിഗമനത്തിലെത്തിക്കുക മാത്രമാണ് ചെയ്യുന്നത്:

"കൃഷിയോഗ്യമായ ഭൂമിയും മേച്ചിൽസ്ഥലങ്ങളും തമ്മിൽ ഉചിതമായ ഒരു അനുപാതം സ്ഥാപിക്കേണ്ടത് ആവശ്യമായിരുന്നു. പതിനാലാം നൂറ്റാണ്ടു മുഴുവനും 15-ാം നൂറ്റാണ്ടിന്റെ ഏറിയ ഭാഗവും രണ്ടും മൂന്നും ചിലപ്പോൾ നാലും ഏക്കർ കൃഷിയോഗ്യമായ ഭൂമിക്ക് ഒരേക്കർ മേച്ചിൽസ്ഥലമാണുണ്ടായിരുന്നത്. പതിനാറാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടടുപ്പിച്ച് ഈ അനുപാതം രണ്ടേക്കർ കൃഷിഭൂമിക്ക് രണ്ടേക്കർ മേച്ചിൽസ്ഥലമെന്നും പിന്നീട് രണ്ടേക്കർ മേച്ചിൽസ്ഥലത്തിന് ഒരേക്കർ കൃഷിഭൂമിയെന്നുമായി.

അവസാനം മൂന്നേക്കർ മേച്ചിൽസ്ഥലത്തിന് ഒരേക്കർ കൃഷിഭൂമിയെന്ന ന്യായമായ അനുപാതം ലഭ്യമായി."

കർഷകത്തൊഴിലാളിയും കമ്മ്യൂൺവക സ്വത്തും തമ്മിലുണ്ടായിരുന്ന ബന്ധത്തിന്റെ ഓർമ്മപോലും പത്തൊമ്പതാം നൂറ്റാണ്ടായപ്പോഴേക്ക് അപ്രത്യക്ഷമായി. കൂടുതലടുത്ത കാലത്തിന്റെ കാര്യമോ പോകട്ടെ, 1801 നും 1831 നുമിടയ്ക്ക് കാർഷികജനതയിൽനിന്ന് മോഷ്ടിച്ചതും പാർലമെന്ററി സൂത്രങ്ങളിലൂടെ ജന്മിമാർ ജന്മിമാർക്ക് സമ്മാനിച്ചതുമായ 35, 11, 770 ഏക്കർ പൊതുഭൂമിക്ക് ഒരു ചില്ലിക്കാശെങ്കിലും നഷ്ടപരിഹാരമായി കർഷകർക്ക് നൽകുകയുണ്ടായോ?

കാർഷികജനതയെ ഭൂമിയിൽനിന്ന് കൂട്ടത്തോടെ ഒഴിപ്പിക്കുന്നതിന്റെ അവസാനത്തെ പ്രക്രിയയാണ് എസ്റ്റേറ്റുകൾ തെളിച്ചെടുക്കലെന്നു പറയുന്ന നടപടി, അതായത് അവയിലുള്ള മനുഷ്യരെയെല്ലാം ആട്ടിയോടിക്കൽ. ഇതുവരെ പരിശോധിച്ച എല്ലാ ഇംഗ്ലീഷ് രീതികളുടെയും മൂർദ്ധന്യമായിരുന്നു ഈ "തെളിച്ചെടുക്കൽ" ആധുനികസാഹചര്യങ്ങളുടെ ഒരു ചിത്രം മുകളിലൊരു അദ്ധ്യായത്തിൽ വരച്ചുകാട്ടുകയുണ്ടായല്ലോ. അതിൽ നാം കണ്ടതുപോലെ, അടിച്ചോടിക്കാൻ സ്വതന്ത്രകർഷകരാരും ബാക്കിയില്ലെന്നാവുമ്പോൾ കുടിലുകൾ "തെളിക്കാൻ" തുടങ്ങുന്നു. അങ്ങനെ, തങ്ങൾ കൃഷിചെയ്ത ഭൂമിയിൽ കർഷകത്തൊഴിലാളികൾക്ക് കിടപ്പാടത്തിനുപോലും ഒരിടം കിട്ടാതാവുന്നു. എന്നാൽ "എസ്റ്റേറ്റുകൾ തെളിച്ചെടുക്കുക"യെന്നുവച്ചാലെന്താണെന്ന് നാം ശരിക്കും മനസ്സിലാക്കുന്നത് ആധുനിക നോവലുകളുടെ വാഗ്ദത്തഭൂമിയായ സ്കോട്ട്ലന്റിലെ മലമ്പ്രദേശങ്ങളിൽ മാത്രമാണ്. അവിടെ ഈ പ്രക്രിയയ്ക്ക് ചില സവിശേഷതകളുണ്ട്. ചിട്ടയായും ഒറ്റയടിക്കും

വൻതോതിലുമാണ് അവിടെ ഇതു നടത്തുന്നത് (അയർലന്റിൽ ഭൂപ്രഭുക്കൾ ഒറ്റയടിക്ക് കുറെ ഗ്രമങ്ങളപ്പാടെ ഒഴിപ്പിച്ചെടുത്തു. സ്കോട്ട് ലാന്റാവട്ടെ, ജർമ്മനിയിലെ നാട്ടുരാജ്യങ്ങളോളം വലിപ്പമുള്ള പ്രദേശങ്ങളാണ് തെളിച്ചെടുക്കുന്നത്) തട്ടിയെടുക്കപ്പെട്ട ഭൂമി കൈവശപ്പെടുത്തിവച്ചിരിക്കുന്ന പ്രത്യേക സ്വത്തുടമസ്ഥതാരൂപവും അവിടത്തെ പ്രക്രിയയുടെ ഒരു സവിശേഷതയാണ്.

സ്കോട്ട്ലന്റിലെ മലമ്പ്രദേശത്തെ കെൽറ്റുവർഗക്കാർ കുലങ്ങളായിട്ടാണ് സംഘടിച്ചിരുന്നത്. ഓരോ കുലവും പാർപ്പുറപ്പിച്ച ഭൂമി അതിന്റെ വകയായിരുന്നു. രാജ്യത്തിലെ മുഴുവൻ ഭൂമിയുടേയും നാമമാത്ര ഉടമസ്ഥയാണെല്ലൊ ഇംഗ്ലണ്ടിലെ രാജ്ഞി. അതുപോലെ തന്നെ കുലത്തിന്റെ പ്രതിനിധി മാത്രമായിരുന്നു അതായത്, അതിന്റെ തലവൻ അഥവാ "മൂപ്പൻ." കുലസ്വത്തിന്റെ പ്രതിനിധി മാത്രമായിരുന്നു അതായത്, നാമമാത്ര ഉടമ മാത്രമായിരുന്നു. ഈ "മൂപ്പൻമാർ" തമ്മിലുള്ള ഉൾപ്പോരുകളേയും സമതലപ്രദേശങ്ങളിലേക്കുള്ള അവരുടെ നിരന്തരമായ നുഴഞ്ഞുകയറ്റത്തേയും അടിച്ചമർത്താൻ ഇംഗ്ലീഷ് ഗവൺമെന്റിന് കഴിഞ്ഞു. പക്ഷേ ആ കുലത്തലവന്മാർ കൊള്ളക്കാരെന്ന തങ്ങളുടെ പരമ്പരാഗത തൊഴിൽ ഉപേക്ഷിച്ചില്ല. അവർ അതിന്റെ രൂപം മാറ്റിയതേയുള്ളു. സ്വന്തം അധികാരമുപയോഗിച്ച് അവർ തങ്ങളുടെ നാമമാത്ര അവകാശത്തെ സ്വകാര്യസ്വത്തവകാശമായി മാറ്റി. ഇത് അവരും കുലത്തിലെ അംഗങ്ങളും തമ്മിലുള്ള സംഘട്ടനത്തിനിടയാക്കി. കുലത്തിലെ അംഗങ്ങളെ ബലം പ്രയോഗിച്ച് ആട്ടിയോടിക്കാൻ തലവന്മാർ തീരുമാനിച്ചു. 'ഇക്കണക്കിന് തന്റെ പ്രജകളെ കടലിലേക്ക് തള്ളിവിടാൻ തനിക്കധികാരമുണ്ടെന്ന് ഇംഗ്ലണ്ടിലെ രാജാവിനും അവകാശപ്പെടാം,

"*പ്രൊഫസർ ന്യൂമാൻ പറയുന്നു. കീരിടാവകാശവാദിയുടെ അനുയായികളുടെ അവസാനത്തെ കലാപത്തിനുശേഷം സ്കോട്ലന്റിലാരംഭിച്ച ഈ വിപ്ലവത്തിന്റെ ആദ്യഘട്ടങ്ങളെക്കുറിച്ച് സർ ജെയിംസ് സ്റ്റ്യുവർട്ടി**ന്റേയും ജെയിംസ് ആൻഡേഴ്സന്റേയും കൃതികളിൽനിന്നു നമുക്കു മനസ്സിലാക്കാൻ കഴിയും: ഭൂമിയിൽ നിന്ന് ആട്ടിയോടിക്കപ്പെട്ട ഗേലുകൾ (പ്രാചീന കെൽറ്റുകളുടെ പിൻമുറക്കാർ) ക്ക് 18-ാം നൂറ്റാണ്ടിൽ രാജ്യം വിട്ടുപോകാൻ അനുവാദമില്ലായിരുന്നു, ഗ്ലാസ്ഗോയിലേക്കും മറ്റു വ്യാവസായിക നഗരങ്ങളിലേക്കും അവരെ ബലാൽക്കാരമായി തള്ളിവിടാൻവേണ്ടിയാണ് ഈ വിലക്ക് ഏർപ്പെടുത്തിയത്. പത്തൊമ്പതാം നൂറ്റാണ്ടിൽ പ്രയോഗിച്ചിരുന്ന "രീതി"***യുടെ

* മുമ്പുദ്ധരിച്ച കൃതി, പേജ് 132

** സ്റ്റ്യുവർട്ട് പറയുന്നു: " ഈ ഭൂമികളുടെ വിസ്തൃതിയുമായി തട്ടിച്ചുനോക്കുമ്പോൾ അവയുടെ പാട്ടം വളരെ കുറവാണ്, " (കുലത്തിന്റെ തലവന് "ടാക്സമാൻമാർ"" നൽകിയ കപ്പംകൂടി അദ്ദേഹം തെറ്റായി ഈ സാമ്പത്തികഗണത്തിൽ പെടുത്തുന്നു.) "കൃഷിയിടത്തിൽ പോറ്റേണ്ടിവരുന്ന ആളുകളുടെ എണ്ണവുമായി തട്ടിച്ചുനോക്കുമ്പോൾ, സ്കോട്ലന്റിലെ മലമ്പ്രദേശത്തെ ഒരു എസ്റ്റേറ്റ് ഫലഭൂയിഷ്ടമായ നല്ലൊരു പ്രവിശ്യയിലെ അതേ വിലയുള്ള ഒരു എസ്റ്റേറ്റിനേക്കാൾ ഒരുപക്ഷേ പത്തിരട്ടി ആളുകളെ പുലർത്തുന്നതായി കാണാൻ കഴിയും."

*** ഭൂമിയിൽനിന്ന് ബലാൽക്കാരമായി ഒഴിപ്പിക്കപ്പെട്ടവരെ 1860-ൽ വ്യാജമായ വാഗ്ദാനങ്ങൾ നൽകി കാനഡയിലേക്ക് കയറ്റി അയച്ചു. ചിലർ മലകളിലേക്കും അടുത്തുള്ള ദ്വീപുകളിലേക്കും ഒളിച്ചോടി. അവരുടെ പുറകേ പൊലീസിനെ അയച്ചു. പൊലീസുമായി ഏറ്റുമുട്ടിയ ശേഷം അവർ രക്ഷപ്പെട്ടു.

ഒരു ഉദാഹരണമെന്ന നിലയ്ക്ക് സതർലാൻഡ് പ്രഭ്വി നടപ്പാക്കിയ തെളിച്ചെടുക്കലിനെപ്പറ്റി പറയാം. സാമ്പത്തികപ്രശ്നങ്ങളിൽ അവഗാഹമുണ്ടായിരുന്ന ഇവർ ഭരണമേറ്റയുടനെ പ്രശ്നത്തിന് സമൂലപരിഹാരം കാണാൻ തീരുമാനിച്ചു ഏതാദൃശനടപടികളുടെ ഫലമായി അതിനകംതന്നെ ജനസംഖ്യ 15,000 ആയി ചുരുങ്ങിയിരുന്ന തന്റെ ഇടവകയാകെ ഒരൊറ്റ ആടുമേച്ചിൽസ്ഥലമായി മാറ്റാനായിരുന്നു അവരുടെ തീരുമാനം. 1814 നും 1820 നുമിടയ്ക്ക് ഈ പതിനയ്യായിരം നിവാസികളെ-അതായത് മുവായിരത്തോളം കുടംബങ്ങളെ-ചിട്ടയായി വേട്ടയാടുകയും പിഴുതെറിയുകയും ചെയ്തു. അവരുടെ ഗ്രാമങ്ങളെയെല്ലാം നശിപ്പിക്കുകയും ചുട്ടുചാമ്പലാക്കുകയും ചെയ്തു. അവരുടെ വയലുകളെല്ലാം മേച്ചിൽസ്ഥലങ്ങളാക്കി മാറ്റി. ബ്രിട്ടീഷ് പട്ടാളക്കാരാണ് ബലംപ്രയോഗിച്ച് ഈ ഒഴിപ്പിക്കൽ നടത്തിയത്. അവർ നാട്ടുകാരുമായി ഏറ്റുമുട്ടി. തന്റെ കുടിലിൽനിന്നിറങ്ങാൻ കൂട്ടാക്കാതിരുന്ന ഒരു വൃദ്ധയെ അതോടൊപ്പം ദഹിപ്പിച്ചു. അങ്ങനെയാണ് അനാദികാലംതൊട്ടേ കുലത്തിന്റെ വകയായിരുന്ന 7,94,000 ഏക്കർ ഭൂമി ഈ മാന്യമഹിള സ്വന്തമാക്കിയത്. ആട്ടിയോടിക്കപ്പെട്ട നിവാസികൾക്ക് അവർ കടലോരത്ത് 6,000 ഏക്കർ സ്ഥലം കൊടുത്തു- ഒരു കുടുംബത്തിന് രണ്ടേക്കർ എന്ന കണക്കിൽ. ആ ആറായിരം ഏക്കർ അതേവരെ തരിശായികിടക്കുകയായിരുന്നു. അതിൽനിന്ന് ഉടമസ്ഥർക്ക് യാതൊരു വരുമാനവും കിട്ടിയിരുന്നില്ല. നൂറ്റാണ്ടുകളായി തന്റെ കുടുംബത്തിനുവേണ്ടി ചോര ചിന്തിയ ആ കുലത്തിലെ അംഗങ്ങൾക്ക് ആ ഭൂമി ഏക്കറിന് ശരാശരി രണ്ടര ഷില്ലിംഗിന് പാട്ടത്തിന് കൊടുക്കാൻപോലും മഹാമനസ്കയായ പ്രഭ്വി കനിഞ്ഞു. മോഷ്ടിച്ചെടുത്ത കുലത്തിന്റെ വക ഭൂമിയാകെ അവർ 29 വലിയ ആടുവളർത്തുകേന്ദ്രങ്ങളായി ഭാഗിച്ചു ഓരോന്നിലും ഓരോ കുടുംബത്തെ വീതം പാർപ്പിച്ചു. അവരിൽ മിക്കവരും ഇംഗ്ലണ്ടിൽനിന്നു കൊണ്ടുവന്ന കൃഷിപ്പണിക്കാരായിരുന്നു. 1825 ആയപ്പോഴേക്ക് 15,000 ഗേലുകളുടെ സ്ഥാനം 13,10,000 ചെമ്മരിയാടുകൾ കരസ്ഥമാക്കിക്കഴിഞ്ഞിരിക്കുന്നു. കടലോരത്തിലേക്ക് വലിച്ചെറിയപ്പെട്ട ആദിവാസികളിൽ ശേഷിച്ചവർ മീൻ പിടിച്ചു ജീവിക്കാൻ ശ്രമിച്ചു. അവർ ഉഭയജീവികളായിത്തീർന്നു. ഒരു ഇംഗ്ലീഷ് ലേഖകന്റെ വാക്കുകളിൽ പറഞ്ഞാൽ, അവർ പകുതി കരയിലും പകുതി വെള്ളത്തിലും. അതുതന്നെ, രണ്ടിടത്തും പകുതി മാത്രം- ജീവിക്കുകയായിരുന്നു.*

പക്ഷേ തങ്ങളുടെ കുലത്തിലെ "പ്രമാണിമാരോ"ടു കാട്ടിയ അതികാല്പനികവും മലമ്പ്രദേശസഹജവുമായ വീരാരാധനയ്ക്ക് ആ ധീരരായ ഗേലുകൾക്ക് അതിലും കടുത്ത പ്രായശ്ചിത്തം ചെയ്യേണ്ടി വന്നു. അവരുടെ മത്സ്യത്തിന്റെ ഗന്ധം ആ പ്രമാണിമാരുടെ മൂക്കിൽ വന്നടിച്ചു.

** ആഡം സ്മിത്തിന്റെ വ്യാഖ്യാതാവായ ബ്യൂക്കനൻ 1814-ൽ എഴുതി: "സ്കോട്ട്ലന്റിലെ മലമ്പ്രദേശങ്ങളിലെ സ്വത്തുടമസ്ഥതയുടെ പഴയ സമ്പ്രദായം ദിവസേന തുരങ്കം വയ്ക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്.... പരമ്പരാഗത കുടിയാനെ (ഈ ഗണം ഇവിടെ ഉപയോഗിച്ചിരിക്കുന്നത് തെറ്റായിട്ടാണ്) അവഗണിച്ചുകൊണ്ട് ജന്മി തന്റെ ഭൂമി ഇപ്പോൾ ഏറ്റവും കൂടുതൽ വില പറയുന്നയാൾക്ക് കൊടുക്കുന്നു. ഭൂമി മെച്ചപ്പെടുത്തുന്നയാളാണ് അത് വാങ്ങുന്നതെങ്കിൽ അയാൾ തൽക്ഷണം തന്നെ പുതിയ കൃഷിസമ്പ്രദായം ഏർപ്പെടുത്തുന്നു. മുമ്പ് ആ ഭൂമിയിൽ ചെറുകിട

അതിൽനിന്ന് കുറെ ലാഭമുണ്ടാക്കാൻ കഴിയുമെന്ന് മണത്തറിഞ്ഞ അവർ കടലോരം ലണ്ടനിലെ വലിയ മത്സ്യവ്യാപാരികൾക്ക് പാട്ടത്തിന് കൊടുത്തു. ഗേലുകാർ രണ്ടാമതും വേട്ടയാടപ്പെട്ടു*

എന്നാൽ അവസാനം ആടുമേച്ചിൽ സ്ഥലങ്ങളിൽ ഒരു ഭാഗം മാൻവളർത്തുസങ്കേതങ്ങളായി മാറ്റപ്പെട്ടു. ഇംഗ്ലണ്ടിൽ ശരിക്കുള്ള കാടുകളില്ലെന്ന് അറിയാമല്ലോ. കുലീനരുടെ പാർക്കുകളിലെ മാനുകൾ വീട്ടുമൃഗങ്ങളെപ്പോലെ സൗമ്യശീലരും ലണ്ടനിലെ നഗരപിതാക്കളെപ്പോലെ തടിച്ചുകൊഴുത്തവരുമാണ്. അതുകൊണ്ട് "ഉൽകൃഷ്ടമായ ആവേശ"ത്തിന്റെ അവസാനത്തെ അഭയസ്ഥാനം സ്കോട്ട്ലന്റാണ്.

1848 ൽ സോമേഴ്സ് എഴുതി: "മലമ്പ്രദേശങ്ങളിൽ പുതിയ കാടുകൾ കുണുപോലെ മുളച്ചുവരികയാണ്. ഇവിടെ ഗെയ്ക്കിന്റെ ഒരു വശത്ത് ഗ്ലെൻഫെഷി എന്ന പുതിയ വനവും അവിടെ മറുവശത്ത് അർ ഡ്വെറിക്കി എന്ന പുതിയ വനവുംകാണാം. അതേ ഇടത്തുതന്നെയാണ് ബ്ലാക്ക്മൗണ്ട്. ആ വിശാലമായ തരിശുഭൂമിയും സമീപകാലത്ത് സൃഷ്ടിക്കപ്പെട്ടതാണ്. കിഴക്കുനിന്നു പടിഞ്ഞാറോട്ട്-അബർഡീന്റെ പ്രാന്തപ്രദേശം തൊട്ട ഓബാൻ പാറക്കെട്ടുകൾ വരെ-കാടുകളുടെ അനുസ്യൂതമായ ഒരു നിരതന്നെ ഇപ്പോഴുണ്ട്, മലമ്പ്രദേശത്തിന്റെ മറ്റു ഭാഗങ്ങളിലാണെങ്കിൽ ലോക്ക്-ആർക്കെയ്ഗ്, ഗ്ലെൻഗാരി, ഗ്ലെൻമോറിസ്റ്റൺ തുടങ്ങിയ പുതിയ വനങ്ങൾ സ്ഥിതി ചെയ്യുന്നു. ചെറുകൃഷിക്കാർ കുടിപാർത്തിരുന്ന താഴ്വരകളിലേക്ക് ആടുകളെ കൊണ്ടുവന്നു ആ കൃഷിക്കാർ ഫലപുഷ്ടി കുറഞ്ഞ മോശപ്പെട്ട ഭൂമികളിലേക്ക് ആട്ടിയോടിക്കപ്പെട്ടു. ഇപ്പോഴാകട്ടെ,

---

കുടിയാന്മാരോ തൊഴിലാളികളോ വ്യാപിച്ചുകിടന്നിരുന്നു. അതിലെ ഉല്പന്നമനുസരിച്ചുള്ള ആളുകൾ അതിൽ പാർത്തിരുന്നു. എന്നാൽ കൃഷി മെച്ചപ്പെടുകയും പാട്ടം വർദ്ധിക്കുകയും ചെയ്തിരിക്കുന്ന പുതിയ സമ്പ്രദായത്തിൻകീഴിൽ കഴിയുന്നത്ര കുറഞ്ഞ ചെലവിൽ കഴിയുന്നത്ര കൂടുതൽ ഉല്പന്നം ലഭ്യമാകുന്നു. ഉപയോഗമില്ലാതെ വരുന്ന ആളുകളെ പറഞ്ഞയക്കുന്നതിന്റെ ഫലമായി ജനസംഖ്യ ചുരുങ്ങുന്നു. ഭൂമിക്ക് പോറ്റാൻ കഴിവുള്ളവരെത്ര എന്നതിലേക്കല്ല. അതിൽ പണിയെടുക്കുന്നവരെത്ര എന്നതിലേക്കാണ് ആളുകളുടെ എണ്ണം ചുരുങ്ങുന്നത്.... ഭൂരഹിതരായിത്തീർന്ന കുടിയാന്മാർ ഒന്നുകിൽ ഉപജീവനം തേടി അയൽനഗരങ്ങളിലേക്കു പോകുന്നു, " .(David Buchanan Observations on.... A. smith's Wealth of Nations .Edinburgh, 1814, voL. IV. p.·144.) "കളപറിച്ചുകളയുന്നപോലെയാണ് സ്കോട്ട്ലന്റിലെ മേലെക്കിടക്കാർ കുടുംബങ്ങളെ ആട്ടിയോടിച്ചത്. വന്യമൃഗങ്ങളുടെ ശല്യം സഹിക്കാനാവാത്ത ഇന്ത്യക്കാർ പകപോക്കാൻ വേണ്ടി കടുവകളുള്ള കാടിളക്കുംപോലെയാണ് അവർ ഗ്രാമങ്ങളോടും അവയിലെ മനുഷ്യരോടും പെരുമാറിയത്... മനുഷ്യനെ ഒരു രോമചർമ്മത്തിനോ ആട്ടിൻകാലിനോ പകരം മാറ്റക്കച്ചവടം ചെയ്യുന്നു. ഇല്ല, അവന് അത്രപോലും വില കല്പിക്കുന്നില്ല... ചൈനയുടെ വടക്കൻ പ്രവിശ്യകൾ കയ്യേറിയപ്പോൾ അന്നാട്ടുകാരെ കൊന്നൊടുക്കി ഭൂമിയെല്ലാം മേച്ചിൽസ്ഥലമാക്കണമെന്നു നിർദ്ദേശിച്ച മുഗളന്മാരുടെ ഉദ്ദേശത്തെക്കാൾ എത്രയോ കൂടുതൽ നികൃഷ്ടമാണിത്. സ്കോട്ട്ലന്റിലെ മലമ്പ്രദേശത്തിലെ പല ഭൂവുടമകളും ഈ നിർദ്ദേശം തങ്ങളുടെ സ്വന്തം രാജ്യത്ത് സ്വന്തം കൂട്ടുകാർക്കെതിരായി നടപ്പാക്കിക്കഴിഞ്ഞു," George Ensor, An Inquiry concerning the population of Nations Lond, 1818, pp.215.116.

*മത്സ്യവ്യാപാരത്തെക്കുറിച്ചുള്ള രസകരമായ വിശദാംശങ്ങൾ മി.ഡേവിഡ് ഉർക്കാർട്ടിന്റെ "Portfolio New Series"-ൽ വായിക്കാം. മുകളിലുദ്ധരിച്ചതും ഗ്രന്ഥകാരന്റെ മരണശേഷം

മാനുകൾ ആടുകളുടെ സ്ഥാനമെടുത്തിരിക്കുന്നു. അതിന്റെ ഫലമായി ചെറുകൃഷിക്കാർ വീണ്ടും ഒഴിപ്പിക്കപ്പെടുകയാണ്. അവർ കൂടുതൽ മോശപ്പെട്ട ഭൂമിയിലേക്കും കൂടുതൽ ദുസ്സഹമായ ദുരിതത്തിലേക്കും തള്ളിവിടപ്പെടുമെന്ന് തീർച്ചയാണ്. ഹരിണവനങ്ങൾ* ക്കും മനുഷ്യർക്കും സഹവർത്തിക്കാൻ സാദ്ധ്യമല്ല. രണ്ടിലൊന്ന് വഴങ്ങിക്കൊടുത്തേ തീരൂ. കഴിഞ്ഞ കാൽനൂറ്റാണ്ടിൽ ചെയ്തപോലെ വരുന്ന കാൽനൂറ്റാണ്ടിലും കാടുകളുടെ എണ്ണവും വലിപ്പവും വർദ്ധിപ്പിച്ചാൽ ഗേലുകളാരും പിറന്നമണ്ണിൽ ശേഷിക്കില്ല...മലമ്പ്രദേശത്തെ ഭൂവുടമകളിൽ ചിലരെ സംബന്ധിച്ചിടത്തോളം ഈ പ്രസ്ഥാനം അഭ്യുദയകാംഷിയുടെ പ്രശ്ന മാണ്.. ചിലർക്ക് അതൊരു വിനോദമാണ്.. കൂടുതൽ പ്രായോഗിക ബുദ്ധി യുള്ള വേറെ ചിലരാകട്ടെ, ലാഭം കിട്ടണമെന്ന ഒരേയൊരു ഉന്നത്തോടെ മാൻകച്ചവടം നടത്തുന്നു. കാരണം, വാസ്തവം പറഞ്ഞാൽ, ഒരു മല ഞ്ചെരുവിൽ ആടുമേച്ചിൽസ്ഥലുണ്ടാക്കുന്നതിനേക്കാൾ ഉടമസ്ഥന് പല പ്പോഴും കൂടുതൽ ലാഭകരം അവിടെ കാട് വച്ചുപിടിപ്പിക്കുന്നതാണ്.. ഹരിണവനം തേടി വരുന്ന നായാട്ടുകാരൻ വച്ചുനീട്ടുന്ന പണത്തിന് ഒരേയൊരു പരിധി കല്പിക്കുന്നത് അയാളുടെ മടിശ്ശീലയാണ്... നോർമൻ രാജാക്കന്മാരുടെ നയംമൂലം അനുഭവിക്കേണ്ടി വന്നത്രതന്നെ കടുത്ത ദുരിതമാണ് മലമ്പ്രദേശത്തുകാർക്ക് സഹിക്കേണ്ടിവന്നിട്ടുള്ളത്. മാനുകൾക്ക് വിശാലമായ വിഹാരരംഗങ്ങൾ ലഭിക്കുമ്പോൾ മനുഷ്യരെ ചുരുങ്ങിച്ചുരുങ്ങിവരുന്ന വൃത്തത്തിനുള്ളിലിട്ട് വേട്ടയാടുന്നു... മനുഷ്യരുടെ സ്വാതന്ത്ര്യങ്ങൾ ഒന്നൊന്നായി ഛേദിക്കപ്പെടുന്നു...മർദ്ദനം ദിവസംപ്രതി പെരുകുന്നു. അമേരിക്കയിലേയും ആസ്ട്രേലിയയിലേയും തരിശുഭൂമിക ളിൽനിന്ന് മരങ്ങളും കുറ്റിക്കാടുകളും വെട്ടിമാറ്റുന്നതുപോലെ തന്നെയാണ് ഒരു സുസ്ഥാപിതതത്വവും കാർഷികാവശ്യവുമെന്ന നിലയ്ക്ക് ഭൂവുടമകൾ ഭൂമി തെളിച്ചെടുക്കുകയും മനുഷ്യരെ അതിൽനിന്ന് ആട്ടിയോടിക്കുകയും

---

പ്രസിദ്ധപ്പെടുത്തിയതുമായ കൃതിയിൽ നസ്സാവു ഡബ്ലിയു. സീനിയർ പറയുന്നു: "സതർ ലാൻഡ്ഷയറിലെ നടപടികൾ മനുഷ്യന്റെ ഓർമ്മയിലുണ്ടായിട്ടുള്ള ഏറ്റവും പ്രയോജനക രമായ തെളിച്ചെടുക്കലുകളിലൊന്നാണ്,"(Journals,Conversations and Essays relating to Ireland, London, 1868)

* അമേരിക്കൻ റിപ്പബ്ലിക്കിലെ നീഗ്രോ അടിമകളോടുള്ള തന്റെ അനുഭാവം പ്രകടിപ്പിക്കാ ൻവേണ്ടി ഇപ്പോഴത്തെ സതർലാൻഡ് പ്രഭ്വി "അങ്കിൾ ടോംസ് ക്യാബിൻ" എഴുതിയ മിസ്സി സ്സ് ബീച്ചർ സ്റ്റൗവിന് ഒരു വിരുന്ന് നൽകുകയുണ്ടായി.(ആഭ്യന്തരയുദ്ധകാലത്ത് മറ്റ് കുലീ നരോടൊപ്പം പ്രഭ്വിയും ഈ അനുഭാവം സൗകര്യപൂർവം മറന്നു. അന്ന് ഇംഗ്ലണ്ടിലെ ഓരോ കുലീനഹൃദയവും സ്പന്ദിച്ചത് അടിമയുടമകൾക്കുവേണ്ടിയാണ്) ആ സമയത്ത് സതർലാ ൻഡിലെ അടിമകളെക്കുറിച്ച് ഞാൻ "ന്യൂയോർക്ക് ട്രിബ്യൂണി"ൽ എഴുതുകയുണ്ടായി. (The Slave Trade എന്ന പുസ്തകത്തിൽ കാരി അത് ഭാഗികമായി സംഗ്രഹിച്ചുകൊടുത്തി ട്ടുണ്ട്-ഫിലാഡൽഫിയ, 1853, പേജ് 203, 204.) സ്കോട്ട്ലന്റിലെ ഒരു പത്രം എന്റെ ലേഖനം വീണ്ടും പ്രസിദ്ധീകരിച്ചു. ആ സംഭവം പ്രസ്തുതപത്രവും സതർ ലാൻഡ് കുടുംബത്തിന്റെ പാദസേവകരും തമ്മിൽ നല്ലൊരു വാദപ്രതിവാദത്തിനിടയാക്കി.

*സ്കോട്ട്ലന്റിലെ ഹരിണവനങ്ങളിൽ ഒരൊറ്റ മരംപോലുമില്ല. മൊട്ടക്കുന്നുകളിൽനിന്ന് ആടുകളെ തെളിച്ചിറക്കിയിട്ട് മാനുകളെ കയറ്റുന്നു. എന്നിട്ടതിനെ ഹരിണവനമെന്നു വിളിക്കുന്നു. അവിടെ മരം വച്ചുപിടിപ്പിക്കലോ യഥാർത്ഥത്തിലുള്ള വനംവളർത്തലോ ഒന്നുമില്ല.

ചെയ്യുന്നത്. അവരുടെ ഈ നടപടി ശാന്തമായും കാര്യക്ഷമമമായും തുടരുകയാണ്,"*

പള്ളിവക സ്വത്തുക്കൾ കൊള്ളയടിച്ചത്. തട്ടിപ്പിലൂടെ സർക്കാർ ഭൂമി അന്യാധീനപ്പെടുത്തിയത്, പൊതുഭൂമി കവർന്നെടുത്തത്, ഫ്യൂഡൽ സ്വത്തും കുലങ്ങളുടെ സ്വത്തും ബലാൽക്കാരമായി കൈവശപ്പെടുത്തിക്കൊണ്ട് നിർദ്ദയമായ ഭീകരമാർഗങ്ങളിലൂടെ അതിനെ ആധുനിക സ്വകാര്യസ്വത്താക്കി മാറ്റിയത്–ഇവയെല്ലാം ആദിമസഞ്ചയത്തിനു പയോഗിച്ച ശാലീനസുന്ദരമായ രീതികളായിരുന്നു. അതുവഴി മുതലാളിത്ത രീതിയിലുള്ള കൃഷിക്കുവേണ്ട സ്ഥലം കൈവശപ്പെടു

---

* Robert Somers, Letters from the Highlands: or the famine of 1847. London, 1848. pp.12-28 passimഈ കത്തുകൾ ആദ്യം പ്രസിദ്ധീകരിച്ചത് "ടൈംസ്" പത്രമാണ്. 1847–ൽ ഗേലുകൾക്കിടയിൽ ക്ഷാമം പടർന്നുപിടിക്കാനുള്ള കാരണം അവർക്കിടയിലെ ജനപ്പെരുപ്പമാണെന്ന് ഇംഗ്ലണ്ടിലെ ധനശാസ്ത്രജ്ഞർ വ്യാഖ്യാനിച്ചു. എന്തായാലും "ഭക്ഷ്യസപ്ലൈയിൽ അവരുടെ സമർദ്ദം അനുഭവപ്പെട്ടു." എസ്റ്റേറ്റുകൾ തെളിച്ചെടുക്കൽ"– ജർമ്മനിയിൽ അത് അറിയപ്പെടുന്നത് .Bauernlegen എന്ന പേരിലാണ്– ജർമ്മനിയിൽ നടന്നത് വിശേഷിച്ചത് മുപ്പതാണ്ടുയുദ്ധത്തിന് ശേഷമാണ്. 1790 ൽപോലും അത് കർസാക്സനിൽ കർഷകകലാപങ്ങൾക്കിടയാക്കി. ഈ തെളിച്ചെടുക്കൽ വിശേഷിച്ചും നടന്നത് കിഴക്കൻ ജർമ്മനിയിലാണ്. ഭൂരിപക്ഷം പ്രഷ്യൻ പ്രവിശ്യകളിലും ഫ്രെഡറിക് രണ്ടാമൻ ഇദംപ്രഥമമായി കർഷകർക്ക് സ്വത്തവകാശം നേടിക്കൊടുത്തു. സൈലേഷ്യയെ വെട്ടിപ്പിടിച്ചതിനുശേഷം അദ്ദേഹം ജന്മിമാരെ കുടിലുകളും കളങ്ങളും മറ്റും പുതുക്കിപ്പണിയാനും കർഷകർക്കു കാലികളും പണിക്കോപ്പുകളും നൽകാനും നിർബ്ബന്ധിച്ചു. തന്റെ സൈന്യത്തിന് പട്ടാളക്കാരേയും ഖജനാവിന് നികുതിദായകരേയുമാണ് അദ്ദേഹത്തിനു വേണ്ടിയിരുന്നത്. ഫ്രെഡറിക്കിന്റെ ധനകാര്യവ്യവസ്ഥയുടേയും സ്വേച്ഛാധിപത്യവും ഉദ്യോഗസ്ഥമേധാവിത്വവും ഫ്യൂഡലിസവും കൂടിക്കലർന്ന അവിയൽഭരണത്തിന്റേയും കീഴിൽ കർഷകർ എത്ര സുഖമായിട്ടാണ് ജീവിച്ചതെന്ന് അദ്ദേഹത്തിന്റെ ആരാധകനായ മിറാബോയുടെ ഈ വാക്കുകളിൽനിന്ന് അറിയാം: "ഉത്തരജർമ്മനിയിലെ കർഷകന്റെ ഒരു പ്രധാനസമ്പത്ത് ചണമാണ്. എന്നാൽ മനുഷ്യരാശിയുടെ നിർഭാഗ്യമെന്നു പറയട്ടെ, അത് അങ്ങേയറ്റത്തെ ദാരിദ്ര്യത്തിനുള്ള ഒരു പ്രതിവിധി മാത്രമാണ്, സുഖകരമായ ജീവിതത്തിന്റെ ഉറവിടമല്ല. നേരത്തേതന്നെ തങ്ങൾ വാങ്ങുന്ന സർവ്വസാധനങ്ങൾക്കും പരോക്ഷനികുതി കൊടുത്തുവരുന്ന കർഷകനെ പ്രത്യക്ഷനികുതിയും വിരുത്തിവേലയും മറ്റു തരത്തിലുള്ള അടിമവേലയും പാപ്പരത്തത്തിലാഴ്ത്തുന്നു. ഇതിനൊക്കെപ്പുറമേ തന്റെ ഉല്പന്നങ്ങൾ ഇഷ്ടമുള്ളിടത്ത് ഇഷ്ടമുള്ള വിലയ്ക്ക് വിൽക്കാൻ അവൻ ധൈര്യപ്പെടില്ല. തനിക്കാവശ്യമുള്ള സാധനങ്ങൾ കച്ചവടക്കാരിൽനിന്ന് ആദായവിലയ്ക്ക് വാങ്ങാനും അവനു ധൈര്യമില്ല. ഈ സാഹചര്യങ്ങൾമൂലം അവൻ ക്രമേണ നശിക്കുന്നു. നൂൽനൂല്പ്കൂടി നടത്തിയില്ലായിരുന്നെങ്കിൽ അവന് പ്രത്യക്ഷനികുതി കൊടുക്കാൻ കഴിയുമായിരുന്നില്ല. അവനെ സംബന്ധിച്ചിടത്തോളം ഒരു ഒഴിച്ചുകൂടാനാവാത്ത സഹായമാണ് അത്. തന്റെ മാത്രമല്ല, തന്റെ ഭാര്യയുടേയും മക്കളുടേയും വേലക്കാരുടേയും വേലക്കാരികളുടേയും അദ്ധ്വാനം കൂടി ഉപയോഗപ്പെടുത്താൻ അവനു കഴിയുന്നു. പക്ഷേ ഈ പുറംജോലിയുണ്ടായിട്ടുകൂടി അവന്റെ ജീവിതം അതിദയനീയം തന്നെ! വേനൽക്കാലത്ത് അവൻ കഠിനതടവുകാരേപ്പോലെ പണിയെടുത്തുകൊണ്ട് ഉഴവും കൊയ്ത്തും നടത്തുന്നു. രാത്രി ഒമ്പതിന് കിടന്നാൽ വെളുപ്പിന് രണ്ടു മണിക്ക് എണിക്കണം. എന്നാലേ ജോലി തീരു. ശൈത്യകാലത്ത് അവൻ കൂടുതൽ വിശ്രമമെടുത്ത് നഷ്ടപ്പെട്ട ശക്തി വീണ്ടെടുക്കേണ്ടതാണ്. പക്ഷേ നികുതി കൊടുക്കാൻവേണ്ടി തന്റെ ഉല്പന്നങ്ങളുടെ ഒരു ഭാഗം വിറ്റാൽ അവന് ഭക്ഷണത്തിനും വിത്തിനും ധാന്യം തികയില്ല. അതുകൊണ്ടാണ് ഈ കുറവ് നികത്താൻ അവന് നൂൽ നൂൽക്കേണ്ടിവരുന്നത്. അങ്ങേയറ്റത്തെ ഉത്സാഹത്തോടെ അവൻ ജോലി ചെയ്യുന്നു. ഇതു കാരണം ശൈത്യകാലത്ത് കൃഷിക്കാരൻ പാതിരായ്ക്കോ രാത്രി ഒരു മണിക്കോ കിടന്ന് രാവിലെ അഞ്ചോ ആറോ മണിക്ക് എണിക്കുന്നു. അല്ലെങ്കിൽ ഒമ്പതിന് കിടന്നിട്ട് രണ്ടിന് എണീക്കുന്നു. ഞായറാഴ്ചയൊഴിച്ച് എല്ലാ ദിവസവും ഇത് ആവർത്തിക്കുന്നു.—അവന്റെ ജീവിതകാലം മുഴുവൻ. ഈ ക്രമാധികം നീണ്ട ഉറക്കമൊഴി

ത്തുകയും ഭൂമിയെ മൂലധനത്തിന്റെ അഭേദ്യഭാഗമാക്കുകയും പട്ടണങ്ങളിലെ വ്യവസായങ്ങൾക്ക് "സ്വതന്ത്ര"രും നിയമഭ്രഷ്ടരാക്കപ്പെട്ടവരുമായ തൊഴിലാളിവർഗത്തെ ആവശ്യമുള്ളത്ര ലഭ്യമാക്കുകയും ചെയ്തു.

---

ക്കലും കഠിനമായ ജോലിയും മനുഷ്യന്റെ ശരീരത്തെ ഉണക്കിക്കളയുന്നു. പട്ടണങ്ങളിലുള്ളവരെ അപേക്ഷിച്ച് ഗ്രാമങ്ങളിലെ ആളുകൾക്ക് കൂടുതൽ നേരത്തേ വാർദ്ധക്യം ബാധിക്കാനുള്ള കാരണം ഇതാണ്." (മിറാബോ മുകളിദ്ധരിച്ച കൃതി, വാല്യം III, പേജ് 212 ഉം തുടർന്നുള്ളവയും.)

രണ്ടാം പതിപ്പിനുള്ള കുറിപ്പ്: റോബർട്ട് സോമേഴ്സിന്റെ മേലുദ്ധരിച്ച കൃതി പ്രസിദ്ധീകരിച്ച് 18 വർഷത്തിനു ശേഷം 1866 ഏപ്രിലിൽ, പ്രൊഫസർ ലിയോൺ ലെവി ആടുമേച്ചിൽസ്ഥലങ്ങളെ ഹരിണവനങ്ങളായി മാറ്റുന്നതിനെക്കുറിച്ച് സൊസൈറ്റി ഓഫ് ആർട്ട്സിൽ ഒരു പ്രഭാഷണം നടത്തി, സ്കോട്ട്ലന്റിലെ മലമ്പ്രദേശങ്ങളുടെ നശീകരണത്തിന്റെ വ്യാപ്തി അദ്ദേഹം വിവരിച്ചു. അദ്ദേഹം പറഞ്ഞു: "ഭൂമിയിൽനിന്ന് ആളുകളെ ആട്ടിയോടിച്ച് അത് ആട്മേച്ചിൽസ്ഥലങ്ങളാക്കി മാറ്റുകയെന്നത് ചെലവൊന്നും ചെയ്യാതെ വരവുണ്ടാക്കാനുള്ള ഏറ്റവും സൗകര്യപ്രദമായ മാർഗമായിരുന്നു.... ആടുമേച്ചിൽസ്ഥലം ഹരിണവനമാക്കുകയെന്നത് മലമ്പ്രദേശങ്ങളിലെ ഒരു സാധാരണസംഭവമായിരുന്നു. ഭുവുടമകൾ തങ്ങളുടെ എസ്റ്റേറ്റുകളിൽ നിന്ന് ഒരിക്കൽ മനുഷ്യരെ ആട്ടിയോടിച്ചതുപോലെ ആടുകളെ ആട്ടിയോടിച്ചിട്ട് പുതിയ നിവാസികളായ വന്യമൃഗങ്ങളേയും പറവകളേയും സ്വാഗതം ചെയ്തു. വനഭൂമി വിട്ടുപോകാതെ ഫോർഫർഷയറിലുള്ള ഡൽഹൗസി പ്രഭുവിന്റെ എസ്റ്റേറ്റുകളിൽനിന്ന് ജോൺ ഓഗ്രോട്സ് വരെ നടന്നു പോകാം... ഈ കാടുകളിൽ പലതിലും കുറുക്കനും കാട്ടുപൂച്ചയും കീരിയും വെരുകും മരപ്പട്ടിയും ആൽപൈൻ മുയലും സാധാരണമാണ്. ചെറുമുയലും അണ്ണാനും എലിയും സമീപകാലത്ത് അങ്ങോട്ട് കടന്നിട്ടുണ്ട്. ഫലപുഷ്ടിയിലും വ്യാപ്തിയിലും മികച്ചുനിൽക്കുന്ന മേച്ചിൽപ്പുറങ്ങളൊന്ന് സ്കോട്ട്ലന്റിലെ സ്ഥിതിവിവരക്കണക്കുകളിൽ വിവരിച്ചിട്ടുള്ള അതിവിശാലമായ ഭൂപ്രദേശങ്ങൾ ഒന്നും കൃഷിചെയ്യാതെ, ഒരു തരത്തിലും മെച്ചപ്പെടുത്താതെ, ആണ്ടിൽ ഏതാനും ദിവസങ്ങളിലേക്ക് കുറച്ചുപേരുടെ വിനോദത്തിനുവേണ്ടി മാത്രം ഇട്ടിരിക്കുകയാണ്,"

ലണ്ടനിൽനിന്നിറങ്ങുന്ന "ഇക്കണോമിസ്റ്റ്" 1866 ജൂൺ 2 ലെ ലക്കത്തിൽ എഴുതുന്നു.: "കഴിഞ്ഞ ആഴ്ച സ്കോട്ടലന്റിലെ ഒരു പത്രത്തിൽ വന്ന വാർത്തകളുടെ കൂട്ടത്തിൽ ഇങ്ങനെയൊരെണ്ണമുണ്ടായിരുന്നു: സതർലാൻഡ്ഷയറിലെ ഒരു ഒന്നാന്തരം ആടുമേച്ചിൽസ്ഥലം അതിന് ഈയിടെ 1200 പവൻ വാർഷികപ്പാട്ടം കൊടുക്കാൻ ആളുണ്ടായിരുന്നു.-ഇപ്പോഴത്തെ പാട്ടകാലവധി കഴിയുമ്പോൾ ഹരിണവനമായി മാറ്റാൻ പോവുകയാണ്." ഫ്യൂഡലിസത്തിന്റെ പുത്തൻ പ്രവണതകളാണ് നാമിവിടെ കാണുന്നത്. നോർമൻ ദിഗ്വിജയത്തിന്റെ കാലത്ത് ന്യൂഫോറസ്റ്റ് സൃഷ്ടിക്കാൻവേണ്ടി 36 ഗ്രാമങ്ങൾ നശിപ്പിച്ചതുപോലെതന്നെയാണ് ഇത്...സ്കോട്ട്ലന്റിലെ ഏറ്റവും ഫലഭൂയിഷ്ഠമായ പ്രദേശങ്ങളെ ഉൾക്കൊള്ളുന്ന ഇരുപതുലക്ഷം ഏക്കർ സ്ഥലം തികച്ചും തരിശാക്കിക്കഴിഞ്ഞു. ഗ്ലെൻടിൽട്ടിൽ തനിയെ വളരുന്ന പുല്ല് പെർത് കൗണ്ടിയിലെ ഏറ്റവും പോഷകാംശമുള്ള ഒരു ഇനമായിരുന്നു. ബെൻ ഔൾഡറിലെ ഹരിണവനം വിസ്തൃതമായ ബഡെനോക്ക് ജില്ലയിലെ ഏറ്റവും നല്ല മേച്ചിൽസ്ഥലമായിരുന്നു. ബ്ലാക്ക്മൗണ്ട് വനത്തിന്റെ ഒരു ഭാഗം സ്കോട്ട്ലന്റിലെ കറുത്തമുഖമുള്ള ഇനം ആടുകൾക്ക് ഏറ്റവും പറ്റിയ മേച്ചിൽസ്ഥലമായിരുന്നു. സ്കോട്ട്ലന്റിൽ വെറും വിനോദത്തിനുവേണ്ടി തരിശായി ഇട്ടിരിക്കുന്ന ഭൂമിക്ക് പെർത്കൗണ്ടിയൊട്ടാകെയെടുത്താലുള്ളതിനെക്കാൾ വിസ്തീർണ്ണമുണ്ടെന്നു പറയുമ്പോൾ അതേപ്പറ്റി ഒരു രൂപം കിട്ടുമല്ലോ. ബെൻ ഔൾഡെറിലെ വനത്തിലെ വിഭവങ്ങൾ നിർബ്ബന്ധിതനശീകരണംകൊണ്ടുണ്ടായിട്ടുള്ള നഷ്ടത്തിന്റെ ഒരേകദേശരൂപം നമുക്കു നൽകുന്നു. അവിടെ 15,000 ആടുകളെ മേയ്ക്കാനുള്ള ഇടമുണ്ട്. സ്കോട്ട്ലന്റിൽ പണ്ടുണ്ടായിരുന്ന വനഭൂമിയുടെ മുപ്പതിലൊരംശം മാത്രമാണത്... ആ വനഭൂമിയെല്ലാം ഇന്ന് തീർത്തും ഉല്പാദനക്ഷമമല്ലാതായിരിക്കുന്നു..... ആ ഭൂമി നോർത്ത്സീയിൽ മുങ്ങിപ്പോയിരുന്നെങ്കിലുണ്ടാകുമായിരുന്ന അതേ ഫലം തന്നെയാണ് ഇപ്പോഴുണ്ടായിരിക്കുന്നത്... ഇങ്ങനെ തരിശുഭൂമികളേയും മരുഭൂമികളേയും കൃത്രിമമായി ഉണ്ടാക്കുന്നത്. നിയമസഭയുടെ ഉറച്ച ഇടപെടലിലൂടെ അവസാനിപ്പിക്കേണ്ടതാണ്.."

അദ്ധ്യായം.3

# സ്വത്തപഹരിക്കപ്പെട്ടവർക്കെതിരെ 15–ാം നൂറ്റാ- ണ്ടിന്റെ അവസാനം നടത്തിയ രക്തപങ്കിലമായ നിയമനിർമ്മാണം കുലി കുറയ്ക്കാൻ വേണ്ടിയുള്ള പാർലമെന്റിന്റെ നിയമങ്ങൾ

പ്രഭുക്കളുടെ ആശ്രിതന്മാരായിക്കഴിഞ്ഞിരുന്ന സംഘങ്ങളുടെ ശിഥിലീകരണത്തിലൂടെയും ആളുകളെ ഭൂമിയിൽനിന്ന് ബലംപ്രയോഗിച്ച് ഒഴിപ്പിച്ചതിലൂടെയും സൃഷ്ടിക്കപ്പെട്ട "സ്വതന്ത്രരായ" തൊഴിലാളിവർഗത്തെ, അത് ഉയിർക്കൊണ്ട അതേ വേഗത്തിൽ ഉൾക്കൊള്ളാൻ നവജാതമായ വ്യവസായങ്ങൾക്ക് കഴിഞ്ഞില്ല. മറുവശത്ത്, പരിചിതമായ ജീവിതരീതി യിൽ നിന്നു പൊടുന്നനെ പിഴുതുമാറ്റപ്പെട്ട ആ ആളുകൾക്ക് തങ്ങളുടെ പുതിയ സ്ഥിതിയുടെ ശിക്ഷണവുമായി അത്ര പെട്ടെന്ന് പൊരുത്തപ്പെടാനും കഴിഞ്ഞില്ല. അവർ–ചിലർ അഭിരുചികൊണ്ടും എന്നാൽ ഭൂരിപക്ഷം പേരും സാഹചര്യങ്ങളുടെ സമ്മർദ്ദംകൊണ്ടും – പിച്ചക്കാരും പിടിച്ചുപറിക്കാരും തെണ്ടികളുമായി കൂട്ടത്തോടെ മാറ്റപ്പെട്ടു. അതുകൊണ്ടാണ് 15–ാം നൂറ്റാ ണ്ടൊടുവിലും 16–ാം നൂറ്റാണ്ടു മുഴുവനും പടിഞ്ഞാറൻ യൂറോപ്പി ലൊട്ടാകെ തെണ്ടിത്തിരിയലിനെതിരെ രക്തപങ്കിലമായ നിയമങ്ങൾ കൊണ്ടുവന്നത്. തെണ്ടികളും പാപ്പർമാരുമായി നിർബ്ബന്ധിതമായി മാറ്റപ്പെട്ടതിന് ഇന്നത്തെ തൊഴിലാളിവർഗത്തിന്റെ പൂർവികന്മാർക്ക് ശിക്ഷ കിട്ടി. നിയമം അവരെ "സ്വമേധയാ" ക്രിമിനൽ കുറ്റം ചെയ്തവരായി പരിഗണിച്ചു. നിലവിലില്ലാതാ യിക്കഴിഞ്ഞ പഴയ സാഹചര്യങ്ങളിൽ തുടർന്ന് പണിയെടുക്കുന്നത് അവ രുടെ സന്മനസ്സിനെ മാത്രം ആശ്രയിച്ചിരിക്കുന്ന ഒരു കാര്യമാണെന്നു സങ്കൽപിക്കപ്പെട്ടു.

ഇംഗ്ലണ്ടിൽ ഈ നിയമ നിർമ്മാണം ആരംഭിച്ചത് ഹെൻറി ഏഴാമന്റെ ഭരണകാലത്താണ്..

ഹെൻറി എട്ടാമൻ: 1530, വൃദ്ധരും പണിയെടുക്കാൻ ശേഷിയില്ലാ ത്തവരുമായ യാചകർക്ക് ഭിക്ഷയെടുക്കാൻ യാചക ലൈസൻസ് നൽകി.. നേരെ മറിച്ച് ശാരീരികശേഷിയുള്ള തെണ്ടികൾക്കുള്ള ശിക്ഷ ചാട്ടയടിയും ജയിലുമായിരുന്നു. അവരെ വണ്ടിയുടെ പുറകിൽ കെട്ടിയിട്ട് ദേഹത്തു നിന്നും ചോരയൊലിക്കുന്നതുവരെ ചാട്ടകൊണ്ടടിക്കുക. എന്നിട്ട് തങ്ങളുടെ ജന്മനാട്ടിലേക്കോ കഴിഞ്ഞ മൂന്ന് വർഷം താമസിച്ചിരുന്ന സ്ഥല

ത്തേക്കോ തിരിച്ചുപൊയ്ക്കൊള്ളാമെന്നും "തൊഴിലിലേർപ്പെട്ടുകൊള്ളാ" മെന്നും സത്യം ചെയ്യിക്കുക–ഇതായിരുന്നു ശിക്ഷ. എത്ര ക്രൂരമായ അപഹാസ്യത! ഹെൻറി എട്ടാമന്റെ ഭരണത്തിന്റെ ഇരുപത്തേഴാ മാണ്ടിൽ മുൻനിയമം ആവർത്തിക്കുകയും പുതിയ വകുപ്പുകൾ ചേർത്ത് ബലപ്പെടുത്തുകയും ചെയ്തു. തെണ്ടിത്തിരിയലിന് രണ്ടാമത് അറസ്റ്റു ചെയ്യപ്പെട്ടാൽ ചാട്ടവാറടി ആവർത്തിക്കുകയും ചെവിയുടെ പകുതി അറുത്തുകളയുകയും ചെയ്യും. മൂന്നാമതും കുറ്റം ചെയ്യുന്നവന് ഒരിക്കലും നന്നാവാത്ത ക്രിമിനൽ കുറ്റവാളിയ്ക്ക് സമൂഹത്തിന്റെ ശത്രുവീന്ന നിലയ്ക്ക് വധശിക്ഷ നൽകി.

എഡ്വേർഡ് ആറാമൻ: ആരാണോ പണിയെടുക്കാൻ വിസമ്മതിക്കുന്നത്, അയാളെ പ്രസ്തുത ആരോപണമുന്നയിച്ചയാളിന്റെ അടിമയാക്കുന്നതാണെന്ന് പറയുന്ന ഒരു നിയമം അദ്ദേഹത്തിന്റെ ഭരണത്തിന്റെ ആദ്യവർഷമായ 1547 ൽ ഏർപ്പെടുത്തി. റൊട്ടിയും വെള്ളവും നേർത്ത സൂപ്പും കനിവു തോന്നിയാൽ മാംസത്തിന്റെ ഉച്ഛിഷ്ടവുമായിരിക്കും യജമാനൻ അടിമയ്ക്ക് നൽകുന്ന ഭക്ഷണം. ചാട്ടയും ചങ്ങലയും ഉപയോഗിച്ച് യജമാനന് അടിമയെക്കൊണ്ട് എന്തു ജോലിയും –അങ്ങേയറ്റം അറപ്പുളവാക്കുന്നതുപോലും –ചെയ്യിക്കാൻ അവകാശമുണ്ട്. അടിമ രണ്ടാഴ്ച പണിക്കു വരാതിരുന്നാൽ അവൻ ആജീവനാന്തം അടിമയായിരിക്കും. പഴുപ്പിച്ച ഇരുമ്പുകൊണ്ട് അവന്റെ നെറ്റിയിലോ പുറത്തോ " S " എന്ന അക്ഷരം അടയാളപ്പെടുത്തും. അവൻ മൂന്ന് തവണ ഓടിപ്പോയാൽ കൊടിയ കുറ്റവാളിയെന്ന നിലയ്ക്ക് അവനെ തൂക്കിലേറ്റും .തന്റെ കൈവശമുള്ള മറ്റേതു ജംഗമവസ്തുക്കളേയും കന്നുകാലികളേയുംപോലെ യജമാനന് അവനെ വിൽക്കുകയോ ഒസ്യത്തായി നൽകുകയോ അടിമയായി വാടകയ്ക്ക് കൊടുക്കുകയോ എന്തു വേണമെങ്കിലും ചെയ്യാം. അടിമകൾ തങ്ങളുടെ യജമാനന്മാർക്കെതിരെ എന്തിനെങ്കിലും മുതിർന്നാൽ അവരെ വധിക്കുന്നതാണ്. വിവരം കിട്ടുമ്പോൾ മജിസ്ട്രേട്ടുമാർ ആ തെമ്മാടികളെ വേട്ടയാടി പിടികൂടണം. ഒരു തെണ്ടി മൂന്നു ദിവസം അടുപ്പിച്ച് പണിയൊന്നും ചെയ്യാതിരുന്നാൽ അവനെ അവന്റെ ജന്മസ്ഥലത്ത് കൊണ്ടുപോവുകയും ഇരുമ്പു പഴുപ്പിച്ച് V എന്ന അക്ഷരം അവന്റെ നെഞ്ചത്ത് അടയാളപ്പെടുത്തുകയും ചങ്ങലയ്ക്കിട്ട് അവനെക്കൊണ്ട് റോഡുപണിയോ മറ്റെന്തെങ്കിലും ജോലിയോ ചെയ്യിക്കുകയും വേണം .ഒരു തെണ്ടി തന്റെ ജന്മദേശത്തെപ്പറ്റി കളവു പറഞ്ഞാൽ അവൻ ആജീവനാന്തം ആ സ്ഥലത്തിന്റേയും അവിടത്തെ നിവാസികളുടേയും അതല്ലെങ്കിൽ അവിടത്തെ കോർപ്പറേഷന്റെയും അടിമയായിരിക്കും കൂടാതെ അവന്റെ ദേഹത്ത് "S" എന്ന അടയാളം ചൂടുവയ്ക്കുകയും ചെയ്യും. തെണ്ടികളുടെ കുഞ്ഞുങ്ങളെ പിടിച്ചുകൊണ്ടുപോകാനും ആണാണെങ്കിൽ 24 വയസ്സുവരെയും പെണ്ണാണെങ്കിൽ 20 വയസ്സുവരെയും തൊഴിൽപരിശീലകരാക്കിവയ്ക്കാനും ഏതൊരാൾക്കും അവകാശമുണ്ട്. അവർ ഓടിപ്പോയാൽ അത്രയും വയസ്സു തികയുന്നതുവരെ അവർ യജമാനന്മാരുടെ അടിമകളായായിരിക്കും. യജമാനന്മാർക്ക് അവരെ ചങ്ങലയ്ക്കിടുകയോ ചാട്ടകൊണ്ടടിക്കുകയോ എന്തു വേണമെങ്കിലും ചെയ്യാം. തന്റെ അടിമയെ കൂടുതൽ എളുപ്പം തിരിച്ചറിയാനും അവൻ ഓടിപ്പോവാതി

രിക്കാനും വേണ്ടി യജമാനന് അവന്റെ കഴുത്തിലോ കാലിലോ ഒരു ഇരുമ്പുവളയം ഇടാവുന്നതാണ്.* ഭക്ഷണം കൊടുക്കാനും ജോലി കണ്ടുപിടിച്ചുകൊടുക്കാനും തയ്യാറാ ണെങ്കിൽ ഒരു പ്രദേശത്തിനോ വ്യക്തികൾക്കോ പാവങ്ങളെ പണിക്കെടു ക്കാമെന്ന് നിയമത്തിന്റെ അവസാനഭാഗത്ത് പറയുന്നുണ്ട്, പത്തൊമ്പതാം നൂറ്റാണ്ടു വരെ ഇത്തരം ഇടവകയടിമകൾ ഇംഗ്ലണ്ടിലുണ്ടായിരുന്നു. അവരെ "റോന്തുകാർ" എന്നു വിളിച്ചുപോന്നു.

എലിസബത്ത്, 1572: പതിനാലു വയസ്സിന് മുകളിലുള്ളവരും പിച്ചതെണ്ടാൻ അനുവാദമില്ലാത്തവരുമായ യാചകരെ-അവരെ രണ്ടു വർഷത്തേക്ക് ആരും പണിക്കെടുത്തില്ലെങ്കിൽ-കഠിനമായി ചാട്ടകൊണ്ടടി ക്കുകയും അവരുടെ ഇടതുചെവിയിൽ ഇരുമ്പു പഴുപ്പിച്ചുവയ്ക്കുകയും വേണം. കുറ്റം ആവർത്തിച്ചാൽ പതിനെട്ടുവയസിനു മുകളിലാണെങ്കിൽ തൂക്കിക്കൊല്ലും. തൂക്കിക്കൊല്ലാതിരിക്കണമെങ്കിൽ ആരെ ങ്കിലും അവനെ രണ്ടു വർഷത്തേക്ക് പണിക്കെടുക്കണം. എന്നാൽ മൂന്നാ മതും കുറ്റം ചെയ്യുന്ന വരെ കൊടുംകുറ്റവാളികളെന്ന നിലയ്ക്ക് യാതൊരു ദാക്ഷിണ്യവുമില്ലാതെ തൂക്കിലേറ്റുന്നതാണ്. ഇതിന് സദൃശമായ നിയമങ്ങളാണ് എലിസബത്തിന്റെ ഭരണത്തിന്റെ 18 -ാംവർഷ ത്തിൽ കൊണ്ടുവന്ന നിയമവും 1597 ലെ നിയമവും.**

* 1770-ൽ ഇറങ്ങിയ Essay on Trade... എന്ന പുസ്തകത്തിന്റെ രചയിതാവ് പറയുന്നു: "എഡ്വേർഡ് ആറാമന്റെ ഭരണകാലത്ത് വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിലും പാവങ്ങളെക്കൊണ്ട് പണിയെടുപ്പിക്കുന്നതിലും ഇംഗ്ലീഷുകാർ കാര്യമായി തുനിഞ്ഞിറങ്ങി യിരിക്കുകയാണെന്നു തോന്നുന്നു. ഒരൊന്നാന്തരം നിയമത്തിൽനിന്ന് ഇത് വ്യക്ത മാണ്. അതിൽ പറയുന്നു: 'എല്ലാ തെണ്ടികളേയും ചുടുവയ്ക്കുന്നതാണ്, മറ്റും മറ്റും." മുമ്പുദ്ധരിച്ച കൃതി, പേജ് 5

** "ഉട്ടോപ്യ" എന്ന ഗ്രന്ഥത്തിൽ തോമസ് മൂർ പറയുന്നു: "ആർത്തി പിടിച്ചവനും ഒരിക്കലും മതിവരാത്തവനുമായ ഒരു തീറ്റിപ്പണ്ടം-തന്റെ ജന്മനാടിന് ശരിക്കുമൊരു ശാപമായ അത്തരമൊരാൾ-ആയിരക്കണക്കിനേക്കർ ഭൂമി കൈവശപ്പെടുത്തുകയും വേലികെട്ടി തിരിക്കുകയും ചെയ്യുന്നു. അതിന്റെ ഉടമസ്ഥരെ ആട്ടിയോടിക്കുന്നു. അല്ലെങ്കിൽ വഞ്ചനയും സൂത്രവും പ്രയോഗിച്ചോ മൃഗീയമായ മർദ്ദനത്തിലൂടേയോ പുറത്താക്കുന്നു. അതുമല്ലെങ്കിൽ തങ്ങൾക്കനുഭവിക്കേണ്ടിവരുന്ന അപമാനങ്ങളും കൊള്ളരുതായ്മകളും കൊണ്ട് സഹികെട്ട് അവർ ഉള്ളതെല്ലാം വിൽക്കാൻ നിർബ്ബന്ധിതരാവുന്നു. ഒരു വഴിക്കല്ലെങ്കിൽ മറ്റൊരു വഴിക്ക് അവരെ അടിച്ചോടിക്കുന്നു. ദയനീയരായ ആ സാധുക്കൾ-ആണും പെണ്ണും, ഭർത്താക്കന്മാരും ഭാര്യമാരും, അച്ഛനില്ലാത്ത കുട്ടികളും വിധവകളും, കൈക്കുഞ്ഞുങ്ങളുമായി ദു:ഖാർത്തരായ അമ്മമാരും -തങ്ങളുടെ വീട്ടുസാമാനങ്ങൾ മുഴു വനുമെടുത്തുക്കൊണ്ട് ഇറങ്ങിപ്പോകുന്നു. ആ സാമാനങ്ങളിൽ കാര്യമായിട്ടൊന്നുമില്ല. എങ്കിലും അവ എണ്ണത്തിൽ ധാരാളമുണ്ട്. കാരണം ,കൃഷിപ്പണിക്ക് വളരെപ്പേർ വേണമല്ലൊ, പരിചിതമായ സ്വന്തം വീടുകളുപേക്ഷിച്ച്, വിശ്രമിക്കാനിടമില്ലാതെ, അവർ തെണ്ടിത്തിരിയുന്നു. അവരുടെ വീട്ടുസാമാനങ്ങൾക്ക് വലിയ വിലയില്ലെങ്കിലും അവ വിറ്റാൽ കുറെ പണം കിട്ടും... പക്ഷേ പെട്ടെന്ന് വിൽക്കേണ്ടി വരുന്നതുകൊണ്ട് അവ തുച്ഛമായ വിലയ്ക്ക് വിൽക്കാൻ അവർ നിർബ്ബന്ധിതരാവുന്നു തെണ്ടി ത്തിരിയുന്നതിനിടയിൽ, ആ പണം മുഴുവനും ചെലവായിക്കഴിയുമ്പോൾ മോഷണമല്ലാതെ അവർക്ക് വേറെന്താണ് ഒരു വഴി? പക്ഷേ അപ്പോൾ അവരെ നിയമപ്രകാരം കഴുവേറ്റുന്നു. അതല്ല, ഭിക്ഷയെടുത്താലോ? അപ്പോഴും തെണ്ടികളെന്ന നിലയ്ക്ക് അവരെ പിടിച്ച് ജയിലിടുന്നു. .കാരണം, അവർ പണിയെടുക്കാതെ അലഞ്ഞുനടക്കുകയാണല്ലൊ, പക്ഷേ ജോലി കിട്ടാൻ എത്ര ശുഷ്കാന്തിയോടെ ശ്രമിച്ചാലും അവർക്ക് ആരും ജോലി കൊടുക്കു കയില്ല." മോഷ്ടിക്കാൻ നിർബ്ബന്ധിതരാവുന്നുവെന്നു തോമസ് മൂർ പറയുന്ന ഈ പാവപ്പെട്ട അഗതികളിൽ ഹെൻറി എട്ടാമന്റെ ഭരണകാലത്ത് "പെരുങ്കള്ളന്മാരും ചെറിയ കള്ളന്മാരുമായ 7200 പേരെ തൂക്കിലേറ്റി." (Holinshed Description of England Vol. I .p. 186) എലിസബത്തിന്റെ ഭരണകാലത്ത് "തെണ്ടികളെ നിരത്തി നിർത്തിയാണ്

ജെയിംസ് ഒന്നാമൻ: അലഞ്ഞുനടന്ന് ഭിക്ഷ യാചിക്കുന്ന ഏതൊരാളും തെണ്ടിയും തെമ്മാടിയുമാണെന്നു പ്രഖ്യാപിക്കപ്പെടുന്നു. പെറ്റികേസുവിചാരണകളിൽ അവർക്ക് പരസ്യമായ അടിശിക്ഷയും ആദ്യംചെയ്യുന്ന കുറ്റത്തിന് ആറുമാസം തടവും രണ്ടാമത്തേതിന് രണ്ടു വർഷം തടവും വിധിക്കാൻ മജിസ്ട്രേട്ടുമാർക്ക് അധികാരമുണ്ട്. ജയിലിൽ കിടക്കുമ്പോൾ മജിസ്ട്രേട്ടുമാർക്ക് അവരെ ഇഷ്ടമുള്ളത്ര തവണ ചാട്ടയക്കടിപ്പിക്കാം.. ഒരിക്കലും നന്നാവാത്തവരും അപകടകാരികളുമായ തെണ്ടികളുടെ ഇടതുതോളിൽ R എന്ന അക്ഷരം പഴുപ്പിച്ചുവയ്ക്കുകയും അവരെക്കൊണ്ട് കഠിനാദ്ധ്വാനം ചെയ്യിക്കുകയും ചെയ്യും. വീണ്ടും പിച്ചതെണ്ടുന്നതായി കണ്ടാൽ അവരെ നിർദ്ദയം തൂക്കിക്കൊല്ലും. പതിനെട്ടാം നൂറ്റാണ്ടിന്റെ ആരംഭംവരെ പ്രാബല്യത്തിലുണ്ടായിരുന്ന ഈ നിയമങ്ങൾ ആനിരാജ്ഞിയുടെ ഭരണത്തിലെ 12-ാ മത്തെ നിയമം വന്നപ്പോൾ മാത്രമാണ് റദ്ദാക്കപ്പെട്ടത്.

അത്തരം നിയമങ്ങൾ ഫ്രാൻസിലുമുണ്ടായിരുന്നു. പതിനേഴാം നൂറ്റാണ്ടിന്റെ മദ്ധ്യമാവുമ്പോഴേക്കും പാരീസിൽ തെണ്ടികളുടെ ഒരു സാമ്രാജ്യം സ്ഥാപിക്കപ്പെട്ടിരുന്നു. ലുയി പതിനാറാമന്റെ ഭരണത്തിന്റെ തുടക്കത്തിൽത്തന്നെ, 1777 ജൂലൈ 13 നു പുറപ്പെടുവിച്ച കല്പനയിൽ പതിനാറു വയസ്സിനും അറുപതു വയസ്സിനുമിടയ്ക്ക് പ്രായവും നല്ല ആരോഗ്യവുമുള്ള ആളുകൾ അഷ്ടിക്കു വകയോ സ്വന്തമായ തൊഴിലോ ഇല്ലാത്തവരാണെങ്കിൽ അവരെ കപ്പലിൽ തണ്ടു വലിക്കാൻ അയക്കണമെന്നും വ്യവസ്ഥചെയ്തിരുന്നു. നെതർലാൻഡ്സിനുവേണ്ടിയുള്ള ചാൾസ് അഞ്ചാമന്റെ നിയമം (1537 ഒക്ടോബർ). ഹോളണ്ടിലെ സ്റ്റേറ്റുകളുടേയും പട്ടണങ്ങളുടേയും ആദ്യത്തെ രാജശാസനം (1614 മാർച്ച് 19). ഐക്യപ്രവിശ്യകളുടെ "പ്ലക്കാറ്റ്"(1649 ജൂൺ 25) തുടങ്ങിയവ ഇതേ തരത്തിൽ പെട്ടവയാണ്.

ആദ്യം മണ്ണിൽനിന്ന് ബലാൽക്കാരമായി പിഴുതുമാറ്റുകയും സ്വന്തം വീടുകളിൽനിന്ന് അടിച്ചിറക്കുകയും തെണ്ടികളായി മാറ്റുകയും ചെയ്തശേഷം കർഷകജനതയെ ബീഭത്സമാംവണ്ണം ഭയങ്കരമായ നിയമങ്ങളുപയോഗിച്ച് ചമ്മട്ടികൊണ്ടടിച്ചും ചുടുവച്ചും ഭേദ്യംചെയ്തും കൂലിവ്യവസ്ഥയ്ക്കാവശ്യമായ അച്ചടക്കത്തിൽ കൊണ്ടുവന്നത് ഇങ്ങനെയാണ്.

സമൂഹത്തിന്റെ ഒരു ധ്രുവത്തിൽ മൂലധനത്തിന്റെ രൂപത്തിൽ അദ്ധ്വാനോപാധികൾ സാന്ദ്രീകരിക്കുകയും മറ്റേ ധ്രുവത്തിൽ സ്വന്തം

---

തൂക്കിലേറ്റിയത്. സാധാരണഗതിയിൽ മുന്നൂറോ നാനൂറോ പേർ കഴുമരങ്ങൾക്കിരയാവാതെ ഒരൊറ്റ വർഷംപോലും കടന്നുപോയിട്ടില്ല." (Strype, Annals of Reformation and Establishment of Religion. and other Varios Occurrences in the Church of England during Queen Elizabeth's Happy Region .Second ed, 1725, Vol.2.) അതേ സ്ട്രൈപ്പിന്റെ കണക്കനുസരിച്ച് സോമർസെറ്റ്ഷയറിൽ ഒരൊറ്റ വർഷത്തിൽ 40 പേരെ തൂക്കിക്കൊന്നു, 35 കൊള്ളക്കാരുടെ കൈകൾ പൊള്ളിച്ചു. 37 പേരെ മുക്കാലിയിൽ കെട്ടി അടിച്ചു. 183 പേരെ "ഒരിക്കലും നന്നാവാത്ത തെണ്ടികൾ" എന്ന നിലയ്ക്ക് വിട്ടയച്ചു. പക്ഷേ ന്യായാധിപൻമാരുടെ ഉപേക്ഷയും ജനങ്ങളുടെ ബുദ്ധ്യശൂന്യമായ ദയാവായ്പും മൂലം തടവുകാരുടെ ഈ വലിയ സംഖ്യതന്നെ യഥാർത്ഥകുറ്റവാളികളുടെ അഞ്ചിലൊന്നുപോലും വരില്ലെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. ഇംഗ്ലണ്ടിലെ മറ്റു കൗണ്ടികൾ ഇക്കാര്യത്തിൽ സോമർസെറ്റ്ഷയറിനെക്കാൾ ഒട്ടും മെച്ചമായിരുന്നില്ല. ചിലത് അതിലും മോശമായിരുന്നു.

അദ്ധ്വാനശക്തിയല്ലാതെ മറ്റൊന്നും വിൽക്കാനില്ലാത്തവർ സഞ്ചയിക്കുകയും ചെയ്തതുകൊണ്ടായില്ല. അവർ ആ അദ്ധ്വാനശക്തി സ്വമേധയാ വിൽക്കാൻ നിർബ്ബന്ധിതരായാലും പോരാ. വിദ്യാഭ്യാസവും പാരമ്പര്യവും ശീലവും കൊണ്ട് ആ ഉല്പാദനരീതിയുടെ സാഹചര്യങ്ങളെ സ്വയംവ്യക്തമായ പ്രകൃതിനിയമങ്ങളായി കാണുന്ന ഒരു തൊഴിലാളിവർഗമാണ് മുതലാളിത്തോല്പാദനത്തിന്റെ പുരോഗതിക്കിടയിൽ വളർത്തിയെടുക്കപ്പെടുന്നത്. മുതലാളിത്തോല്പാദനപ്രക്രിയയുടെ സംഘാടനം പൂർണവികാസം പ്രാപിച്ചുകഴിഞ്ഞാൽ അത് എല്ലാ എതിർപ്പിനേയും തകർക്കുന്നു. ആപേക്ഷികമിച്ചജനസംഖ്യയുടെ നിരന്തരമായ ഉല്പാദനം അദ്ധ്വാനത്തിന്റെ സപ്ലൈയും ഡിമാൻഡുമെന്ന നിയമത്തെ നിലനിർത്തുകയും അങ്ങനെ തൊഴിലാളികളുടെ കൂലിയെ മൂലധനത്തിന്റെ ആവശ്യത്തിനനുരോധമായ പരിധികൾക്കുള്ളിൽ നിർത്തുകയും ചെയ്യുന്നു. സാമ്പത്തികബന്ധങ്ങളുടെ നിർവികാര സമ്മർദ്ദം തൊഴിലാളിയുടെമേലുള്ള മേധാവിത്വത്തെ പൂർത്തിയാക്കുന്നു. സാമ്പത്തികബന്ധങ്ങൾക്ക് വെളിയിലുള്ള പ്രത്യക്ഷമായ ബലപ്രയോഗം ഇപ്പോഴും നടക്കുന്നുണ്ടെങ്കിലും അത് അപൂർവമാണ്. സാധാരണഗതിയിൽ തൊഴിലാളിയെ "ഉല്പാദനത്തിന്റെ സ്വാഭാവികനിയമങ്ങളുടെ" വാഴ്ചയ്ക്ക് , അതായത് അവൻ മൂലധനത്തെ ആശ്രയിച്ചു നിൽക്കുന്ന അവസ്ഥയ്ക്ക്, വിടാവുന്നതാണ്. ഉല്പാദനോപാധികളിൽ നിന്നുതന്നെ ഉളവാകുന്നതും ശാശ്വതമായി നിലനിൽക്കുമെന്ന് അവ ഉറപ്പു നൽകുന്നതുമായ ഒരു ആശ്രിതത്വമാണ് അത്. മുതലാളിത്തോല്പാദനത്തിന്റെ ഉല്പത്തിയുടെ ചരിത്രഘട്ടത്തിൽ സ്ഥിതി നേരെ മറിച്ചായിരുന്നു.. ഉയർന്നുവരുന്ന ബൂർഷ്വാസിക്ക് "കൂലി ക്രമീകരിക്കാൻ"–അതായത്. കൂലിയെ മിച്ചമൂല്യമുണ്ടാക്കാൻ പറ്റിയ പരിധികൾക്കുള്ളിൽ പിടിച്ചു നിർത്താനും ജോലിസമയം നീട്ടാനും തൊഴിലാളിയെത്തന്നെ സാധാരണതോതിലുള്ള ആശ്രിതത്വത്തിൽ നിർത്താനും– ഭരണാധികാരം ആവശ്യമാണ്. അത് ഭരണാധികാരം ഈ ലക്ഷ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുകയും ചെയ്യുന്നു. ഇതാണ് ആദിമസഞ്ചയമെന്നു പറയപ്പെടുന്നതിന്റെ സത്ത.

പതിന്നാലാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഉയർന്നുവന്ന കൂലിവേലക്കാരുടെ വർഗം അന്നും അടുത്ത നൂറ്റാണ്ടിലും ജനസംഖ്യയുടെ വളരെച്ചെറിയ ഒരു ഭാഗം മാത്രമായിരുന്നു. ഗ്രാമങ്ങളിലെ കർഷകരുടെ സ്വാശ്രയത്വമാർന്ന സമ്പദ്വ്യവസ്ഥയും പട്ടണങ്ങളിലെ ഗിൽഡ്സംവിധാനവും മൂലം ആ വർഗത്തിന്റെ സ്ഥിതി സുരക്ഷിതമായിരുന്നു. പട്ടണങ്ങളിലായാലും ഗ്രാമങ്ങളിലായാലും യജമാനനും പണിക്കാരനും സാമൂഹ്യമായി അടുത്തടുത്താണ് നിന്നിരുന്നത്. മൂലധനത്തോടുള്ള അദ്ധ്വാനത്തിന്റെ വിധേയത്വം വെറും ഔപചാരികമായ ഒന്നായിരുന്നു. അതായത് ഉല്പാദനരീതി സവിശേഷമായ മുതലാളിത്തസ്വഭാവം ഇനിയും ആർജ്ജിച്ചിരുന്നില്ല, സ്ഥിരമൂലധനത്തെ അപേക്ഷിച്ച് അസ്ഥിരമൂലധനത്തിനായിരുന്നു ഗണ്യമായ മുൻതൂക്കം. തന്മൂലം മൂലധനത്തിന്റെ ഒരോ സഞ്ചയത്തോടുമൊപ്പം കൂലിവേലയ്ക്കുള്ള ഡിമാൻഡ് അതിവേഗം വർദ്ധിച്ചു. പക്ഷേ കൂലിവേലയുടെ സപ്ലൈ ഡിമാൻഡിന്റെ പുറകെ മെല്ലെ നീങ്ങിയതേയുള്ളു. ദേശീയോല്പാദന

ത്തിന്റെ വലിയൊരു ഭാഗം–പിന്നീട് അത് മൂലധനസഞ്ചയനിധിയായിമാറി–അപ്പോഴും പോയത് തൊഴിലാളിയുടെ ഉപഭോഗനിധിയിലേക്കാണ്

ആദ്യംതൊട്ടേ തൊഴിലാളിയെ ചൂഷണം ചെയ്യുകയെന്ന ഉന്നത്തോടുകൂടിയതും മുന്നോട്ടു പോകുന്തോറും അവനോട് അത്രതന്നെ ശത്രുത പുലർത്തിയതു*മായ കൂലിവേലയെക്കുറിച്ചുള്ള നിയമനിർമ്മാ ണത്തിന് തുടക്കമിട്ടത് ഇംഗ്ലണ്ടാണ് .1349–ൽ എഡ്വേർഡ് മൂന്നാമന്റെ ഭരണകാലത്ത് കൊണ്ടുവന്ന തൊഴിലാളിനിയമമായിരുന്നു ആദ്യത്തെ നിയമം. 1350–ൽ ജോൺ രാജാവിന്റെ പേരിൽ ഫ്രാൻസിൽ പുറപ്പെടുവിച്ച ഓർഡിനൻസും അതിനോടു സാദൃശ്യമുള്ള ഒന്നാണ്. ഇംഗ്ലണ്ടിലേയും ഫ്രാൻസിലേയും നിയമനിർമ്മാണം സമാന്തരമായിട്ടാണ് നീങ്ങിയത്. രണ്ടിന്റേയും ലക്ഷ്യവും ഒന്നായിരുന്നു. തൊഴിൽദിവസത്തിന്റെ ദൈർഘ്യം നിർബ്ബന്ധപൂർവ്വം വർദ്ധിപ്പിക്കാനുള്ള മാർഗമെന്ന നിലയ്ക്ക് തൊഴിൽനിയമങ്ങളെക്കുറിച്ച് ഞാനിവിടെ ഒന്നും പറയുന്നില്ല. കാരണം, ഞാൻ അതേപ്പറ്റി നേരത്തെ പറഞ്ഞുകഴിഞ്ഞു.

കോമൺസ് സഭയുടെ നിർബ്ബന്ധംകൊണ്ടാണ് തൊഴിലാളി നിയമം പാസ്സാക്കിയത്.

ഒരു ടോറി കക്ഷിക്കാരൻ ശുദ്ധഗതിയോടെ പറയുന്നു: "മുമ്പൊക്കെ പാവപ്പെട്ടവർ വ്യവസായത്തിനും സമ്പത്തിനും ഭീഷണിയുളവാക്കത്തക്ക ഉയർന്ന വേതനം ആവശ്യപ്പെട്ടിരുന്നു. ഇപ്പോഴാവട്ടെ വ്യവസായത്തിനും സമ്പത്തിനും അത്രതന്നയോ ഒരുപക്ഷേ അതിലേറെയോ ഭീഷണിയാവത്തക്കവണ്ണം വേതനം കുറഞ്ഞിരിക്കുന്നു,"**

പട്ടണങ്ങൾക്കും ഗ്രാമങ്ങൾക്കുംവേണ്ടിയും പീസ്‌വർക്കിനും ദിവസവേലയ്ക്കും വേണ്ടിയുമുള്ള കൂലിനിരക്കുകൾ നിയമം മുഖേന നിജപ്പെടുത്തി. കർഷകത്തൊഴിലാളികൾ ഒരു വർഷത്തേക്കും പട്ടണങ്ങളിലെ തൊഴിലാളികൾ "തുറന്ന കമ്പോള"ത്തിലും കൂലിക്കു പണിയെടുക്കണമെന്നായിരുന്നു നിബന്ധന. നിയമത്തിൽ പറഞ്ഞിട്ടുള്ള തിലധികം കൂലികൊടുക്കുന്നത് കർശനമായി വിലക്കിയിരുന്നു. അങ്ങനെ ചെയ്യുന്നവർക്ക് ജയിൽശിക്ഷ നൽകുമെന്നും പറഞ്ഞിരുന്നു. കൂടുതൽ കൂലി വാങ്ങുന്നവർക്കാണ് കൊടുക്കുന്നവരേക്കാൾ കടുത്ത ശിക്ഷ നൽകിയത്. (എലിസബത്ത് രാജ്ഞി ഏർപ്പെടുത്തിയ അപ്രന്റീസുകളുടെ നിയമത്തിന്റെ 18 ഉം 19 ഉം വകുപ്പുകളനുസരിച്ച് കൂടുതൽ കൂലി കൊടുക്കുന്നവർക്ക് പത്തു ദിവസത്തെ തടവും വാങ്ങുന്നവർക്ക് 21 ദിവസത്തെ തടവുമായിരുന്നു ശിക്ഷ.) 1360 ലെ ഒരു നിയമം ശിക്ഷ കൂട്ടി. നിയമം മുഖേന നിജപ്പെടുത്തിയ കൂലിക്ക് തൊഴിലാളികളെക്കൊണ്ട് ദേഹദണ്ഡമേല്പിച്ചും പണിയെടുപ്പിക്കാൻ അത് മുതലാളിമാർക്ക് അധികാരം നൽകി. കല്ലാശാരിമാരേയും

---

*"യജമാനന്മാരും അവരുടെ തൊഴിലാളികളും തമ്മിലുള്ള തർക്കം തീർക്കാൻ നിയമസഭ എപ്പോഴെല്ലാം ശ്രമിച്ചുവോ അപ്പോഴെല്ലാം അതിന്റെ ഉപദേഷ്ടാക്കൾ യജമാനന്മാരായിരുന്നു." ആഡംസ്മിത്ത് പറയുന്നു: "സ്വത്താണ് നിയമത്തിന്റെ ആത്മാവ്. ലെംഗെ പറയുന്നു.

**(J.B. Byles) Sophisms of free Trade, By a Barrister, London, 1850, p, 206. അദ്ദേഹം പകയോടെ കൂട്ടിച്ചേർക്കുന്നു: "തൊഴിലുടമയ്ക്ക് വേണ്ടി ഇടപെടാൻ നമ്മൾ എപ്പോഴും തയ്യാറായിരുന്നു. ഇന്ന് തൊഴിലാളിക്കുവേണ്ടി നമുക്ക് ഒന്നും ചെയ്യാനാവില്ലേ?"

മരയാശാരിമാരേയും യോജിപ്പിച്ചിരുന്ന എല്ലാ കൂട്ടുകെട്ടുകളും കരാറുകളും സത്യപ്രതിജ്ഞ കളും മറ്റും അസാധുവാണെന്ന് പ്രഖ്യാപിക്കപ്പെട്ടു. പതിന്നാലാം നൂറ്റാണ്ട്തൊട്ട് ട്രേഡ്യൂണിയനുകൾ ക്കെതിരായ നിയമങ്ങൾ റദ്ദാക്കപ്പെട്ട 1825 മാണ്ടുവരെ തൊഴിലാളികളുടെ കൂട്ടുകെട്ടുകളെ വീക്ഷിച്ചുപോന്നത് ഭയങ്കരകുറ്റമായിട്ടാണ്. കൊടുക്കാവുന്ന ഏറ്റവും കൂടിയ കൂലിയാണ്, കൊടുക്കേണ്ട ഏറ്റവും കുറഞ്ഞ കൂലിയല്ല സർക്കാർ നിശ്ചയിച്ചിരുന്നത് എന്ന വസ്തുത 1349 ലെ തൊഴിലാളിനിയമത്തിന്റേയും തുടർന്നുവന്ന നിയമങ്ങളുടേയും അന്തഃസത്തയെ വ്യക്തമായി വെളിപ്പെടുത്തുന്നു.

പതിനാറാം നൂറ്റാണ്ടിൽ തൊഴിലാളികളുടെ സ്ഥിതി ഒട്ടേറെ മോശമായെന്ന കാര്യം അറിവുള്ളതാണല്ലോ. പണമായി കിട്ടുന്ന കൂലിയുടെ തുക ഉയർന്നു. പക്ഷേ പണത്തിന് സംഭവിച്ച മൂല്യശോഷണത്തിനും തദനുസൃതമായുണ്ടായ ചരക്കുകളുടെ വിലക്കയറ്റത്തിനും അനുരോധമായിരുന്നില്ല ആ വർദ്ധനവ്. അതുകൊണ്ട് ഫലത്തിൽ യഥാർത്ഥ കൂലി കുറയുകയാണുണ്ടായത്. എങ്കിലും കൂലി താണ നിലയിൽത്തന്നെ നിർത്താനുള്ള നിയമങ്ങളും അവയോടൊപ്പം "ജോലിക്ക് നിർത്താൻ ആർക്കും സമ്മതമില്ലാത്ത"വരുടെ ചെവി ചെത്തിക്കളയലും ദേഹത്ത് ചൂടുവയ്ക്കലുമെല്ലാം തുടർന്നുപോന്നു. എലിസബത്തിന്റെ ഭരണത്തിന്റെ അഞ്ചാം വർഷത്തിൽ ഏർപ്പെടുത്തിയ അപ്രന്റിസുകൾക്കുള്ള നിയമത്തിന്റെ മൂന്നാം അദ്ധ്യായമനുസരിച്ച് കൂലി നിശ്ചയിക്കാനും കാലവും സാധനവിലയും നോക്കി അതിൽ മാറ്റം വരുത്താനും മജിസ്ട്രേട്ടുമാർക്ക് അധികാരമുണ്ടായിരുന്നു. ജെയിംസ് ഒന്നാമൻ ആ തൊഴിൽചട്ടങ്ങളെ നെയ്ത്തുകാർ, നൂൽനൂല്പുകാർ, തുടങ്ങിയ എല്ലാത്തരം തൊഴിലാളികൾക്കുംകൂടി ബാധകമാക്കി.* ജോർജ്ജ് രണ്ടാമൻ തൊഴിലാളികളുടെ കൂട്ടുകെട്ടുകൾക്കെതിരായ

*ചില വസ്ത്രനിർമ്മാതാക്കൾ മജിസ്ട്രേട്ട്മാരെന്ന തങ്ങളുടെ പദവി ഉപയോഗിച്ച് സ്വന്തം പണിശാലകളിലെ ഔദ്യോഗിക കൂലിനിരക്കുകൾ സ്വയം നിശ്ചയിച്ചതായി ജെയിംസ് ഒന്നാമന്റെ ഭരണത്തിന്റെ രണ്ടാം വർഷത്തിൽ കൊണ്ടുവന്ന നിയമത്തിന്റെ ആറാം അദ്ധ്യായത്തിലെ ഒരു വകുപ്പിൽനിന്ന് വെളിപ്പെടുന്നു. ജർമ്മനിയിൽ, വിശേഷിച്ച് മുപ്പ താണ്ടുയുദ്ധത്തിനുശേഷം കൂലിനിരക്കുകൾ താഴ്ത്തി നിർണയിക്കുന്ന നിയമങ്ങൾ സർവസാധാരണമായിരുന്നു. ."ആളൊഴിക്കപ്പെട്ട ജില്ലകളിൽ ഭൃത്യന്മാരുടേയും വേലക്കാരു ടേയും ദൗർലഭ്യം ഭൂവുടമകളെ വല്ലാതെ വലച്ചു. അവിവാഹിതരായ സ്ത്രീപുരുഷന്മാർക്ക് ഗ്രാമീണർ മുറികൾ വാടകയ്ക്ക് കൊടുക്കാൻ പാടില്ലെന്ന് വിലക്കുണ്ടായിരുന്നു. അവരെക്കുറിച്ച് അധികൃതരെ അറിയിക്കണമെന്നായിരുന്നു നിബന്ധന, ദിവസക്കൂലിക്ക് കൃഷിക്കാർക്കുവേണ്ടി വിത്തു വിതയ്ക്കുക. ധാന്യം വാങ്ങി വിൽക്കുക, തുടങ്ങിയ മറ്റു ജോലികൾ ചെയ്യുന്നുണ്ടെങ്കിൽപോലും ഭൃത്യരാവാൻ വിസ്സമ്മതിച്ചാൽ അവരെ ജയിലി ലിടും. ("സൈലേഷ്യയ്ക്കുള്ള രാജകീയവിശേഷാധികാരങ്ങളും വിലക്കുകളും, I, 125) തങ്ങളുടെ ദുർവിധിക്ക് വഴങ്ങാനും നിയമാനുസൃതമായ കൂലികൊണ്ടു തൃപ്തിപ്പെടാനും കൂട്ടാക്കാത്ത ദുഷ്ടന്മാരും ധിക്കാരികളുമായ നീചപ്പരിഷയെക്കുറിച്ചുള്ള വിലാപം ചെറുകിട ജർമ്മൻ നാട്ടുരാജാക്കന്മാരുടെ ഡിക്രികളിൽ ഒരു നൂറ്റാണ്ടു മുഴുവനും വീണ്ടും വീണ്ടും മുഴങ്ങിക്കേൾക്കാം. ഒരൊറ്റ ഭൂവുടമയും സർക്കാർ നിശ്ചയിച്ചതിലധികം കൂലി കൊടുക്കാൻ പാടില്ലെന്ന് വിലക്കുണ്ടായിരുന്നു. എന്നിട്ടും യുദ്ധാനന്തരസേവനവ്യവസ്ഥകൾ നൂറ് വർഷ ത്തിനുശേഷമുള്ളതിനെക്കാൾ ചിലപ്പോൾ ഭേദമായിരുന്നു. 1652-ൽ സൈലേഷ്യയിലെ കൃഷിപ്പണിക്കാർക്ക് ആഴ്ചയിൽ രണ്ടുതവണ മാംസം കിട്ടിയിരുന്നു. എന്നാൽ ഈ നൂറ്റാണ്ടിൽപോലും അവർക്ക് ആണ്ടിൽ മൂന്ന് പ്രാവശ്യം മാത്രം മാംസം കിട്ടുന്ന ജില്ലകളുണ്ട്. മാത്രമല്ല യുദ്ധാനന്തരകാലത്തെ കൂലി അടുത്ത നൂറ്റാണ്ടിലേതിനെക്കാൾ ഉയർന്നതായി രുന്നു," (ജി. ഫ്രെയ്റ്റാഗ്.)

നിയമങ്ങളെ എല്ലാ നിർമ്മാണത്തൊഴിലുകളിലേക്കും വ്യാപരിപ്പിച്ചു. നിർമ്മാണത്തൊഴിലുകൾ തഴച്ചുവളർന്നിരുന്ന കാലത്ത് മുതലാളിത്തോല്പാദനരീതി കൂലിയുടെ നിയമപരമായ ക്രമീകരണത്തെ അനാവശ്യമെന്നപോലെതന്നെ അപ്രായോഗികവുമാക്കത്തക്ക ശക്തിയാർജ്ജിച്ചുകഴിഞ്ഞിരുന്നു. പക്ഷേ വേണ്ടിവന്നാൽ പ്രയോഗിക്കുന്നതിന് പഴയ ആവനാഴിയിലെ ആയുധങ്ങൾ വിട്ടുകളയാൻ ഭരണാധികാരിവർഗങ്ങൾക്ക് സമ്മതമില്ലായിരുന്നു. എന്നിട്ടും ലണ്ടനിലും അതിനു ചുറ്റിനുമുള്ള ദിവസശമ്പളക്കാരായ തയ്യൽക്കാർക്ക് പൊതുദുഃഖാചരണ സമയത്തല്ലാതെ ഒരു ദിവസം 2 ഷില്ലിംഗ് 7 $^1/_2$ പെൻസിലധികം ശമ്പളം കൊടുക്കുന്നത് വിലക്കിക്കൊണ്ടുള്ള ഒരു നിയമം ജോർജ്ജ് രണ്ടാമൻ തന്റെ ഭരണത്തിന്റെ എട്ടാം വർഷത്തിൽ ഏർപ്പെടുത്തി. അതുപോലെ -ത്തന്നെ, ജോർജ്ജ് മൂന്നാമന്റെ ഭരണത്തിന്റെ 13-ാം വർഷത്തിൽ കൊണ്ടു-വന്ന നിയമത്തിന്റെ 68-ാം അദ്ധ്യായമനുസരിച്ച് പട്ടുതുണി നെയ്ത്തു കാരുടെ കൂലി നിശ്ചയിക്കാനുള്ള അധികാരം മജിസ്ട്രേട്ടു മാർക്ക് നൽകപ്പെട്ടു. 1796 ൽ പോലും കൂലി നിരക്കിനെക്കുറിച്ചുള്ള മജിസ്ട്രേട്ടുമാരുടെ കല്പനകൾ കർഷകത്തൊഴിലാളികൾക്കുകൂടി ബാധകമാണോയെന്നു തീരുമാനിക്കാൻ മേൽക്കോടതികളുടെ രണ്ടു വിധിന്യായങ്ങൾ വേണ്ടി വന്നു. എലിസബത്ത് രാജ്ഞി കൊണ്ടുവന്ന ഒരു നിയമത്തിന്റേയും 1661 ലും 1671 ലും സ്കോട്ലന്റിൽ പാസ്സാക്കിയ രണ്ട് നിയമങ്ങളുടേയും അടിസ്ഥാനത്തിലായിരിക്കും മേലിലും സ്കോട്ട്ലന്റിലെ ഖനിത്തൊഴിലാളികളുടെ കൂലി നിശ്ചയിക്കുന്നതെന്ന് പറഞ്ഞുകൊ ണ്ടുള്ള ഒരു ആക്ട് 1799 ൽ പോലും പാർലമെന്റ് പാസ്സാക്കി. എന്നാൽ ഇതിനിടയിൽ സാഹചര്യങ്ങൾ എത്രമാത്രം മാറിക്കഴിഞ്ഞിരുന്നുവെന്ന് ഇംഗ്ലണ്ടിലെ കോമൺസ് സഭയിൽ അതിനുമുമ്പൊരിക്കലുമുണ്ടാകാത്ത ഒരു സംഭവം തെളിയിക്കുന്നു. യാതൊരു കാരണവശാലും അതിനപ്പുറം കടക്കാൻ പാടില്ലാത്ത ഏറ്റവും കൂടിയ കൂലിയെത്രയെന്നു നിശ്ചയി ച്ചുകൊണ്ടുള്ള നിയമങ്ങൾ കഴിഞ്ഞ നാനൂറിൽ പരം വർഷങ്ങളായി പാസ്സാക്കിവന്ന ആ സഭയിൽ കർഷകത്തൊഴിലാളികൾക്ക് കൊടുക്കേണ്ട ഏറ്റവും കുറഞ്ഞ കൂലി നിയമം മൂലം നിശ്ചയിക്കണമെന്ന് 1796 ൽ വിറ്റ്ബ്രഡ് നിർദ്ദേശിച്ചു. പീറ്റ് അതിനെ എതിർത്തെങ്കിലും "പാവങ്ങളുടെ സ്ഥിതി ക്രൂരമാണെ"ന്ന് അദ്ദേഹം തുറന്നു സമ്മതിച്ചു. അവസാനം 1813 ൽ കൂലി ക്രമീകരിക്കുന്ന നിയമങ്ങൾ റദ്ദാക്കി. അവ നിരർത്ഥകമായിക്കഴിഞ്ഞിരുന്നു. കാരണം, മുതലാളി തന്റെ സ്വകാര്യനിയമങ്ങൾ വച്ചാണ് തന്റെ ഫാക്ടറിയിലെ കാര്യങ്ങൾ ക്രമീകരിച്ചത്. ധർമ്മവരിയുടെ സഹായത്തോടെ അയാൾക്ക് കർഷകത്തൊഴിലാളിയുടെ കൂലി അനുപേക്ഷണീയമായ മിനിമം കൂലിയിൽ കൊണ്ടെത്തിക്കാനും കഴിഞ്ഞിരുന്നു. മുതലാളിയും തൊഴിലാളിയും തമ്മിലുള്ള കരാറുകൾ സംബന്ധിച്ചും പരസ്പരം നോട്ടീസ് കൊടുക്കുന്നതു സംബന്ധിച്ചും മറ്റുമുള്ള തൊഴിൽനിയമങ്ങളിലെ വ്യവസ്ഥകൾ ഇന്നും പ്രാബല്യത്തിലുണ്ട്. കരാർ ലംഘിക്കുന്ന മുതലാളിക്കെതിരായി സിവിൽ നടപടിയെടുക്കാനേ പാടുള്ളുവെന്നും എന്നാൽ കരാർ ലംഘിക്കുന്ന തൊഴിലാളിക്കെതിരായി ക്രിമിനൽ നടപടിയെടുക്കാവുന്നതാണെന്നും ആ വ്യവസ്ഥകളിൽ

പറയുന്നു. തൊഴിലാളിവർഗം ഉയർത്തിയ ഭീഷണിയുടെ മുമ്പിൽ 1825 ൽ ട്രേഡ് യൂണിയനുകൾക്കെതിരായ കിരാതനിയമങ്ങൾ നിലംപൊത്തി. പക്ഷേ അവ ഭാഗികമായി മാത്രമേ നിലംപൊത്തിയുള്ളൂ. പഴയ നിയമത്തിന്റെ ചില സുന്ദരമായ നുറുങ്ങുകൾ അപ്രത്യക്ഷമായത് 1859 ൽ മാത്രമാണ്. അവസാനം 1871 ജൂൺ 29 ന് ട്രേഡ് യൂണിയനുകൾക്ക് നിയമം മുഖേന അംഗീകാരം നൽകിക്കൊണ്ട് പാർലമെന്റ് പാസ്സാക്കിയ ആക്ട് അത്തരം നിയമങ്ങളുടെ അവസാനത്തെ അവശിഷ്ടങ്ങളും തുടച്ചുനീക്കുന്നതായി നടിച്ചു. എന്നാൽ അതേ ദിവസം പാർലമെന്റ് പാസ്സാക്കിയ മറ്റൊരു ആക്ട് (അക്രമങ്ങളേയും ഭീഷണിയേയും കയ്യേറ്റങ്ങളേയും സംബന്ധിച്ച ക്രിമിനൽനിയമം ഭേദഗതി ചെയ്തുകൊണ്ടുള്ളത്) പഴയ സ്ഥിതിഗതികൾതന്നെ പുതിയൊരു രൂപത്തിൽ പുനഃസ്ഥാപിക്കുകയാണ് ഫലത്തിൽ ചെയ്തത്. ഈയൊരു പാർലമെന്ററി ചെപ്പടിവിദ്യയിലൂടെ ഒരു പണിമുടക്കിന്റേയോ ലോക്കൗട്ടിന്റേയോ സമയത്ത് തൊഴിലാളികൾക്കുപയോഗിക്കാവുന്ന മാർഗങ്ങൾ എല്ലാ പൗരന്മാർക്കും പൊതുവേ ബാധകമായ നിയമങ്ങളിൽ നിന്നും പിൻവലിക്കുകയും അസാധാരണശിക്ഷാനിയമത്തിന്റെ പരിധിയിൽ പെടുത്തുകയും ചെയ്തു. മജിസ്ട്രേട്ടുമാരെന്ന നിലയ്ക്ക് തൊഴിലുടമകൾതന്നെയാണ് ശിക്ഷാനിയമത്തെ വ്യാഖ്യാനിച്ചത്. തൊഴിലാളിവർഗത്തിനെതിരായ എല്ലാ അസാധാരണനിയമങ്ങളും റദ്ദാക്കണമെന്നു നിർദ്ദേശിക്കുന്ന ഒരു ബിൽ രണ്ടു വർഷം മുമ്പ് ഇതേ കോമൺസ് സഭയും ഇതേ മി.ഗ്ലാഡ്സ്റ്റണും സുവിദിതമായ നിർവ്യാജതയോടെ അവതരിപ്പിക്കുകയുണ്ടായി. പക്ഷേ അത് രണ്ടാം വായനയ്ക്കപ്പുറം പോയില്ല. അത് നീട്ടിക്കൊണ്ടുപോയി. അവസാനം, ടോറികളുമായി കൂട്ടുചേർന്നുകൊണ്ട് ''മഹത്തായ ലിബറൽ പാർട്ടി,''തങ്ങളെ അധികാരത്തിലേറ്റിയ അതേ തൊഴിലാളിവർഗ ത്തിനെതിരെ തിരിയാനുള്ള ധൈര്യം സമ്പാദിച്ചു. ഈ വഞ്ചനകൊണ്ടു തൃപ്തിപ്പെടാതെ "മഹത്തായ ലിബറൽ പാർടി" ഭരണാധികാരി വർഗങ്ങൾക്ക് എക്കാലത്തും പാദസേവചെയ്തുപോന്ന ഇംഗ്ലണ്ടിലെ ജഡ്ജിമാരെ ''ഗൂഢാലോചന"യ്ക്കെതിരായ പഴയ നിയമങ്ങൾ വീണ്ടും പൊക്കിയെടുക്കാനും അവയെ തൊഴിലാളികളുടെ കൂട്ടുകെട്ടുകൾക്കെ തിരെ ഉപയോഗിക്കാനും അനുവദിച്ചു. അങ്ങനെ തൊഴിലാളികൾക്കെതി രായ മുതലാളിമാരുടെ സ്ഥിരം ട്രേഡ്യൂണിയനെന്ന നിലയിൽ നിർലജ്ജമായ സ്വാർത്ഥതയോടെ അഞ്ചുറ് വർഷം തുടർന്നശേഷം സ്വഹിതത്തിനെതിരായും ബഹുജനസമ്മർദ്ദം മൂലവും മാത്രമാണ് ഇംഗ്ലണ്ടിലെ പാർലമെന്റ് പണിമുടക്കുകൾക്കും ട്രേഡ്യൂണിയനുകൾക്കു മെതിരായ നിയമങ്ങൾ ഉപേക്ഷിച്ചതെന്നു നമുക്ക് കാണാം.

വിപ്ലവത്തിന്റെ ആദ്യത്തെ കൊടുങ്കാറ്റുകൾക്കിടയിൽത്തന്നെ, തൊഴിലാളികൾ ആയിടെ മാത്രം നേടിയെടുത്ത സംഘം ചേരാനുള്ള അവകാശം അവരിൽനിന്ന് എടുത്തുകളയാൻ ഫ്രഞ്ച് ബൂർഷ്വാസി ധൈര്യപ്പെട്ടു. തൊഴിലാളികളുടെ എല്ലാത്തരം കൂട്ടുകെട്ടുകളും "സ്വാതന്ത്ര്യത്തിനും മനുഷ്യാവകാശ പ്രഖ്യാപനത്തിനുമെതിരായ ഉദ്യമ"മാണെന്നും 500 ലിവ്റെ പിഴയും സജീവപൗരനെന്ന നിലയ്ക്കുള്ള അവകാശങ്ങൾ ഒരു വർഷത്തേക്കെടുത്തുകളയലുമാണ് അതിനുള്ള

ശിക്ഷയെന്നും 1791 ജൂൺ 14 ലെ ഒരു ഡിക്രി മുഖേന അവർ പ്രഖ്യാപിച്ചു.* മൂലധനവും അദ്ധ്വാനവും തമ്മിലുള്ള സമരത്തെ സർക്കാരിന്റെ ബലപ്രയോഗത്തിലൂടെ മൂലധനത്തിന് സൗകര്യപ്രദമായ പരിധികൾക്കുള്ളിൽ ഒതുക്കിനിർത്തുന്ന ഈ നിയമം വിപ്ലവങ്ങളേയും രാജവംശങ്ങളുടെ മാറ്റങ്ങളേയും അതിജീവിച്ചിരിക്കുന്നു. ഭീകരഭരണം പോലും അതിനെ സ്പർശിച്ചില്ല. അത് ശിക്ഷാനിയമത്തിൽനിന്ന് നീക്കം ചെയ്തത് ഈയിടെ മാത്രമാണ്. ഈ ബൂർഷ്വാ അട്ടിമറിക്ക് പറഞ്ഞ ന്യായീകരണം അതിന്റെ കപടനാട്യത്തെ ഉറക്കെ വിളിച്ചു പറയുന്നു. പ്രസ്തുതനിയമത്തിന്റെ സെലക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിച്ച ലെ ഷപ്പല്യേ പറയുന്നു: "കൂലിനിരക്ക് ഇന്നത്തെതിനേക്കാൾ കുറച്ചുകൂടി ഉയർന്നിരിക്കേണ്ടതാ ണെന്നും അത് ലഭിക്കുന്നതാർക്കാണോ അവർക്ക് ജീവിക്കാൻ അവശ്യം വേണ്ട സാധാനങ്ങളുടെ ദൗർലഭ്യം മൂലം ഒട്ടുമിക്കവാറും അടിമത്തമെന്നുതന്നെ പറയാവുന്ന തികഞ്ഞ ആശ്രിതാവസ്ഥയിൽനിന്ന് വിടുതി നേടാൻമതിയായത്ര ഉയർന്ന കൂലി ലഭിക്കേണ്ടതാണെന്നും സമ്മതിച്ചാൽത്തന്നെ" തൊഴിലാളികൾ സ്വന്തം താല്പര്യങ്ങളെക്കുറിച്ച് എന്തെങ്കിലും ധാരണയിലെത്തുന്നത് അനുവദിക്കാൻ പാടില്ലത്രെ. ഒത്തൊരുമിച്ച് നീങ്ങാനും അതുവഴി "ഒട്ടുമിക്കവാറും അടിമത്തമെന്നു തന്നെ പറയാവുന്ന തികഞ്ഞ ആശ്രിതത്വം കുറയ്ക്കാനും അവരെ അനുവദിച്ചുകൂടത്രെ. കാരണം, അവർ അതുവഴി "ഇന്നത്തെ സംരംഭകരായ തങ്ങളുടെ മുമ്പത്തെ യജമാനന്മാരുടെ സ്വാതന്ത്ര്യ"ത്തെ അപകടപ്പെടുത്തും. മാത്രമല്ല, കോർപ്പറേഷനുകളുടെ മുൻയജമാനന്മാരുടെ സ്വേച്ഛാധിപത്യത്തിനെതിരായി കൂട്ടുകെട്ടുണ്ടാക്കുന്നത്–എന്താണെന്ന് തോന്നുന്നു?—ഫ്രഞ്ച് ഭരണഘടനയനുസരിച്ച് നിർത്തലാക്കിയ കോർപ്പറേഷനുകളെ പുനരുദ്ധരിക്കലാവുമത്രെ!

* ആ നിയമത്തിന്റെ ഒന്നാം വകുപ്പിൽ പറയുന്നു.: "ഒരേ നിലയിലുള്ളവരോ ഒരേ തൊഴിലുകളിലേർപ്പെട്ടിരിക്കുന്നവരോ ആയ ആളുകളുടെ എല്ലാത്തരം കോർപ്പറേഷനുകളും നശിപ്പിക്കലാണ് ഫ്രഞ്ച് ഭരണഘടനയുടെ ഒരു അടിസ്ഥാനതത്വമെന്നതുകൊണ്ട് എന്തു പേരിലായാലും എന്തു രൂപത്തിലായാലും അത്തരം കോർപ്പേറഷനുകൾ പുന:സ്ഥാപിക്കുന്നത് വിലക്കിയിരുന്നു," 4–ാം വകുപ്പിൽ പ്രഖ്യാപിക്കുന്നു: "ഒരേ തൊഴിലിലോ കലയിലോ കരകൗശലത്തിലോ വ്യാപൃതരായിട്ടുള്ളവർ തങ്ങളുടെ വ്യാവസായികപ്രവർത്തനത്തിലൂടെയും അദ്ധ്വാനത്തിലൂടെയും സഹായിക്കാൻ കൂട്ടായി വിസ്സമ്മതിക്കാനോ നിശ്ചിതകൂലിക്ക് മാത്രം അതിന് സമ്മതിക്കാനോവേണ്ടി കൂടിയാലോചിക്കുകയോ കരാറുണ്ടാക്കുകയോ ചെയ്താൽ, ആ കൂടിയാലോചനയും കരാറും ഭരണഘടനവിരുദ്ധവും സ്വാതന്ത്ര്യത്തിന്റേയും മനുഷ്യാവകാശപ്രഖ്യാപനത്തിന്റേയും ഉല്ലംഘനവുമാണെന്നു പ്രഖ്യാപിക്കേണ്ടതാണ്." അതായത്, പഴയ തൊഴിലാളിനിയമങ്ങളിൽ പറഞ്ഞിട്ടുള്ളതുപോലെതന്നെ, അത് രാജ്യദ്രോഹമാണെന്നർത്ഥം. (Revoluiations de paris [illegible] 523)

അദ്ധ്യായം 4

# മുതലാളിയായ കർഷകന്റെ ഉൽപത്തി

നിയമസംരക്ഷണം ലഭിക്കാത്ത പ്രോലിറ്റേറിയന്മാരുടെ ഒരു വർഗം ബലാൽക്കാരമായി സൃഷ്ടിക്കപ്പെട്ടതും രക്തരൂക്ഷിതമായ അച്ചടക്കം അവരെ കൂലിവേലക്കാരാക്കി മാറ്റിയതും അദ്ധ്വാനത്തെ കൂടുതൽ തീവ്രമായി ചൂഷണം ചെയ്തുകൊണ്ട് മൂലധനസഞ്ചയം ത്വരിതപ്പെടുത്താൻവേണ്ടി ഭരണകൂടം പൊലീസിനെ നികൃഷ്ടമായ വിധത്തിൽ ഉപയോഗിച്ചതും നാം പരിശോധിച്ചു കഴിഞ്ഞു. ഇവിടെ ഒരു ചോദ്യമുദിക്കുന്നു: മുതലാളിമാർ ആദ്യം എവിടന്നു വന്നു? കാരണം, കർഷകജനതയുടെ സ്വത്തപഹരണത്തിലൂടെ നേരിട്ട് സൃഷ്ടിക്കപ്പെടുന്നത് വൻകിട ഭൂവുടമകൾ മാത്രമാണ്. കർഷകന്റെ ഉല്പത്തിയെ സംബന്ധിച്ചാണെങ്കിൽ, നമുക്കതു മനസ്സിലാക്കാൻ കഴിയും. കാരണം, അനേകം നൂറ്റാണ്ടുകളിലൂടെ പതുക്കെപ്പതുക്കെ ഉരുത്തിരിഞ്ഞുവന്ന ഒരു പ്രക്രിയയാണ് അത്. അടിയാന്മാരും അതുപോലെതന്നെ സ്വതന്ത്രരായ ചെറുകിട ഭൂവുടമകളും ഭൂമികൈവശം വച്ചത് അതിൽനിന്ന് വളരെയേറെ വ്യത്യസ്തമായ സ്വത്തുടമസാഹചര്യങ്ങളിലാണ്. അതുകൊണ്ട് തികച്ചും വ്യത്യസ്തമായ സാമ്പത്തികസാഹചര്യങ്ങളിലാണ് അവർക്കു വിമോചനം ലഭിച്ചത്. സ്വയമൊരു അടിയാനായ, ജന്മിയുടെ കാര്യസ്ഥനായിരുന്നു ഇംഗ്ലണ്ടിലെ കർഷകന്റെ ആദ്യരൂപം. അയാളുടെ നില പുരാതനറോമിലെ ഗ്രാമത്തലവന്റേതിനു സമാനമായിരുന്നു. പ്രവർത്തന പരിധി കുറെക്കൂടി സങ്കുചിതമായിരുന്നുവെന്നു മാത്രം. പതിന്നാലാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ അയാളുടെ സ്ഥാനത്ത് കൃഷിയുടമ വന്നു.ജന്മി അയാൾക്ക് വിത്തും കാലികളും പണിക്കോപ്പുകളും നൽകി. അയാളുടെ സ്ഥിതി കർഷകന്റേതിൽനിന്ന് വളരെയൊന്നും വിഭിന്നമായിരുന്നില്ല. അയാൾ കൂടുതൽ കൂലിവേലയെ ചൂഷണം ചെയ്തുവെന്നു മാത്രം. താമസിയാതെ അയാളൊരു "പങ്ക്" ആയി, അതായത്, അർദ്ധ കർഷകൻ. കൃഷിയിൽ മുടക്കേണ്ട മുതലിന്റെ ഒരു ഭാഗം അയാളും മറ്റേ ഭാഗം ജന്മിയും ഇറക്കി. കരാറനുസരിച്ച് നിശ്ചയിക്കപ്പെട്ട അനുപാതത്തിൽ അവർ മൊത്തം ഉല്പന്നം വീതിച്ചെടുത്തു. ഇംഗ്ലണ്ടിൽ ഈ രൂപം വേഗം അപ്രത്യക്ഷമായി. അയാളുടെ സ്ഥാനത്ത് ശരിക്കുള്ള കർഷകൻ രംഗത്തു വന്നു. അയാൾ കൃഷിയിൽ സ്വന്തം മുതൽ മുടക്കുകയും കൂലിവേലക്കാരെ പണിക്കു വയ്ക്കുകയും മിച്ചോല്പന്ന ത്തിന്റെ ഒരു ഭാഗം പണമായോ ഇനമായോ ജന്മിക്ക് പാട്ടമായി നൽകുക യും ചെയ്തു. പതിനഞ്ചാം നൂറ്റാണ്ടിൽ സ്വതന്ത്രകർഷകരും അവനവനുവേണ്ടിയും കൂലിക്കും പണിയെടുത്ത

കർഷകത്തൊഴിലാളികളും സ്വന്തം അദ്ധ്വാനം കൊണ്ടു സമ്പന്നരായിടത്തോളം കാലം കർഷകന്റെ ജീവിതവും അയാളുടെ ഉല്പാദനമണ്ഡലവും അവരുടേതുപോലെ തന്നെ താണ നിലവാരത്തിലായിരുന്നു. പതിനഞ്ചാം നൂറ്റാണ്ടിന്റെ അവസാനത്തെ മൂന്ന് ദശാബ്ദങ്ങളിൽ ആരംഭിക്കുകയും പതിനാറാം നൂറ്റാണ്ടിൽ ഏതാണ്ടു മുഴുവനും (അവസാനമൊഴികെ) തുടരുകയും ചെയ്ത കാർഷിക വിപ്ലവം കാർഷികജനതയുടെ ബഹുഭൂരിപക്ഷത്തെ പാപ്പരാക്കുകയും ചെയ്തു. കർഷകനെ എത്ര വേഗം ധനികനാക്കിയോ അത്രയും വേഗത്തിൽതന്നെ.

പൊതുഭൂമിയുടെ കയ്യേറ്റത്തിലൂടെ കൃഷിയുടമയ്ക്ക് മിക്കവാറും ചെലവൊന്നുമില്ലാതെതന്നെ തന്റെ കാലികളുടെ എണ്ണം ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. അതേ സമയം അവ നിലമുഴാൻ ഒന്നാന്തരം വളം നൽകുകയും ചെയ്തു, ഇതോടൊപ്പം പതിനാറാം നൂറ്റാണ്ടിൽ വളരെ പ്രധാനപ്പെട്ട മറ്റൊരു ഘടകം കൂടി വന്നു ചേർന്നു. അക്കാലത്ത് കൃഷിയിടങ്ങൾ സംബന്ധിച്ച കരാറുകൾ ദീർഘകാലത്തേക്കുള്ളവയായിരുന്നു. പലപ്പോഴും 99 വർഷത്തേക്കുള്ള കരാറുകളാണ് ഉണ്ടായിരുന്നത്. അമൂല്യലോഹങ്ങളുടേയും തദ്വാരാ പണത്തിന്റേയും മൂല്യം ക്രമാനുഗതമായി ഇടിഞ്ഞതിന്റെ ഫലമായി കൃഷിയുടമകൾക്ക് വമ്പിച്ച ഗുണം കിട്ടി. മുകളിൽ പരിശോധിച്ച മറ്റെല്ലാ സാഹചര്യങ്ങൾക്കും പുറമേ അത് കൂലി കുറച്ചു. ഇപ്പോൾ കൂലിയുടെ ഒരു ഭാഗം കൃഷിയിടത്തിന്റെ ലാഭത്തോടു കൂട്ടിച്ചേർക്കപ്പെട്ടു. ധാന്യത്തിന്റേയും കമ്പിളിരോമത്തിന്റേയും മാംസത്തിന്റേയും-ഒറ്റ വാക്കിൽ പറഞ്ഞാൽ എല്ലാ കാർഷികോല്പന്നങ്ങളുടേയും -വില തുടർച്ചയായി ഉയർന്നുകൊണ്ടിരുന്നതിനാൽ പ്രത്യേകിച്ചു ശ്രമമൊന്നും നടത്താതെതെന്നെ കൃഷിയു ടമയുടെ പണമുലധനം പെരുകുകയും അയാൾ കൊടുത്ത പാട്ടം (അതു കണക്കാക്കിയത് പണത്തിന്റെ പഴയ മൂല്യം വച്ചാണ്) യഥാർത്ഥത്തിൽ കുറയുകയും ചെയ്തു.** ഇങ്ങനെ അവർ ഒരേ സമയത്ത് തങ്ങളുടെ തൊഴിലാളികളിൽനിന്നും ജന്മിമാരിൽ നിന്നും മുതലെടുത്തുകൊണ്ട് സമ്പന്നരായി. അതുകൊണ്ട് പതിനാറാം

*Description of England എന്ന കൃതിയിൽ ഹാരിസൺ പറയുന്നു: "മുമ്പ് നാലു പവൻ പാട്ടം കൊടുക്കാൻ വിഷമിച്ചിരുന്ന കൃഷിയുടമ ഇപ്പോൾ നാല്പതും അമ്പതും നൂറും പവനാണ് പാട്ടം കൊടുക്കുന്നത്. എന്നിട്ടും പാട്ടത്തിന്റെ കാലാവധി തീരുമ്പോൾ ആറേഴു വർഷത്തെ പാട്ടം കൈവശമില്ലെങ്കിൽ സംഗതി വേണ്ടത്ര ആദായകരമല്ലെന്നാണ് അയാൾ കരുതുന്നത്."

**പതിനാറാം നൂറ്റാണ്ടിൽ പണത്തിനുണ്ടായ മൂല്യശോഷണം സമൂഹത്തിലെ വ്യത്യസ്ത വർഗങ്ങളെ എങ്ങനെ ബാധിച്ചുവെന്നറിയാൻ A Compendious or brief Examinations of Certayne Ordinary Complanits of divers of our Countrymen in these our Days. By W.S., Gentleman, (London, 1581) വായിച്ചു നോക്കുക ആ കൃതി സംഭാഷണരൂപത്തിലായതുകൊണ്ട് അതെഴുതിയത് ഷേക്സ്പിയറാണെന്ന് വളരെക്കാലം ആളുകൾ വിശ്വസിച്ചു. 1751-ൽപോലും അത് അദ്ദേഹത്തിന്റെ പേരിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. യഥാർത്ഥത്തിൽ അതെഴുതിയത് വില്യം സ്റ്റാഫോർഡാണ്. അതിൽ ഒരിടത്ത് മാടമ്പി (Knight) ഇങ്ങനെ ന്യായവാദം ചെയ്യുന്നു:

"മാടമ്പി: ' അല്ലയോ എന്റെ അയൽക്കാരനായ കർഷകാ, മാന്യനായ കച്ചവടക്കാരാ, നല്ലവനായ കൽപ്പണിക്കാരാ, മറ്റു കൈവേലക്കാരോടൊപ്പം നിങ്ങൾക്ക് ധാരാളം സമ്പാദിക്കാൻ കഴിയും. കാരണം, എല്ലാ സാധനങ്ങൾക്കും മുമ്പത്തെക്കാൾ വില കൂടിയിരിക്കുന്നതനുസരിച്ച് നിങ്ങളും നിങ്ങൾ വിൽക്കുന്ന ചരക്കുകൾക്കും അദ്ധ്വാനത്തിനും വില കൂട്ടിയിരിക്കുന്നു. പക്ഷേ ഞങ്ങൾക്ക് വിൽക്കാനൊന്നുമില്ല. അതുകൊണ്ട് ഞങ്ങൾക്ക് വാങ്ങേണ്ടിവരുന്ന

നൂറ്റാണ്ടിന്റെ അവസാനമായ പ്പോഴേയ്ക്കും ഇംഗ്ലണ്ടിൽ , അന്നത്തെ ചുറ്റുപാടുകൾ വച്ചുനോക്കുമ്പോൾ ധനികരായ കർഷകമുതലാളിമാരുടെ ഒരു വർഗമുണ്ടായിരുന്നുവെന്നതിൽ അത്ഭുതമില്ല.***

---

സാധനങ്ങളുടെ വില തട്ടിക്കഴിക്കാൻ വേണ്ടി ഞങ്ങൾക്ക് യാതൊന്നിനും വില കൂട്ടാൻ നിവൃത്തിയില്ല''' മറ്റൊരിടത്ത് മാടമ്പി ഡോക്ടറോട് ചോദിക്കുന്നു: '''താങ്കൾ ഉദ്ദേശിക്കുന്നതാരെയൊക്കെയാണെന്ന് ദയവായി ഒന്നു പറയാമോ?' ഒന്നാമതായി, ആർക്കാണ് ഇതുകൊണ്ട് നഷ്ടമൊന്നും വരാത്തത്?' ഡോക്ടർ: 'സാധനങ്ങൾ ക്രയവിക്രയംചെയ്തു ജീവിക്കുന്ന എല്ലാവരേയുമാണ് ഞാനുദ്ദേശിക്കുന്നത്. അവർ കൂടിയ വിലയ്ക്ക് വാങ്ങുമ്പോൾ കൂടിയവിലയ്ക്ക് വിൽക്കുന്നുമുണ്ട്,'മാടമ്പി: 'പിന്നെ ആർക്കാണ് അതുകൊണ്ട് ഗുണമുള്ളത്?' ഡോക്ടർ :'പഴയ നിരക്കിൽ ഭൂമി പാട്ടത്തിനെടുത്തു കൃഷിചെയ്യുന്ന എല്ലാവർക്കും. കാരണം, അവർ പാട്ടം കൊടുക്കുന്നതു പഴയ നിരക്കിലും വിൽക്കുന്നത് പുതിയ നിരക്കിലുമാണ്. അതായത് അവർ ഭൂമിക്ക് കുറച്ചു പണമേ കൊടുക്കുന്നുള്ളു. അതേ സമയം, അതിൽ വളരുന്ന എല്ലാ സാധനങ്ങളും അവർ കൂടിയ വിലയ്ക്ക് വിൽക്കുന്നു.' മാടമ്പി: 'ഇക്കൂട്ടർക്ക് ലാഭമുണ്ടാകുന്നതിലേറെ വേറൊരു കൂട്ടർക്ക് നഷ്ടമുണ്ടാകുന്നുണ്ടെന്ന് താങ്കൾ പറഞ്ഞത് ആരെപ്പറ്റിയാണ്?. 'ഡോക്ടർ:'എല്ലാ കുലീനരും മാന്യന്മാരും ,കുറഞ്ഞ പാട്ടമോ ശമ്പളമോ കൊണ്ടു ജീവിക്കുന്നവരോ ഭൂമി സ്വന്തമായി കൃഷിചെയ്യാത്തവരോ ക്രയവിക്രയത്തിലേർപ്പെടാത്തവരോ ആയ മറ്റെല്ലാവരും."

*** ഫ്രാൻസിൽ, മദ്ധ്യകാലത്തിന്റെ തുടക്കത്തിൽ ഫ്യൂഡൽ പ്രഭുക്കൾക്കുവേണ്ടി കരം പിരിച്ചിരുന്ന കാര്യസ്ഥൻ താമസിയാതെ ഒരു ബിസ്സിനസ്സുകാരനായി. തട്ടിപ്പും വെട്ടിപ്പും പിടിച്ചുപറിയും നടത്തിക്കൊണ്ട് അയാളൊരു മുതലാളിയായി. ഈ കാര്യസ്ഥന്മാർ തന്നെ ചിലപ്പോൾ കുലീനവർഗത്തിൽപ്പെട്ടവരായിരുന്നു. ഉദാഹരണം: "ബെസൻസോമിലെ കോട്ടയുടെ മേൽനോട്ടക്കാരനായ ജാക്ക് ഡെ തൊറേൻ എന്ന മാടമ്പി 1359 ഡിസംബർ 25 തൊട്ട് 1360 ഡിസംബർ 28 വരെ ആ കോട്ടയിൽ നിന്നും കിട്ടേണ്ട പാട്ടത്തെപ്പറ്റി, ബൂർഗോയ്നിലെ പ്രഭുവിനു വേണ്ടി ദിജോണിലെ ഭൂമിയുടെ ചുമതല വഹിച്ചിരുന്ന തന്റെ രക്ഷാധികാരിക്കു റിപ്പോർട്ട് സമർപ്പിച്ചു.." സാമൂഹ്യജീവിതത്തിന്റെ എല്ലാ തുറകളിലും സിംഹഭാഗവും ഇടത്തട്ടുകാരന്റെ കയ്യിലേക്ക് പോകുന്നതെങ്ങനെയാണെന്ന് ഇതിൽനിന്നുതന്നെ വ്യക്തമാണ്. ഉദാഹരണത്തിന് സാമ്പത്തികരംഗത്ത് പണമിടപാടുകാരും സ്റ്റോക്ക് എക്സ്ചേഞ്ചിൽ ഊഹക്കച്ചവടം നടത്തുന്നവരും കച്ചവടക്കാരും പീടിക യുടമകളുമാണ് കാതലായ ഭാഗം എടുക്കുന്നത്. സിവിൽനിയമത്തിന്റെ തുറയിൽ വക്കീൽ കക്ഷികളെ പിഴിയുന്നു. രാഷ്ട്രീയത്തിൽ വോട്ടറന്മാരെക്കാൾ പ്രധാനി ജനപ്രതിനിധിയാണ്. രാജാവിനേക്കാൾ പ്രധാനി മന്ത്രിയാണ്., മതരംഗത്ത് "മദ്ധ്യസ്ഥൻ" ദൈവത്തെ പിൻതള്ളിയിരിക്കുന്നു. നല്ലവനായ ഇടയനും കുഞ്ഞാടുകൾക്കുമിടയിൽ അനിവാര്യമായും ഇടനിലക്കാരായി നിൽക്കുന്ന പുരോഹിതന്മാർ ആ "മദ്ധ്യസ്ഥനെ"പുറകോട്ട് തള്ളുന്നു. ഇംഗ്ലണ്ടിലെന്നപോലെ ഫ്രാൻസിലും വിശാലമായ ഫ്യൂഡൽ ഭൂപ്രദേശങ്ങൾ അസംഖ്യം ചെറിയ പുരയിടങ്ങളായി വിഭജിക്കപ്പെട്ടു. പക്ഷേ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഇംഗ്ലണ്ടിലേതിനെക്കാൾ എത്രയോ കൂടുതൽ പ്രതികൂലമായ സാഹചര്യങ്ങളിലാണ് അങ്ങനെ ചെയ്തത്. പതിന്നാലാം നൂറ്റാണ്ടിൽ കൃഷിയിടങ്ങൾ അഥവാ കളങ്ങൾ ഉയർന്നു വന്നു. അവയുടെ എണ്ണം നിരന്തരം പെരുകിപെരുകി ഒരു ലക്ഷത്തിലും വളരെയപ്പുറം പോയി. അവ പണമായോ ഇനമായോ ഉല്പന്നത്തിന്റെ 1/2 മുതൽ 1/5 ഭാഗം വരെ പാട്ടം കൊടുത്തു. വിലയും വിസ്തൃതിയുമനുസരിച്ച് പാട്ടത്തിനോ കീഴ്പാട്ടത്തിനോ കൊടുത്ത ഭൂമിയായിരുന്നു അവ. ആ കൃഷിയിടങ്ങൾ പലതും കുറച്ചേക്കർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. പക്ഷേ കൃഷിയുടമകൾക്ക് ആ ഭൂമിയിൽ താമസിക്കുന്നവരുടെ മേൽ കുറെയൊക്കെ നീതിന്യായാധികാരമുണ്ടായിരുന്നു. അവരെ നാലു തട്ടായി തരം തിരിച്ചിരുന്നു. ആ ചെറുകിട സ്വേച്ഛാധിപതികളുടെ കീഴിൽ കാർഷികജനതയ്ക്ക് അനുഭവിക്കേണ്ടിവന്ന മർദ്ദനം ഊഹിക്കാവുന്നതേയുള്ളൂ. ഒരു കാലത്ത് ഫ്രാൻസിൽ 160000 ജഡ്ജിമാരുണ്ടായിരുന്നു വെന്നാണ് മൊന്തേയ് പറയുന്നത്. ഇന്ന് അതേയിടത്ത് മജിസ്ട്രേട്ടുമാരുൾപ്പെടെ നാലായിരം പേർ മതിയാകുന്നു

അദ്ധ്യായം 5

# കാർഷിക വിപ്ലവം

# വ്യവസായത്തിലുളവാക്കിയ പ്രത്യാഘാതം. വ്യാവസായികമൂലധനത്തിനുവേണ്ടി ആഭ്യന്തരവിപണി സൃഷ്ടിക്കൽ

ഇടവിട്ടാണെങ്കിലും വീണ്ടും വീണ്ടും ആവർത്തിക്കപ്പെട്ട കാർഷികജനതയുടെ സ്വത്തപഹരണവും ഭൂമിയിൽനിന്നുള്ള നിഷ്ക്കാസനവും ഗിൽഡുകളുമായി യാതൊരുവിധ ബന്ധമില്ലാത്തവരും അവയാൽ വരിഞ്ഞുകെട്ടപ്പെടാത്തവരുമായ പ്രോലെറ്റേറിയന്മാരുടെ വലിയൊരു സഞ്ചയത്തെ പട്ടണങ്ങളിലെ വ്യവസായങ്ങൾക്ക് ലഭ്യമാക്കിയതും നാം കണ്ടു. ഈ സവിശേഷസാഹചര്യമാണ് ''വാണിജ്യചരിത്രം'' എന്ന തന്റെ കൃതിയിൽ വൃദ്ധനായ എ. അൻഡേഴ്സനെ (ജെയിംസ് ആൻഡേഴ്സനല്ല) ദൈവത്തിന്റെ പ്രത്യക്ഷ മായ ഇടപെടലിൽ വിശ്വസിക്കാൻ പ്രേരിപ്പിച്ചത്. ആദിമസഞ്ചയത്തിന്റെ ഈ വശത്തെപ്പറ്റി നാം ഒരു നിമിഷം ആലോചിക്കേണ്ടിയിരിക്കുന്നു. ബ്രഹ്മാണ്ഡപദാർത്ഥം ഒരിടത്ത് ഘനീഭവിച്ചത് മറ്റൊരിടത്ത് അത് നേർത്തുപോയതുകൊണ്ടാണെന്ന് ജൊഫ്രൂവാ-സെൻ-ഇലേർ വിശദീകരിച്ചിട്ടുള്ളതുപോലെ സ്വതന്ത്രരും സ്വാശ്രിതരുമായ കർഷകരുടെ എണ്ണം കുറഞ്ഞതുകൊണ്ടാണ് വ്യാവസായിക തൊഴിലാളിവർഗം തിങ്ങിക്കൂടി എന്നതു മാത്രമല്ല സംഭവിച്ചത്. കൃഷിയിലേർപ്പെ ട്ടിട്ടുള്ളവരുടെ എണ്ണം കുറഞ്ഞിട്ടും ഭൂമിയിൽനിന്നും മുമ്പത്തത്രയോ അതിലേറെയോ വിളവു കിട്ടി. കാരണം, ഭൂവുടമ സാഹചര്യങ്ങളിലുണ്ടായ വിപ്ലവത്തോടൊപ്പം കൃഷിസമ്പ്രാദയങ്ങൾ മെച്ചപ്പെടുകയും സഹകരണപ്രസ്ഥാനം വിപുലപ്പെടുകയും ഉല്പാദനോപാധികളുടെ കേന്ദ്രീക രണം നടക്കുകയും മറ്റും ചെയ്തു. അതുപോലെ തന്നെ, കർഷകത്തൊഴിലാളികൾക്ക് കൂടുതൽ കഠിനമായി പണിയെടുക്കേണ്ടിവന്നുവെന്നതിനു പുറമേ, അവർ സ്വന്താവശ്യത്തിനുവേണ്ടി പണിയെടുത്ത ഉല്പാദനമണ്ഡലം കൂടുതൽകൂടുതൽ ചുരുങ്ങിവന്നു. അങ്ങനെ കാർഷികജനതയുടെ ഒരു ഭാഗം സ്വതന്ത്രരാക്കപ്പെട്ടതോടൊപ്പം അവരുടെ ഉപജീവനോപാധികളും സ്വതന്ത്രമാക്കപ്പെട്ടു. അവരിപ്പോൾ അസ്ഥിരമൂലധനത്തിന്റെ ഭൗതിക ഘടകങ്ങളായി മാറ്റപ്പെട്ടു. സ്വത്തപഹരിക്കപ്പെട്ട് തെരുവിലെറിയപ്പെട്ട

കർഷകന് തന്റെ ഉപജീവനോപാധികളുടെ മൂല്യം കൂലിയുടെ രൂപത്തിൽ തന്റെ പുതിയ യജമാനനായ വ്യവസായമുതലാളിയിൽനിന്ന് വിലയ്ക്ക് വാങ്ങേണ്ടിവന്നു. ഉപജീവനോപാധികളുടെ കാര്യത്തിൽ സംഭവിച്ചതുതന്നെ വ്യവസായ ത്തിനാവശ്യമായവയും ആഭ്യന്തരകൃഷിയെ ആശ്രയിച്ചു നിൽക്കുന്ന വയുമായ അസംസ്കൃതപദാർത്ഥങ്ങളുടെ കാര്യത്തിലും സംഭവിച്ചു. അസ്ഥിരമൂലധനത്തിന്റെ അംശമായി മാറ്റപ്പെട്ടു. ഉദാഹരണത്തിന് ഫ്രെഡറിക് രണ്ടാമന്റെ ഭരണകാലത്ത് ചണനൂൽനൂൽപിൽ ഏർപ്പെട്ടിരുന്ന വെസ്റ്റ് ഫാലിയയിലെ കർഷകരിലൊരു ഭാഗം ബലാൽക്കാരമായി സ്വത്തപഹരിക്കപ്പെടുകയും ഭൂമിയിൽനിന്ന് ആട്ടിയോടിക്കപ്പെടുകയും ചെയ്തുവെന്നും ശേഷിച്ച മറ്റേ ഭാഗം വൻകിട കൃഷിയുടമകളുടെ ദിവസവേലക്കാരായി മാറ്റപ്പെട്ടെന്നും വിചാരിക്കുക. അതേ സമയത്ത് ചണ നൂൽപിനും നെയ്ത്തിനുമുള്ള വലിയ സ്ഥാപനങ്ങൾ ഉയർന്നുവരുന്നു. സ്വതന്ത്രരാക്കപ്പെട്ടവർ, ഇപ്പോൾ അവയിൽ കൂലിക്ക് പണിയെടുക്കുന്നു. ചണനൂൽ കാഴ്ചയ്ക്ക് മുമ്പത്തെപ്പോലെതന്നെയാണ് ഇപ്പോഴുമിരിക്കുന്നത്. അതിലെ ഒരു നാരിനു പോലും മാറ്റം വന്നിട്ടില്ല. പക്ഷേ പുതിയൊരു സാമുഹ്യാത്മാവ് അതിന്റെ ശരീരത്തിൽ കടന്നുകൂടിയിട്ടുണ്ട്. അതിപ്പോൾ യജമാനനായ നിർമ്മാണവ്യവസായിയുടെ സ്ഥിരമൂലധനത്തിന്റെ ഭാഗമാണ്. മുമ്പ് കുടുംബാംഗങ്ങളുമൊത്ത് കൃഷിചെയ്യുകയും കുറശ്ശെകുറേശ്ശെയായി നൂൽനൂൽക്കുകയും ചെയ്ത അനേകം ചെറുകിട ഉല്പാദകർക്കിടയിലായി അത് വീതിക്കപ്പെട്ടിരുന്നെങ്കിൽ ഇപ്പോൾ അത് തനിക്കു വേണ്ടി മറ്റുള്ളവരെക്കൊണ്ട് നൂൽനുൽപിക്കുകയും നെയ്യിക്കുകയും ചെയ്യുന്ന ഒരൊറ്റ മുതലാളിയുടെ കയ്യിൽ കേന്ദ്രീകരിച്ചിരിക്കുകയാണ്. മുമ്പ് നുൽനൂൽപിനുവേണ്ടി അധികാദ്ധ്വാനം ചെയ്താൽ അത് അസംഖ്യം കർഷകകുടുംബങ്ങൾക്ക് അധികവരുമാനമുണ്ടാക്കിക്കൊടുക്കുമായിരുന്നു. അല്ലെങ്കിൽ ഒരുപക്ഷേ ഫ്രെഡറക് രണ്ടാമന്റെ കാലത്ത് പ്രഷ്യൻരാജാവിനുള്ള നികുതികളായി വസൂലാക്കപ്പെടുമായിരുന്നു. എന്നാൽ കുറച്ചു മുതലാളിമാർക്കുവേണ്ടിയുള്ള ലാഭമായിട്ടാണ് ഇന്ന് അത് വസൂലാക്കപ്പെടുന്നത്.മുമ്പ് രാജ്യമൊട്ടുക്ക് ചിതറിക്കിടന്നിരുന്ന കതിരുകളും തറികളും ഇന്ന് തൊഴിലാളികളോടും അസംസ്കൃത പദാർത്ഥങ്ങളോടുമൊപ്പം ഏതാനും വലിയ തൊഴിൽബാരക്കുകളിൽ സ്വരുപിക്കപ്പെട്ടിരിക്കുന്നു. കതിരുകളും തറികളും അസംസ്കൃതസാമഗ്രികളും നുൽനൂൽപുകാരുടേയും നെയ്ത്തുകാരുടെയും സ്വതന്ത്രമായ നിലനില്പിനുള്ള ഉപാധികളെന്ന നിലയിൽനിന്ന് അവരെ ആജ്ഞാപിക്കാനും പ്രതിഫലം കൂടാതുള്ള അദ്ധ്വാനം അവരിൽനിന്ന് ഊറ്റിപ്പിഴിഞ്ഞെടുക്കാനുമുള്ള ഉപാധികളായി ഇന്നു മാറ്റപ്പെട്ടിരിക്കുന്നു.* കുറ്റൻ വ്യവസായശാലകളും വൻകിടകൃഷിയിടങ്ങളും കാണുമ്പോൾ അനേകം ചെറിയ ചെറിയ ഉല്പാദനകേന്ദ്രങ്ങൾ ഒന്നിച്ചുചേർത്തതിൽ

* "മുതലാളി പറയുന്നു: 'നിന്നോട് ആജ്ഞാപിക്കുകയെന്ന അദ്ധ്വാനം ഞാൻ ഏറ്റെടുത്തു ചെയ്യുന്നതിന് പ്രതിഫലമായി നീ നിന്റെ കൈവശം അവശേഷിച്ചിട്ടുള്ളത് എനിക്കു തന്നാൽ എന്നെ സേവിക്കുകയെന്ന ബഹുമതി നിനക്കു നൽകാൻ ഞാൻ തയ്യാറാണ്,"' (റൂസ്സോ ).

നിന്നാണ് അവ ഉടലെടുത്തതെന്നും സ്വതന്ത്രരായ അനേകം ചെറുകിട ഉല്പാദകരുടെ സ്വത്ത് അപഹരിച്ചുകൊണ്ടാണ് അവ കെട്ടിപ്പടുത്തിട്ടുള്ള തെന്നും നമുക്കു മനസ്സിലാവില്ല.എങ്കിലും ജനങ്ങളുടെ അന്തഃപ്രജ്ഞ തെറ്റിയില്ല. വിപ്ലവത്തിന്റെ സിംഹമായിരുന്ന മിറോബോയുടെ കാലത്തും കൂറ്റൻ നിർമ്മാണത്തൊഴിൽശാലകളെ "സംയോജിത നിർമ്മാണത്തൊഴിൽശാലകൾ" എന്നാണു വിളിച്ചുപോന്നത്—അതായത്, ഒന്നിച്ചു ചേർത്ത വയലുകളെപ്പറ്റി നാം പറയുന്നതു പോലെ ഒന്നിച്ചുചേർത്ത പണിശാലകൾ, മിറോബോ പറയുന്നു:

"ഒരൊറ്റ ഡയറക്ടറുടെ കീഴിൽ നൂറുകണക്കിനാളുകൾ പണിയെടുക്കുന്നവയും സംയോജിത നിർമ്മാണത്തൊഴിൽശാലകളെന്ന പേരിലറിയപ്പെടുന്നവയുമായ ഗംഭീരനിർമ്മാണത്തൊഴിൽശാലകൾ മാത്രമേ നമ്മുടെ ശ്രദ്ധയിൽ പെടുന്നുള്ളൂ. അനേകം തൊഴിലാളികൾ സ്വന്തം ഉത്തരവാദിത്വത്തിന്മേൽ വെവ്വേറെ പണിയെടുക്കുന്ന നിർമ്മാണത്തൊഴിൽശാലകളെ നാം പരിഗണിക്കുന്നില്ലെന്നുതന്നെ പറയാം. അവയെ മറ്റുള്ളവയിൽനിന്ന് വളരെയേറെ അകറ്റി നിർത്തിയിരിക്കുകയാണ്. ഇതൊരു ഭീമാബദ്ധമാണ്. കാരണം ജനക്ഷേമത്തിന്റെ യഥാർത്ഥത്തിൽ പ്രധാനപ്പെട്ട ഘടകം അവ മാത്രമാണ്. വലിയ പണിശാല (സംയോജിതനിർമ്മാണത്തൊഴിൽശാല) ഒന്നോ രണ്ടോ സംരംഭകരെ ക്രമാധികം ധനികരാക്കുമെങ്കിലും അതിലെ തൊഴിലാളികൾ കൂടുതലോ കുറച്ചോ വേതനം പറ്റുന്ന ദിവസജോലിക്കാർ മാത്രമായിരിക്കും. സ്ഥാപനത്തിന്റെ വിജയത്തിൽ അവർക്ക് പങ്കൊന്നുമില്ലായിരിക്കും. നേരെ മറിച്ച് വെവ്വേറ നടത്തുന്ന പണിശാലയിൽ ആരും പണക്കാരാവില്ല. അതേ സമയം, അനേകം തൊഴിലാളികൾ സുഖമായി ജീവിക്കും. പിടിപ്പും അദ്ധ്വാനശീലവുമുള്ളവർക്ക് ചെറിയൊരു മൂലധനം സ്വരൂപിക്കാൻ കഴിയും. കുഞ്ഞു ജനിക്കുമ്പോഴെത്തേയും രോഗം പിടിപെടുമ്പോഴത്തേയും ആവശ്യത്തിനും അവരവരുടേയോ സ്വന്തക്കാരുടേയോ ആവശ്യത്തിനു വേണ്ടി കുറച്ചു പണം മാറ്റിവയ്ക്കാൻ കഴിയും. പിടിപ്പും അദ്ധ്വാനശീലവുമുള്ള തൊഴിലാളികളുടെ എണ്ണം കൂടും. കാരണം, നല്ല പെരുമാറ്റത്തിലും പരിശ്രമശീലത്തിലും അവർ കാണുന്നത് തങ്ങളുടെ നില സാരമായി മെച്ചപ്പെടുത്താനുള്ള വഴിയാണ്, ചെറിയൊരു കൂലിക്കൂടുതൽ കിട്ടാനുള്ള മാർഗമല്ല, ചെറിയൊരു കൂലിവർദ്ധനവിന് ഭാവിയെ സംബന്ധിച്ചിടത്തോളം യാതൊരു പ്രാധാന്യവുമില്ല. അന്നന്നത്തെ ജീവിതം സ്വല്പംകൂടി മെച്ചപ്പെടുത്താൻ കഴിയുമെന്നതാണ് അതുകൊണ്ടുള്ള ഒരേയൊരു ഫലം..... സ്വന്തം ലാഭത്തിനുവേണ്ടി അന്നന്ന് കൂലികൊടുത്ത് തൊഴിലാളികളെക്കൊണ്ട് പണിയെടുപ്പിക്കുന്ന സ്വകാര്യവ്യക്തികളുടെ വൻകിടപണിശാലകൾ ആ വ്യക്തികളുടെ ജീവിതം അനായാസമാക്കിയേക്കാമെങ്കിലും അവ ഒരിക്കലും ഗവൺമെന്റുകളുടെ ശ്രദ്ധയർഹിക്കുന്ന സ്ഥാപനങ്ങളാവില്ല.

---

* മിറോബോ വെവ്വേറെയുള്ള പണിശാലകളെ "സംയുക്തമായവ"യെക്കാൾ ചെലവു കുറഞ്ഞതും ഉല്പാദനക്ഷമവുമായി കരുതാനും സംയുക്തമായവയെ ഗവൺമെന്റിന്റെ സംരക്ഷണയിൽ നടത്തുന്ന സസ്യോഷ്ണശാലകളിലെ കൃത്രിമസസ്യങ്ങൾ മാത്രമായി കാണാനും കാരണം യൂറോപ്യൻ വൻകരയിലെ ഭൂരിപക്ഷം നിർമ്മാണത്തൊഴിൽശാലകളുടേയും അന്നത്തെ സ്ഥിതിയാണ്.

മിക്കവാറും ചെറുഭൂമികളുടെ കൃഷിയോടൊപ്പം നടത്തിക്കൊണ്ടുപോവുന്ന വെവ്വേറെയുള്ള പണിശാലകൾ മാത്രമാണ് സ്വതന്ത്രമായ സ്ഥാപനങ്ങൾ,"*

കാർഷികജനതയുടെ ഒരു ഭാഗത്തിന്റെ സ്വത്തപഹരിക്കുകയും അവരെ ഭൂമിയിൽനിന്ന് ഒഴിപ്പിക്കുകയും ചെയ്തതിലൂടെ തൊഴിലാളികളേയും അവരുടെ ഉപജീവനോപാധികളേയും അദ്ധ്വാന സാമഗ്രികളേയും വ്യാവസായികമൂലധനത്തിന് വിട്ടുകിട്ടിയെന്നു മാത്രമല്ല ഒരു ആഭ്യന്തരകമ്പോളം സൃഷ്ടിക്കപ്പെടുകയും ചെയ്തു.

വാസ്തവം പറഞ്ഞാൽ , ചെറുകിട കർഷകരെ കൂലിവേല ക്കാരായും അവരുടെ ഉപജീവനോപാധികളേയും അദ്ധ്വാനോപാധി കളേയും മൂലധനത്തിന്റെ ഭൗതിക ഘടകങ്ങളായും മാറ്റിയ സംഭവ ഗതികൾ അതേ സമയംതന്നെ മൂലധനത്തിന് ഒരു ആഭ്യന്തരകമ്പോളം സൃഷ്ടിക്കുകയും ചെയ്തു. മുമ്പ് ഒരു കർഷകകുടുംബം ഉല്പാദിപ്പിച്ചത് അധികവും അവർതന്നെയാണ് ഉപജീവനോപാധികളും അസംസ്കൃതസാമഗ്രികളുമായി ഉപയോഗിച്ചത്, ഇപ്പോഴാകട്ടെ, ആ അസംസ്കൃതസാമഗ്രികളും ഉപജീവനോപാധികളും ചരക്കുകളായി ത്തീർന്നിരിക്കുന്നു. വൻകിട കൃഷിയുടമ അവ വിൽക്കുന്നു. അയാൾ നിർമ്മാണത്തൊഴിലുകളിൽ അവയ്ക്കുള്ള കമ്പോളം കണ്ടെത്തുന്നു. നൂലും ചണവും പരുക്കൻ കമ്പിളിത്തരങ്ങളും-ഇവയ്ക്കുള്ള അസംസ്കൃതപദാർത്ഥങ്ങൾ മുമ്പ് ഒരോ കർഷകുടുംബത്തിനും പ്രാപ്യമായിരുന്നു. ആ കുടുംബം അത് സ്വന്തം ഉപയോഗത്തിനുവേണ്ടി നൂൽക്കുകയും നെയ്യുകയും ചെയ്തുപോന്നു. ഇപ്പോൾ അവ നിർമ്മാണത്തൊഴിലുരുപ്പടികളായി മാറ്റപ്പെട്ടു. ഗ്രാമീണജില്ലകൾ തൽക്ഷണംതന്നെ അവയ്ക്കുള്ള കമ്പോളമായി മാറി. സ്വന്തം ഉത്തരവാദിത്വത്തിന്മേൽ പണിയെടുത്തു പോന്ന അസംഖ്യം ചെറുകിട ഉല്പാദകരെ ഇതുവരെ സേവിച്ചിരുന്നവരും അങ്ങിങ്ങു ചിതറിക്കിടക്കുന്നവരുമായ അനേകം ഉപഭോക്താക്കൾ ഇപ്പോൾ വ്യവസായമൂലധനം പ്രദാനംചെയ്ത ഒരൊറ്റ വലിയ കമ്പോളമായി സാന്ദ്രീകരിച്ചിരിക്കുന്നു.** അങ്ങനെ. സ്വാശ്രയരായ കർഷകരുടെ സ്വത്തപഹരിക്കുകയും അവരെ അവരുടെ ഉല്പാദനോപാധികളിൽനിന്ന് വേർപെടുത്തുകയും ചെയ്യുന്നതോടൊപ്പംതന്നെ നാട്ടിൻപുറത്തെ

---

* " ഒരു തൊഴിലാളികുടുംബം ആരുടേയും ശ്രദ്ധയിൽ പെടാതെ മറ്റു ജോലിക്കിടയിൽ കിട്ടുന്ന സമയത്ത് സ്വന്തം അദ്ധ്വാനം കൊണ്ട് ഇരുപത് റാത്തൽ കമ്പിളിരോമത്തെ അവരുടെ ഒരാണ്ടത്തേക്കുള്ള വസ്ത്രമായി മാറ്റിയാൽ അതിൽ അസാധാരണമായിട്ടൊന്നുമില്ല. എന്നാൽ ആ രോമം കമ്പോളത്തിൽ കൊണ്ടു വരൂ. ഫാക്ടറിയിലെത്തിക്കൂ. എന്നിട്ട് ഫാക്ടറിയുടെ ഉല്പന്നം കച്ചവടക്കാരന്റെ കയ്യിലെത്തിക്കൂ. ഇത്രയും ചെയ്താൽ അത് വലിയൊരു വാണിജ്യ ഇടപാടായി. ഇതിനുപയോഗിക്കുന്ന നാമമാത്രമൂലധനം രോമത്തിന്റെ മൂല്യത്തിന്റെ ഇരുപതിരട്ടി വരും..... ഇങ്ങനെ നിർഭാഗ്യരായ ഫാക്ടറിയിലെ ആളുകളെയും ഇത്തിക്കണ്ണികളായ പീടികക്കാരേയും വാണിജ്യപരവും പണസംബന്ധവും ധനകാര്യപരവുമായ മിഥ്യയായ ഒരു വ്യവസ്ഥയേയും താങ്ങിനിർത്താൻ വേണ്ടി തൊഴിലാളിവർഗം ചൂഷണം ചെയ്യപ്പെടുന്നു," (ഡേവിഡ് ഉർക്കാർട്ട്)

** ഇതിനൊരു അപവാദം ക്രോംവെല്ലിന്റെ ഭരണകാലമാണ്. റിപ്പബ്ലിക്ക് നിലനിന്ന കാലത്തോളം എല്ലാ വിഭാഗങ്ങളിലും പെട്ട ഇംഗ്ലീഷ് ജനത ഒന്നടങ്കം, ടൂഡോർ ഭരണകാലത്തുണ്ടായിരുന്ന അധഃപതിച്ച ജീവിതത്തിൽനിന്ന് ഉയർന്നുവന്നു.

ഗാർഹികവ്യവസായത്തിന്റെ നശീകരണവും നിർമ്മാണത്തൊഴിലും കൃഷിയും തമ്മിലുള്ള വേർതിരിയലിന്റെ പ്രക്രിയയും നടന്നു. ഗ്രാമീണ ഗാർഹികവ്യവസായത്തെ നശിപ്പിച്ചാൽ മാത്രമേ ഒരു രാജ്യത്തിന്റെ ആഭ്യന്തരകമ്പോളത്തിന് മുതാലാളിത്തോല്പാദനരീതിക്കാവശ്യമായ വ്യാപ്തിയും സ്ഥിരതയും ലഭിക്കൂ. ഇങ്ങനെയൊക്കെയാണെങ്കിലും ശരിക്കുള്ള നിർമ്മാണത്തൊഴിൽഘട്ടത്തിന് സമൂലമായും സമ്പൂർണമായും ഈ രൂപാന്തരണം വരുത്താൻ കഴിയുന്നില്ല. ശരിക്കുള്ള നിർമ്മാണത്തൊഴിൽ ദേശീയോല്പാദനമണ്ഡലത്തെ ഭാഗികമായി മാത്രമേ കീഴടക്കുന്നുള്ളുവെന്നോർക്കണം. അന്തിമമായ അടിത്തറയെന്ന നിലയ്ക്ക് അത് എപ്പോഴും ആശ്രയിച്ചുനിൽക്കുന്നത് പട്ടണങ്ങളിലെ കൈത്തൊഴിലുകളേയും ഗ്രാമീണജില്ലകളിലെ ഗാർഹിക വ്യവസായത്തേയുമാണ്. അത് അവയെ ചില ശാഖകളിലും ചില ഇടങ്ങളിലും ഒരു രൂപത്തിൽ നശിപ്പിക്കുമ്പോൾത്തന്നെ മറ്റിടങ്ങളിൽ അവയെ വീണ്ടും കർമോന്മുഖമാക്കുന്നു. കാരണം, അസംസ്കൃത സാമഗ്രികൾ തയ്യാറാക്കാൻ അതിന് അവയെ ഒരു പരിധിവരെ ആവശ്യമാണ്. അതുകൊണ്ട് അത് ചെറുകിടക്കാരായ ഗ്രാമീണരുടെ പുതിയൊരു വർഗത്തെ സൃഷ്ടിക്കുന്നു. ഒരു ഉപതൊഴിലെന്ന നിലയ്ക്ക് കൃഷിയിൽ ഏർപ്പെടുമ്പോൾത്തന്നെ അവരുടെ പ്രധാന തൊഴിൽ വ്യാവസായികാദ്ധ്വാനമാണ്. അതിന്റെ ഉൽപന്നങ്ങളെ അവർ നേരിട്ടോ കച്ചവടക്കാർ മുഖേനെയോ നിർമ്മാണത്തൊഴിലുടമകൾക്കു വിൽക്കുന്നു. ഇംഗ്ലീഷ് ചരിത്ര വിദ്യാർത്ഥികളെ തുടക്കത്തിൽ അമ്പരപ്പിക്കുന്ന ഒരു പ്രതിഭാസത്തിന്റെ പ്രധാനകാരണമല്ലെങ്കിലും ഒരു കാരണം ഇതാണ്. മുതലാളിത്തകൃഷി ഗ്രാമീണജില്ലകളിലേക്ക് അതിക്രമിച്ചു കടക്കുന്നുവെന്നും കർഷകരെ വർദ്ധമാനമായ തോതിൽ നശിപ്പിക്കുന്നുവെന്നുമുള്ള പരാതികൾ പതിനഞ്ചാം നൂറ്റാണ്ടിന്റെ അവസാനത്തെ മൂന്ന് ദശാബ്ദങ്ങൾതൊട്ട് ചില ഇടവേളകളൊഴിച്ചാൽ തുടർച്ചയായി കേട്ടുവരുന്നുണ്ട്, മറുവശത്ത്, മുമ്പത്തെക്കാൾ എണ്ണം കുറഞ്ഞും എപ്പോഴും കൂടുതൽ മോശപ്പെട്ട സാഹചര്യങ്ങളിലുമാണെങ്കിലും ആ കർഷകർ എപ്പോഴും വീണ്ടും പ്രത്യക്ഷപ്പെടുന്നതായും കാണാം.*

---

* യന്ത്രങ്ങൾ ഏർപ്പെടുത്തിയതൊന്നിച്ച് ശരിക്കുള്ള നിർമ്മാണത്തൊഴിലിൽനിന്നും ഗ്രാമീണഗാർഹികവ്യവസായങ്ങളുടെ നശീകരണത്തിൽനിന്നും ഉയർന്നുവന്നതാണ് ആധുനികകമ്പിളിരോമവ്യവസായമെന്ന് ടക്കറ്റിന് അറിയാം. "കലപ്പയും നുകവും 'ദൈവങ്ങളുടെ കണ്ടുപിടുത്തവും വീരപുരുഷന്മാരുടെ തൊഴിലു'മായിരുന്നു. തറിയും കതിരും ഓടവും ആഢ്യത്തം കുറഞ്ഞവയാണെന്നാണോ? നിങ്ങൾ ഓടവും കലപ്പയും തമ്മിൽ വേർപെടുത്തുന്നു. കതിരും നുകവും തമ്മിൽ വേർപെടുത്തുന്നു. ഫാക്ടറികളും അനാഥമന്ദിരങ്ങളുമാണ്, വായ്പകളും പ്രതിസന്ധികളുമാണ്, കാർഷികരാഷ്ട്രമെന്നും വാണിജ്യരാഷ്ട്രമെന്നുമുള്ള, പരസ്പരം ശത്രുത പുലർത്തുന്ന രണ്ടു രാഷ്ട്രങ്ങളാണ് നിങ്ങൾക്ക് കിട്ടുന്നത്."(ഡേവിഡ് ഉർക്കാട്ട്). അപ്പോഴതാ കാരി മുന്നോട്ട് വന്ന് ഇംഗ്ലണ്ടിനെ കുറ്റപ്പെടുത്തുന്നു. തീർച്ചയായും അകാരണമായിട്ടല്ല. മറ്റെല്ലാ രാജ്യങ്ങളേയും വെറും കാർഷികരാഷ്ട്രങ്ങളാക്കി മാറ്റാനും സ്വയം അവയ്ക്കുള്ള വ്യവസായ സാമഗ്രികൾ നിർമ്മിക്കുന്ന രാജ്യമാവാനുമാണ് ഇംഗ്ലണ്ടിന്റെ ശ്രമമെന്ന് അദ്ദേഹം പറയുന്നു. തുർക്കിയെ നശിപ്പിച്ചത് അങ്ങനെയാണെന്ന് അദ്ദേഹം വാദിക്കുന്നു. കാരണം, 'അവിടെ കലപ്പയും തറിയും തമ്മിലും ചുറ്റികയും പല്ലിത്തടിയും തമ്മിലുള്ള സ്വാഭാവിക സഖ്യമുണ്ടാക്കിക്കൊണ്ട് സ്വയം ശക്തിപ്പെടാൻ ഭൂമിയുടെ ഉടമകളേയും കൈവശക്കാരേയും ഇംഗ്ലണ്ട് ഒരിക്കലും അനുവദിച്ചില്ല." (the slave Trade, p.125) ഉർക്കാർട്ട്തന്നെ തുർക്കിയുടെ നാശത്തിന്റെ പ്രധാനകാരണക്കാരിലൊരാളായിരുന്നുവെന്നാണ് കാരി പറയുന്നത്.-

അതിനുള്ള പ്രധാനകാരണം ഇതാണ്: ഇംഗ്ലണ്ട് മാറിമാറി ഒരു സമയത്ത് മുഖ്യമായും ധാന്യം കൃഷിചെയ്യുന്ന രാജ്യവും മറ്റൊരു സമയത്ത് മുഖ്യമായും കാലിവളർത്തുന്ന രാജ്യവുമാണ്. അതനുസരിച്ച് കൃഷിക്കാർ നടത്തുന്ന കൃഷിയുടെ വ്യാപ്തിയിൽ ഏറ്റക്കുറച്ചിലുണ്ടാവുന്നു. ആധുനികവ്യവസായവും അതിന്റെ യന്ത്രങ്ങളും മാത്രമാണ് അവസാനം മുതലാളിത്തകൃഷിക്ക് ശാശ്വതമായ അടിത്തറ നൽകുകയും കാർഷികജനതയുടെ ബഹുഭൂരിപക്ഷത്തിന്റെ സ്വത്ത് സമൂലം അപഹരിക്കുകയും കൃഷിയും ഗ്രാമീണഗാർഹികവ്യവസായവും തമ്മിലുള്ള വേർതിരിവ് പൂർണമാക്കുകയും ചെയ്യുന്നത്. ഗ്രാമീണഗാർഹികവ്യവസായത്തിന്റെ അടിവേരുകളായ നൂൽനൂല്പിനേയും നെയ്ത്തിനേയും അത് പിഴുതെറിയുന്നു** അക്കാരത്താൽത്തന്നെ അത് വ്യാവസായികമൂലധനത്തിനുവേണ്ടി ഇദംപ്രഥമമായി ആഭ്യന്തരകമ്പോളം മുഴുവനും പിടിച്ചെടുക്കുകയും ചെയ്യുന്നു.***

---

-ഇംഗ്ലണ്ടിന്റെ താല്പര്യം മുൻനിർത്തി ഉർക്കാർട്ട് അവിടെ സ്വതന്ത്രവ്യാപാരത്തിനുവേണ്ടി പ്രചാരണം നടത്തിയത്രെ. വേർതിരിയൽപ്രക്രിയയെ ത്വരിതപ്പെടുത്തുന്നതെന്താണോ ആ സ്വദേശവ്യാപാരസംരക്ഷണവ്യവസ്ഥകൊണ്ട് പ്രസ്തുതപ്രക്രിയ തടഞ്ഞുനിർത്താനാണ് വലിയൊരു റഷ്യൻ പക്ഷപാതികൂടിയായ കാരി ആഗ്രഹിക്കുന്നതെന്നാണ് ഏറ്റവും രസകരമായ സംഗതി.

** ദൈവം കായിനോട് ഹാബേലിനെപ്പറ്റി ചോദിച്ചതുപോലെ മിൽ, റോജേഴ്സ്, ഗോൾഡ്വിൻ സ്മിത്ത്, ഫോസെറ്റ് തുടങ്ങിയ ദീനദയാലുക്കളായ ഇംഗ്ലീഷ് ധനശാസ്ത്രജ്ഞരും ജോൺ ബ്രൈറ്റിനേയും കൂട്ടരേയുംപോലുള്ള ഉല്പതിഷ്ണുക്കളായ വ്യവസായികളും ഇംഗ്ലണ്ടിലെ ഭൂവുടമകളോട് ചോദിക്കുന്നു: ആയിരക്കണക്കിനുള്ള നമ്മുടെ സ്വതന്ത്രകർഷകർ എവിടെപ്പോയി? പക്ഷേ നിങ്ങൾതന്നെ എവിടന്നു വന്നു? ആ കർഷകരുടെ നശീകരണത്തിൽനിന്ന്, സ്വതന്ത്രരായ നെയ്ത്തുകാരും നൂൽനൂൽപുകാരും കൈവേലക്കാരും എവിടെപ്പോയി എന്നുകൂടി നിങ്ങൾ എന്തുകൊണ്ട് ചോദിക്കുന്നില്ല?

***"കാർഷിക"മെന്നതിനു വിപരീതമായിട്ടാണ് ഇവിടെ "വ്യാവസായിക"മെന്ന വാക്കുപയോഗിച്ചിരിക്കുന്നത്. സാമ്പത്തികഗണമെന്ന അർത്ഥത്തിൽ കൃഷിയുടമ ഫാക്ടറിയുടമയോളംതന്നെ വ്യവസായമുതലാളിയാണ്.

* 98-99.ഗ്രന്ഥകാരന്റെ പേരുവയ്ക്കാത്ത ഈ കൃതിയുടെ കർത്താവ്: "ടി. ഹോഡ്ഗ്സ്ക്കിൻ,"

** "വ്യാപാരി ഫാക്ടറിഉടമയാവുന്നത് വിലക്കിക്കൊണ്ടുള്ള ഒരു നിയമം കൊണ്ടുവരണമെന്ന് ആവശ്യപ്പെടുന്ന ഹർജിയുമായി ഒരു നിവേദകസംഘത്തെ 1794-ൽപോലും ലീഡ്സിലെ ചെറുകിട വസ്ത്രനിർമ്മാതാക്കൾ പാർലമെന്റിലേക്ക് അയയ്ക്കുകയുണ്ടായി."

അദ്ധ്യായം 6

# വ്യവസായമുതലാളിയുടെ ഉൽപത്തി

വ്യവസായ* മുതലാളി കർഷകനെപ്പോലെ അനുക്രമമായിട്ടല്ല ആവിർഭവിച്ചത്. പല ചെറിയ ഗിൽഡ്മാസ്റ്റർമാരും അതിലേറെ സ്വതന്ത്ര ചെറുകിട കൈവേലക്കാരും കൂലിവേലക്കാർപോലും ചെറുകിട മുതലാളിമാരായും (കൂലിവേലയുടെ ചൂഷണവും തദനുസൃതമായി സഞ്ചയവും ക്രമേണ വിപുലപ്പെടുത്തിക്കൊണ്ട് തികഞ്ഞ മുതലാളിമാരായും മാറിയെന്നതിനു സംശയമില്ല. മുതലാളിത്തരീതിയിലുള്ള ഉല്പാദനത്തിന്റെ ശൈശവാവസ്ഥയിൽ കാര്യങ്ങൾ പലപ്പോഴും നടന്നത് മദ്ധ്യകാലനഗരങ്ങളുടെ ശൈശവാവസ്ഥയിൽ നടന്നപോലെ തന്നെയാണ്. ആ നഗരങ്ങളിൽ ആദ്യം ഒളിച്ചോടിപ്പോയ അടിയാനാരെന്നു നോക്കിയാണ് ഭൂരിപക്ഷം ദൃഷ്ടാന്തങ്ങളിലും യജമാനനാര്, ഭൃത്യനാര് എന്നു തീരുമാനിച്ചത്. ഒച്ചിഴയും പോലുള്ള ഈ രീതിയുടെ ഗതിവേഗം പതിനഞ്ചാം നൂറ്റാണ്ടവസാനത്തിലെ വമ്പിച്ച കണ്ടുപിടുത്തങ്ങളാൽ സൃഷ്ടിക്കപ്പെട്ട പുതിയ ലോകവിപണിയുടെ വാണിജ്യപരമായ ആവശ്യങ്ങൾക്ക് തെല്ലും അനുരോധമായിരുന്നില്ല. പക്ഷേ മൂലധനത്തിന്റെ രണ്ടു വ്യത്യസ്തരൂപങ്ങൾ മദ്ധ്യകാലത്തിന്റെ ഒസ്യത്തായി ലഭിച്ചു. തികച്ചും വിഭിന്നമായ സാമ്പത്തിക- സാമൂഹ്യസംവിധാനങ്ങളിൽ പക്വതയാർജ്ജിക്കുന്ന ആ രൂപങ്ങൾ മുതലാളിത്തോല്പാദനരീതിയുടെ യുഗത്തിന് മുമ്പ് സാക്ഷാൽ മൂലധനമായി കരുതപ്പെട്ടുപോന്നു. അവയാണ് ഹുണ്ടികമൂലധനവും വ്യാപാരമൂലധനവും.

"ഇന്ന് സമൂഹത്തിന്റെ എല്ലാ സമ്പത്തും ആദ്യം കൈക്കലാക്കുന്നത് മുതലാളിയാണ്...അയാൾ ഭൂവുടമയ്ക്ക് പാട്ടം കൊടുക്കുന്നു. തൊഴിലാളിക്കു കൂലി കൊടുക്കുന്നു. കരംപിരിവുകാരനും പതാരം പിരിവുകാരനും അവർക്കു കൊടുക്കാനുള്ളത് കൊടുക്കുന്നു... എന്നിട്ട് വാർഷികാദ്ധ്വാനോല്പന്നത്തിന്റെ ഏറ്റവും വലിയ, നിരന്തരം വർദ്ധിച്ചുകൊണ്ടിരിക്കുന്ന വിഹിതം അയാൾ സ്വയമെടുക്കുന്നു. സമുദായത്തിന്റെ മുഴുവൻ സമ്പത്തിന്റേയും ആദ്യത്തെ ഉടമസ്ഥൻ

---

William Howitt, colonisation and Christianity: A Popular History of the Treatment of the Natives by the Europeans in all their Colonies. London, 1838,p.9 ബൂർഷ്വാസിക്ക് സ്വന്തം പ്രതിച്ഛായയിൽ ലോകത്തെ കരുപ്പിടിപ്പിച്ചെടുക്കാൻ കഴിയുന്നിടത്ത് അത് സ്വയമെങ്ങനെ മാറുന്നുവെന്നും തൊഴിലാളിയെ എങ്ങനെ മാറ്റുന്നുവെന്നും അറിയണമെങ്കിൽ ഈ വിഷയത്തെക്കുറിച്ച് വിശദമായി പഠിക്കണം.

ഇപ്പോൾ മുതലാളിയാണെന്നു പറയാം. ആ സ്വത്തിന് അങ്ങനെയൊരവകാശം ഒരു നിയമവും അയാൾക്കും നൽകിയിട്ടില്ലെങ്കിലും അതാണ് സ്ഥിതി. മൂലധനത്തിന്മേൽ പലിശ ഈടാക്കിയതിന്റെ ഫലമായിട്ടാണ് ഈ മാറ്റം വന്നത്... അന്യായപ്പലിശയ്ക്കെതിരായ നിയമങ്ങൾ മുഖേന ഇതു തടയാൻ യൂറോപ്പൊട്ടാകെയുള്ള നിയമ നിർമ്മാതാക്കൾ ശ്രമിച്ചു നോക്കിയെന്നത് അത്രതന്നെ കൗതുകകരമാണ്.... രാജ്യത്തിന്റെ സമസ്ത സമ്പത്തിന്റേയും മേൽ മുതലാളിമാർക്കുള്ള അധികാരം സ്വത്തുടമാവകാ ശത്തിലുണ്ടായിട്ടുള്ള സമ്പൂർണ്ണമാറ്റമാണ്.. ഏത് നിയമം അഥവാ നിയമപരമ്പര വച്ചാണ് അത് നടപ്പാക്കിയത്?"*

നിയമങ്ങൾ ഒരിക്കലും വിപ്ലവങ്ങൾ നടത്താറില്ലെന്ന കാര്യം ലേഖകൻ ഓർക്കേണ്ടതായിരുന്നു.

ഹുണ്ടികയും കച്ചവടവും വഴി രൂപമെടുത്ത പണമൂലധനം വ്യാവസായിക മൂലധനമായി മാറുന്നതിനെ ഗ്രാമങ്ങളിൽ ഫ്യൂഡൽ വ്യവസ്ഥയും പട്ടണങ്ങളിൽ ഗിൽഡ് സംഘടനയും തടസ്സപ്പെടുത്തി** ഫ്യൂഡൽ സമൂഹം തകർന്നതോടെ, ഗ്രാമീണജനതയുടെ സ്വത്തപഹരിക്കുകയും അവരെ ഭാഗികമായി ആട്ടിയോടിക്കുകയും ചെയ്തതോടെ, ഈ പ്രതിബന്ധങ്ങൾ നീങ്ങി. കടൽത്തുറമുഖങ്ങളിലോ പഴയ മുനിസിപ്പാലിറ്റികളുടേയും അവയുടെ ഗിൽഡുകളുടേയും നിയന്ത്രണത്തിന് വെളിയിലുള്ള ഉൾപ്രദേശങ്ങളിലോ പുതിയ നിർമ്മാണതൊഴിൽശാലകൾ സ്ഥാപിക്കപ്പെട്ടു. ഇംഗ്ലണ്ടിൽ ഗിൽഡ്സമ്പ്രദായത്തോടുകൂടിയ നഗരങ്ങൾ വ്യവസായത്തിന്റെ ഈ പുതിയ ഈറ്റില്ലങ്ങൾക്കെതിരായി ഇത്ര രൂക്ഷ മായി പൊരുതാനുള്ള കാരണം ഇതാണ്.

അമേരിക്കയിൽ സ്വർണ്ണവും വെള്ളിയും കണ്ടെത്തിയത്, അവിടത്തെ ആദിവാസികളെ വേരോടെ പിഴുത്, അടിമപ്പെടുത്തി, ഖനികളിൽ കുഴിച്ചുമൂടിയത്, ഈസ്റ്റിൻഡീസിന്റെ വെട്ടിപ്പിടുത്തത്തിനും കൊള്ളയടിക്കും തുടക്കമിട്ടത്, ആഫ്രിക്കയെ കറുത്ത തൊലിക്കാരെ വേട്ടയാടാനുള്ള വന്യമൃഗസങ്കേതമായി മാറ്റിയത്– ഇവയാണ്–മുതലാളിത്തോല്പാദനയുഗത്തിന്റെ പുലരി കുറിച്ചത്. ശാലീനസുന്ദരമായ ഈ നടപടികളാണ് ആദിമസഞ്ചയത്തെ ത്വരിതപ്പെടുത്തിയ മുഖ്യഘടകങ്ങൾ. അവയുടെ ചുവടു പിടിച്ചുകൊണ്ട് യൂറോപ്യൻ രാഷ്ട്രങ്ങൾ തമ്മിലുള്ള വാണിജ്യയുദ്ധം നടന്നു. ഭൂഗോളം മുഴുവനും ആ യുദ്ധത്തിന്റെ കളരിയായിത്തീർന്നു. നെതർലാൻഡ്സ് കലാപം നടത്തിക്കൊണ്ട് സ്പെയിനിൽനിന്നു വിട്ടുപോയതോടെ ആരംഭിച്ച ആ യുദ്ധം ഇംഗ്ലണ്ടിന്റെ ജാക്കോബിൻ വിരുദ്ധയുദ്ധത്തോടെ ഭീമമായ വ്യപ്തിയാർജിച്ചു. ചൈനക്കെതിരായ കറപ്പ് യുദ്ധങ്ങളിലുടെയും മറ്റും അത് ഇന്നും തുടരുകയാണ്.

ആദിമസഞ്ചയത്തിന്റെ വിവിധലക്ഷണങ്ങൾ ഏറെക്കുറെ കാലാനുക്രമമായി വിവിധരാജ്യങ്ങളിലായി വിതരണം ചെയ്യപ്പെട്ടിരിക്കുന്നു. വിശേഷിച്ച് സ്പെയിൻ, പോർച്ചുഗൽ, ഹോളണ്ട്, ഫ്രാൻസ്, ഇംഗ്ലണ്ട് എന്നീ രാജ്യങ്ങളിൽ. ഇംഗ്ലണ്ടിൽ പതിനേഴാം നൂറ്റാണ്ടിന്റെ അവസാനത്തിൽ കോളനികളേയും ദേശീയകടത്തേയും ആധുനിക നികുതിസമ്പ്രദായത്തേയും സ്വദേശവ്യാപാരസംരക്ഷണവ്യവസ്ഥയേയും സമാശ്ലേഷിച്ചുകൊണ്ട് അവ ഒരു വ്യവസ്ഥയുടെ രൂപത്തിൽ

ഒന്നിച്ചു ചേരുന്നു. ഈ രീതികൾ ഭാഗികമായി മൃഗീയശക്തിയെ ആശ്രയിച്ചാണിരിക്കുന്നത്. ഉദാഹരണത്തിന് കൊളോണിയൽ വ്യവസ്ഥ. എങ്കിലും ഫ്യൂഡൽ ഉല്പാദനരീതിയിൽനിന്ന് മുതലാളിത്ത രീതിയിലേക്കുള്ള രൂപാന്തരണപ്രക്രിയയെ ത്വരിതപ്പെടുത്താനും ആ പരിവർത്തനഘട്ടത്തിന്റെ ദൈർഘ്യം കുറയ്ക്കാനും വേണ്ടി അവയെല്ലാം സമൂഹത്തിലെ സാന്ദ്രീകൃത സുസംഘടിതശക്തിയായ ഭരണകൂടത്തിന്റെ അധികാരത്തെ ഉപയോഗപ്പെടുത്തുന്നുണ്ട്. പുതിയ സമൂഹത്തെ ഗർഭം ധരിച്ചിട്ടുള്ള ഏതൊരു പഴയ സമൂഹത്തിന്റേയും വയറ്റാട്ടിയാണ് ബലപ്രയോഗം. അത് സ്വയമൊരു സാമ്പത്തിക ശക്തിയാണ്.

ക്രിസ്തുമതത്തെക്കുറിച്ച് പ്രത്യേകപഠനം നടത്തിയിട്ടുള്ള ഡബ്ലിയു ഹോവിറ്റ് ക്രിസ്തീയ കൊളോണിയൽ വ്യവസ്ഥയെപ്പറ്റി പറയുന്നത് ഇങ്ങനെയാണ്:

"ക്രിസ്ത്യാനികളുടേതെന്നു പറയപ്പെടുന്ന വംശം ലോകത്തിന്റെ എല്ലാ ഭാഗത്തും, തങ്ങൾക്കു കീഴടക്കാൻ കഴിഞ്ഞ എല്ലാ ജനതകളുടെ മേലും, നടത്തിയിട്ടുള്ള കിരാതവൃത്തികളോടും കടുംകൈകളോടും കിടപിടിക്കാൻ ഭൂമുഖത്ത് എന്നെങ്കിലും ജീവിച്ചിട്ടുള്ള അങ്ങേയറ്റം ക്രൂരന്മാരും നിരക്ഷരരും ദയയോ ലജ്ജയോ തൊട്ടുതീണ്ടാത്തവരുമായ മറ്റൊരൊറ്റ വംശത്തിന്റേയും ചെയ്തികൾക്കാവില്ല,"*

ഹോളണ്ടിന്റെ കോളനിഭരണചരിത്രം–ഹോളാണ്ടാവട്ടെ പതിനേഴാം നൂറ്റാണ്ടിലെ മാതൃകാ മുതലാളിത്തരാഷ്ട്രമായിരുന്നു–"വഞ്ചനയുടേയും കൈക്കൂലിയുടേയും കുട്ടക്കൊലയുടേയും നീചത്തത്തിന്റേയും അങ്ങേയറ്റം അസാമാന്യമായ ഒരു ചിത്രമാണ് കാഴ്ചവയ്ക്കുന്നത്.," ജാവയിലേക്ക് അടിമകളെ കിട്ടാൻവേണ്ടി ആളുകളെ മോഷ്ടിക്കുകയെന്ന അവരുടെ സമ്പ്രദായം ആ ഭരണത്തിന്റെ തത്സ്വരൂപത്തെ മറ്റെന്തിനെക്കാളും വ്യക്തമായി എടുത്തു കാട്ടുന്നു. മനുഷ്യചോരന്മാരെ അതിനുവേണ്ടി പ്രത്യേകം പരിശീലിപ്പിച്ചിരിക്കുന്നു. ഈ കച്ചവടത്തിൽ കള്ളനും ദ്വിഭാഷിയും വില്പനക്കാരനുമായിരുന്നു പ്രധാന ഏജന്റുമാർ. നാട്ടുരാജാക്കന്മാർ പ്രധാനവില്പനക്കാരും, മോഷ്ടിക്കപ്പെട്ട ചെറുപ്പക്കാരെ അടിമക്കപ്പലുകളിലേയ്ക്കയയ്ക്കാറാവുന്നതുവരെ സെലെബസ്സിലെ രഹസ്യ ഇരുട്ടറകളിൽ അടച്ചിരുന്നു. ഒരു ഔദ്യോഗിക റിപ്പോർട്ടിൽ പറയുന്നു.:

"ഉദാഹരണത്തിന് മക്കാസ്സർ എന്ന ഈ പട്ടണം നിറയെ രഹസ്യജയിലുകളാണ്. ഒന്നു മറ്റേതിനെക്കാൾ ഭയങ്കരം. കുടുംബങ്ങളിൽ നിന്ന് ബലാൽക്കാരമായി പിടിച്ചുകെട്ടിക്കൊണ്ടുവന്നത് ചങ്ങലയ്ക്കിടപ്പെട്ട, ദുരയുടേയും സ്വേച്ഛാപ്രമത്തതയുടേയും ഇരകളായ ഹതഭാഗ്യരെ അവയിൽ കുത്തിനിറച്ചിരിക്കുകയാണ്,"

---

* 1866 ൽ ഒറീസ്സാപ്രവിശ്യയിൽ മാത്രം പത്തു ലക്ഷത്തിലധികം ഇന്ത്യക്കാർ പട്ടിണി കിടന്നു മരിച്ചു. എന്നിട്ടും പട്ടിണിപ്പാവങ്ങൾക്ക് ആത്യാവശ്യസാധനങ്ങൾ വിലകൂട്ടി വിറ്റ് ഇന്ത്യൻ ഖജനാവ് നിറയ്ക്കാനാണ് ബ്രിട്ടീഷുകാർ ശ്രമിച്ചത്.

** ഇംഗ്ലണ്ടിൽ എല്ലാ സാമൂഹ്യസ്ഥാപനങ്ങളേയും "റോയൽ" (രാജകീയം) എന്നാണ് വിളിച്ചുവരുന്നതെന്നും അതിന്റെ പ്രായശ്ചിത്തമായി അവിടത്തെ വായ്പ "ദേശീയ "വായ്പയാണെന്നും വില്യം കോബ്ബെറ്റ് ചൂണ്ടിക്കാട്ടുന്നു.

മലാക്ക കൈവശപ്പെടുത്താൻ ഡച്ചുകാർ പോർച്ചുഗീസ് ഗവർണർക്ക് കൈക്കൂലി കൊടുത്തു. 1641 ൽ അയാൾ അവരെ പട്ടണത്തിൽ കടത്തിവിട്ടു. അയാളുടെ വഞ്ചനയുടെ വിലയായ 21, 875 പവൻ അയാൾക്ക് കൊടുക്കുന്നതിൽനിന്ന് "ഒഴിയാൻ"വേണ്ടി അവർ ഉടനെ അയാളുടെ വീട്ടിലേക്ക് പാഞ്ഞുചെന്ന് അയാളെ കൊലപ്പെടുത്തി. അവർ കാലു കുത്തിയിടത്തെല്ലാം നശീകരണവും ജനങ്ങളുടെ കൂട്ടപലായനവും പിന്തുടർന്നു. ജാവയിലെ ഒരു പ്രവിശ്യയായ ബന്യുവങ്കിയിൽ 1750 ൽ 80,000 ൽ പരം നിവാസികളുണ്ടായിരുന്നു. 1811 ൽ വെറും 8,000 പേരെ ഉണ്ടായിരുന്നുള്ളു. ഇതാണ് നിഷ്കളമായ കച്ചവടം!

ഇംഗ്ലീഷുകാരുടെ ഈസ്റ്റിന്ത്യ കമ്പനിയ്ക്ക് ഇന്ത്യയിലെ രാഷ്ട്രീയ ഭരണാധികാരത്തിന് പുറമേ തേയിലവ്യാപാരത്തിന്റേയും ചൈനയുമായുള്ള വ്യാപാരത്തിന്റേയും യുറോപ്പിലേക്കും യുറോപ്പിൽ നിന്നും ചരക്കുകൾ കയറ്റിക്കൊണ്ടുപോകുന്നതിന്റേയും പരിപൂർണ കുത്തക ലഭിച്ചിരുന്നുവെന്ന കാര്യം സുവിദിതമാണ്. പക്ഷേ ഇന്ത്യയിലെ തീരദേശവ്യാപാരവും ദ്വീപുകൾതമ്മിലുള്ള കച്ചവടവും ഇന്ത്യയുടെ ആഭ്യന്തരവ്യാപാരവും കമ്പനിയുടെ ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ കുത്തകയായിരുന്നു. ഉപ്പ്, കറപ്പ്, വെറ്റില തുടങ്ങിയ ചരക്കുകളിന്മേലുള്ള കുത്തകാവകാശം സമ്പത്തിന്റെ അക്ഷയഖനികളായിരുന്നു. ഉദ്യോഗസ്ഥന്മാർതന്നെ അവയുടെ വില നിശ്ചയിക്കുകയും നിർഭാഗ്യവാൻമാരായ ഇന്ത്യക്കാരെ യഥേഷ്ടം കൊള്ളയടിക്കുകയും ചെയ്തു. ഈ സ്വകാര്യ കച്ചവടത്തിൽ ഗവർണ്ണർജനറലിനും കയ്യുണ്ടായിരുന്നു. രാസവിദ്യക്കാരെക്കാൾ സമർത്ഥമായി ശൂന്യതയിൽ നിന്നു സ്വർണ്ണമുണ്ടാക്കാൻ പറ്റുന്ന തരം കരാറുകളാണ് അദ്ദേഹത്തിന്റെ സിൽബന്തികൾക്കു ലഭിച്ചത്. പുതുമഴയിൽ കിളുർത്ത കൂണുപോലെ ഭീമമായ സമ്പത്ത് രായ്ക്കുരാമാനം മുളച്ചു വന്നു. ചില്ലിക്കാശു മുടക്കാതെതന്നെ ആദിമസഞ്ചയം തുടർന്നു. വാറൻ ഹേസ്റ്റിംഗ്സിന്റെ വിചാരണയ്ക്കിടയിൽ അത്തരം അനേകം സംഭവങ്ങൾ പുറത്തുവരികയുണ്ടായി. ഒരു ഉദാഹരണം പറയാം. സള്ളിവൻ എന്നു പേരുള്ള ഒരാൾക്ക് കറപ്പിനുള്ള ഒരു കരാർ നൽകപ്പെട്ടു. കറപ്പുല്പാദിപ്പിക്കുന്ന ഇടത്തുനിന്ന് വളരെ ദൂരെയുള്ള ഒരു സ്ഥലത്തേക്ക് ഔദ്യോഗികാവശ്യം പ്രമാണിച്ച് പുറപ്പെടാൻ നേരത്താണ് അയാൾക്ക് ആ കരാർ കിട്ടിയത്. സള്ളിവൻ തന്റെ കരാർ ബിൻ എന്നൊരാൾക്ക് 40,000 പവനു വിറ്റു. അന്നു തന്നെ ബിൻ അത് 60,000 പവനു വിറ്റു. അത് അവസാനം വാങ്ങിയ ആൾ പറഞ്ഞു. കരാർ നടപ്പാക്കിയതുമൂലം അയാൾക്ക് എല്ലാം കഴിച്ച് ഭീമമായൊരു ലാഭം കിട്ടിയെന്ന്. പാർലമെന്റിന്റെ മുമ്പാകെ വച്ച ഒരു രേഖയനുസരിച്ച് 1757 നും 1766 നുമിടയ്ക്ക് കമ്പനിക്കും അതിലെ ഉദ്യോഗസ്ഥന്മാർക്കും ഇന്ത്യാക്കാരിൽനിന്ന് അറുപതു ലക്ഷം പവൻ സമ്മാനമായി കിട്ടുകയുണ്ടായി. 1769 നും 1770നു മിടയ്ക്ക് മുഴുവൻ അരിയും വിലയ്ക്ക് വാങ്ങുകയും ഭീമമായ വിലയ്ക്കല്ലാതെ വിൽക്കാൻ വിസ്സമ്മതിക്കുകയും ചെയ്തുകൊണ്ട് ഇംഗ്ലീഷുകാർ രാജ്യത്ത്

---

*"ഇന്ന് താത്താറുകാർ യൂറോപ്പിനെ ആക്രമിക്കുകയാണെങ്കിൽ നമ്മുടെയിടയിൽ പണമിടപാടുകാരനുള്ള പ്രാധാന്യം മനസ്സിലാക്കാൻ അവർ വല്ലാതെ വിഷമിക്കും."(മോണ്ടെസ്കൾ)

കൃത്രിമമായി ക്ഷാമം സൃഷ്ടിച്ചു*.

വെസ്റ്റിൻഡീസിനെപ്പോലെ കയറ്റുമതിയെ മാത്രം ലാക്കാക്കി തോട്ടങ്ങൾ നടത്തിപ്പോന്ന കോളനികളിലും മെക്സിക്കോയേയും ഇന്ത്യയേയുംപോലെ കൊള്ളയടിക്ക് വിധിക്കപ്പെട്ട സമ്പന്നവും ജനനിബിഡവുമായ രാജ്യങ്ങളിലും ആദിവാസികളോടുള്ള പെരുമാറ്റം അങ്ങേയറ്റം ഭയാനകമായിരുന്നുവെന്നു പറയേണ്ടതില്ലല്ലൊ. എന്നാൽ ശരിക്കു കോളനികളായിരുന്ന രാജ്യങ്ങളിൽപോലും ആദിമസഞ്ചയത്തിന്റെ ക്രിസ്ത്യൻ സ്വഭാവത്തിന് മാറ്റമൊന്നുമുണ്ടായില്ല. പ്രൊട്ടസ്റ്റന്റ് മതത്തിന്റെ സമചിത്തതയാർന്ന പുണ്യാത്മക്കളായ ന്യൂ ഇംഗ്ലണ്ടിലെ പ്യൂരിട്ടന്മാർ 1703 ൽ അവരുടെ നിയമസഭയുടെ കല്പനയനുസരിച്ച് ഒരോ ഇന്ത്യൻ ശിരശ്ചർമ്മത്തിനും (കൊന്നു എന്നതിന്റെ തെളിവായികൊണ്ടു വരുന്നത്) ജീവനോടെ പിടികൂടുന്ന ഒരോ റെഡ് ഇന്ത്യക്കാരനും 40 പവൻ വില നിശ്ചയിച്ചു. 1720–ൽ ഒരോ ശിരശ്ചർമ്മത്തിന്റേയും വില 100 പവനായി. 1744 ൽ മസാച്ചുസെറ്റ്സ് ഉൾക്കടൽ പ്രദേശത്ത് ഒരു പ്രത്യേകഗോത്രക്കാരെ കലാപകാരികളായി പ്രഖ്യാപിച്ച ശേഷം താഴെപ്പറയുന്ന വിലകൾ നിശ്ചയിച്ചു: 12 വയസ്സോ അതിൽ കൂടുതലോ പ്രായമുള്ള പുരുഷന്റെ ശിരശ്ചർമ്മത്തിന് പുതിയ നാണയത്തിൽ 100 പവൻ; തടവുകാരന് 105 പവൻ; തടവുകാരിക്കും തടവിൽ പിടിക്കുന്ന കുട്ടിക്കും 55 പവൻ: സ്ത്രീകളുടേയും കുട്ടികളുടേയും ശിരശ്ചർമ്മത്തിന് 50 പവൻ. ഏതാനും ദശാബ്ദങ്ങൾക്കുശേഷം പുണ്യവാന്മാരായ തീർത്ഥാടകപിതാക്കളുടെ പിൻഗാമികളോട്–അവർ അതിനകം രാജ്യദ്രോഹികളായിക്കഴിഞ്ഞിരുന്നു–കൊളോണിയൽ വ്യവസ്ഥ പക വീട്ടി. ഇംഗ്ലീഷുകാരുടെ ദുഷ്പ്രേരണയക്ക് വംശവദരായി, ഇംഗ്ലീഷുകാരുടെ പണം വാങ്ങിക്കൊണ്ട്, റെഡ് ഇന്ത്യാക്കാർ അവരെ മഴുവെറിഞ്ഞു കൊന്നു. രക്തദാഹികളായ വേട്ടപ്പട്ടികളും തലയോട്ടിയുടെ തൊലിയുരിക്കലും "ദൈവവും പ്രകൃതിയും കനിഞ്ഞു നൽകിയ ഉപാധികളണെ"ന്ന് ബ്രിട്ടീഷ് പാർലമെന്റ് പ്രഖ്യാപിച്ചു.

കൊളോണിയൽ വ്യവസ്ഥ ഒരു സസ്യോഷ്ണശാലയെന്ന പോലെ വ്യാപാരത്തിന്റേയും കപ്പലോട്ടത്തിന്റേയും വളർച്ചയ്ക്ക് പ്രചോദനമേകി. ലൂതറുടെ കുത്തകസമാജങ്ങൾ മൂലധനത്തിന്റെ സാന്ദ്രീകരണത്തിനുള്ള ഊറ്റമേറിയ ഉത്തോലകങ്ങളായിരുന്നു. കോളനികൾ ശൈശവാവസ്ഥയിലുള്ള നിർമ്മാണത്തൊഴിലുകൾക്ക് കമ്പോളം ലഭ്യമാക്കുകയും കമ്പോളത്തിന്റെ കുത്തകയിലൂടെ സഞ്ചയം വർദ്ധിപ്പിക്കുകയും ചെയ്തു.പരസ്യമായ കൊള്ളയും അടിമപ്പെടുത്തലും കൊലപാതകവും മുഖേന യുറോപ്പിനു വെളിയിൽനിന്ന് പിടിച്ചെടുത്ത നിധികൾ മാതൃരാജ്യത്തേക്കൊഴുകുകയും അവിടെ അവ മൂലധനമായി മാറ്റപ്പെടുകയും ചെയ്തു കൊളോണിയൽ വ്യവസ്ഥ പൂർണ്ണമായി വികസിപ്പിച്ചെടുത്ത ആദ്യത്തെ രാജ്യം ഹോളണ്ടായിരുന്നു. 1648 ൽ ത്തന്നെ അത് അതിന്റെ വാണിജ്യപ്രതാപത്തിന്റെ കൊടുമുടിയിൽ എത്തിക്കഴിഞ്ഞിരുന്നു.

"ഈസ്റ്റിന്ത്യൻ വ്യാപാരവും യുറോപ്പിന്റെ തെക്കുകിഴക്കും വടക്കുപടിഞ്ഞാറും തമ്മിലുള്ള വാണിജ്യവും ഏതാണ്ട് പൂർണമായും

അതിന്റെ കൈവശമായിരുന്നു. മീൻപിടുത്തത്തിലും കപ്പലോട്ടത്തിലും നിർമ്മാണ ത്തൊഴിലു കളിലും അത് മറ്റെല്ലാ രാജ്യങ്ങളേയും അതിശയിച്ചു. റിപ്പബ്ലിക്കിലെ മൊത്തം മൂലധനം യൂറോപ്പിന്റെ ബാക്കി ഭാഗത്തെല്ലാം കൂടിയുള്ളതിനെക്കാൾ ഒരുപക്ഷേ ഗണനീയമായിരുന്നു,"

1648 ആയപ്പോഴേക്ക് ഹോളണ്ടിലെ ജനങ്ങൾ യൂറോപ്പിന്റെ ശേഷം ഭാഗത്തെല്ലാം കൂടിയുള്ളവരെക്കാൾ കൂടുതൽ അത്യദ്ധ്വാന ത്തിനും ദാരിദ്ര്യത്തിനും മൃഗീയമായ മർദ്ദനത്തിനും വിധേയരായിരുന്നു വെന്നുകൂടി കൂട്ടിച്ചേർക്കാൻ ഗ്യൂലിഹ് മറന്നുപോയി.

ഇന്ന് വ്യാവസായികമേധാവിത്വം എന്നാൽ വാണിജ്യമേധാവിത്വ ത്തെക്കൂടി വിവക്ഷിക്കുന്നു. നേരെ മറിച്ച് ശരിക്കുള്ള നിർമ്മാണത്തൊഴി ലിന്റെ കാലഘട്ടത്തിൽ വാണിജ്യപരമായ മേധാവിത്വമാണ് വ്യാവസായി കാധിപത്യത്തിന് ഉറപ്പു നൽകുന്നത്. അക്കാലത്ത് കൊളോണിയൽ വ്യവസ്ഥ നിർണായകമായ പങ്കു വഹിക്കാൻ ഇതാണ് കാരണം. യൂറോ പ്പിലെ പഴയ ദൈവങ്ങളോടൊപ്പം അൾത്താരയിൽ ഇരിപ്പുറപ്പിക്കുകയും ഒരു സുപ്രഭാതത്തിൽ ഒരൊറ്റ തള്ളിന് അവരെ ദൂരെയെറിയുകയും ചെയ്ത "വിചിത്രദൈവ"മാണ് അത്. മിച്ചമുല്യമുണ്ടാക്കലാണ് മനുഷ്യരാ ശിയുടെ ഒരേയൊരു ലക്ഷ്യമെന്ന് അതു പ്രഖ്യാപിച്ചു.

പൊതുവിൽ നിർമ്മാണത്തൊഴിലിന്റെ കാലഘട്ടത്തിലാണ് പൊതുവായ്പ അഥവാ ദേശീയഘടകങ്ങൾ എന്ന സമ്പ്രദായം യൂറോ പ്പിൽ വ്യാപിച്ചത്. പണ്ടുപണ്ട് മദ്ധ്യകാലത്ത് ജെനോവയിലും വെനീസി ലും അതിന്റെ ഉല്പത്തി കണ്ടെത്താൻ കഴിയും. കൊളോണിയൽ വ്യവസ്ഥയും അതിന്റെ ഭാഗമായ സമുദ്രാന്തരവ്യാപാരവും വാണിജ്യ യുദ്ധങ്ങളും ആ സമ്പ്രദായത്തിന് ഉത്തേജനമേകി. അത് ആദ്യം വേരു പിടിച്ചത് ഹോളണ്ടിലാണ്. ദേശീയകടം, അതായത് സ്റ്റേറ്റിന്റെ—അത് സ്വേച്ഛാധിപത്യപരമോ വ്യവസ്ഥാപിതമോ റിപ്പബ്ലിക്കനോ എന്തു മാവട്ടെ— അന്യവൽക്കരണം, മുതലാളിത്തയുഗത്തിന്മേൽ സ്വന്തം മുദ്ര ചാർത്തി. ദേശീയസമ്പത്തെന്നു പറയപ്പെടുന്നതിന്റെ ഒരു ഭാഗം മാത്രമേ

---

* John Fielden, The Curse of the Factory System , London, , 1836, PP 5.6. ആവിയന്ത്രം ഫാക്ടറികളെ നാട്ടിൻപുറത്തുള്ള വെള്ളച്ചാട്ടങ്ങളുടെ അടുത്തുനിന്ന് പട്ടണങ്ങളുടെ നടുവിലേക്ക് പറിച്ചുനട്ടപ്പോൾ "സംയമശീലനായ"മിച്ചമൂല്യോല്പാദകന് ബാലാദ്ധ്വാനസാമഗ്രികൾ സുലഭമായി കിട്ടി. അയാൾക്കിപ്പോൾ ധർമ്മശാലകളിൽനിന്ന് അടിമകളെ തേടേണ്ടിവന്നില്ല. സർ. ആർ, പീൽ("യോഗ്യതാമന്ത്രി"യുടെ പിതാവ്) 1815-ൽ ബാലസാരക്ഷണബിൽ കൊണ്ടുവന്നപ്പോൾ ബുള്ളിയൻ കമ്മിറ്റിയിലെ ഒരു താരവും റിക്കാർഡോയുടെ ആത്മമിത്രവുമായ ഫ്രാൻസിസ് ഹോർനർ കോമൺസ് സഭയിൽ പറഞ്ഞു: '' പാപ്പരായ ഒരാളുടെ വസ്തുവകകളുടെ കൂട്ടത്തിൽ ഈ കുട്ടികളുടെ ഒരു ഗാങ്ങിനെക്കൂടി (അങ്ങനെ പറയാമെങ്കിൽ) വില്പനയ്ക്കു വയ്ക്കുകയും വസ്തുവകകളുടെ ഭാഗമെന്ന നിലയ്ക്ക് പരസ്യപ്പെടുത്തുകയും ചെയ്ത സംഭവം സുവിദിതമാണ്. രണ്ടു വർഷം മുമ്പ് കിംഗ്സ് ബഞ്ച് കോടതിയുടെ മുമ്പാകെ ഞെട്ടിപ്പിക്കുന്ന ഒരു കേസ് കൊണ്ടുവരികയുണ്ടായി. ലണ്ടനിലെ ഒരു ഇടവക കുറെ കുട്ടികളെ അപ്രന്റീസുകളായി ഒരു ഫാക്ടറി ഉടമയെ ഏല്പിച്ചു. അയാൾ അവരെ മറ്റൊരു ഫാക്ടറി ഉടമയ്ക്ക് കൈമാറി. അവർ ദീനദയാലുക്കളായ കുറച്ചുപേരുടെ കണ്ണിൽ പെട്ടപ്പോൾ അവർ മുഴുപ്പട്ടിണിയിൽ കഴിയുകയായിരുന്നു പാർലമെന്ററി കമ്മിറ്റിയിലെ അംഗമായിരിക്കു മ്പോൾ ഇതിലും ഭയങ്കരമായ ഒരു സംഭവം തന്റെ അറിവിൽ പെടുകയുണ്ടായി. ഏതാനും വർഷങ്ങൾക്ക് മുമ്പ് ലണ്ടനിലെ ഒരു ഇടവകയും ലങ്കാഷയറിലെ ഒരു ഫാക്ടറി ഉടമയും തമ്മിൽ ഒരു കരാറുണ്ടാക്കി. ആരോഗ്യമുള്ള ഇരുപതു കുട്ടികളോടൊപ്പം ഫാക്ടറി ഉടമ ഒരു മണ്ടനെ കൂടി എടുക്കണമെന്നായിരുന്നു കരാറിലെ വ്യവസ്ഥ.

ആധുനികജനവിഭാഗങ്ങളുടെ കൂട്ടായ ഉടമസ്ഥതയിൽ യഥാർത്ഥത്തിൽ വന്നു ചേരുന്നുള്ളു. അത് അവരുടെ ദേശീയകടമാണ്.* ഇതിന്റെ അവശ്യമായ അനന്തരഫലമാണ് ഒരു രാഷ്ട്രത്തിന്റെ സമ്പത്തേറുന്തോറും അതിന്റെ കടബാദ്ധ്യതയുമേറുന്ന ആധുനികസിദ്ധാന്തം പൊതുവായ്പാ മൂലധനത്തിന്റെ വിശ്വാസപ്രമാണമായിത്തീരുന്നത്. ദേശീയകടമെടുപ്പിന്റെ ആവിർഭാവത്തോടെ ദേശീയകടത്തിൽ വിശ്വാസമില്ലാതിരിക്കുന്നത് വിശുദ്ധറൂഹായെ നിന്ദിക്കുന്നതുപോലെ തന്നെ അക്ഷന്തവ്യമായ അപരാധമായിത്തീരുന്നു.

പൊതുകടമെടുപ്പ് ആദിമസഞ്ചയത്തിന്റെ ഏറ്റവും ശക്തമായ ഉത്തോലകങ്ങളിലൊന്നായിരുന്നു. ഒരു ഇന്ദ്രജാലക്കാരന്റെ മന്ത്രവടി കൊണ്ടെന്നപോലെ അത് വന്ധ്യമായ പണത്തിന് ഉല്പാദനശേഷി നൽകുന്നു. വ്യവസായത്തിലോ ഹുണ്ടികവ്യാപാരത്തിൽപോലുമോ ഉപയോഗിച്ചാൽ അനിവാര്യമായും ഉണ്ടാവുന്ന വൈഷമ്യങ്ങളും ആപത്തുകളുമൊന്നും നേരിടാനിടവരാതെതന്നെ പണം മൂലധനമായി മാറുന്നു, സർക്കാരിന് വായ്പകൊടുക്കുന്നവർ വാസ്തവത്തിൽ യാതൊന്നും കൊടുക്കുന്നില്ല.കാരണം, കടംകൊടുത്ത തുക പൊതുകടപ്പത്രങ്ങളായി മാറ്റപ്പെടുന്നു, അത്രയും രൊക്കം പണം കയ്യിലിരുന്നാലെന്നപോലെതന്നെ നിഷ്പ്രയാസം അവ വെച്ചും ഇടപാടു നടത്താം. പക്ഷേ ഇതു മാത്രമല്ല; ഇങ്ങനെ സൃഷ്ടിക്കപ്പെടുന്ന അലസരായ പലിശോപജീവികളുടെ വർഗത്തിന് പുറമേ, ഗവൺമെന്റിനും രാഷ്ട്രത്തി നുമിടയ്ക്കുള്ള ഇടനിലക്കാരായ പണമിടപാടുകാരുടെ പെട്ടെന്നുള്ള സമ്പത്തിന് പുറമേ–അതുപോലെതന്നെ, ഒരോ ദേശീയകടമെടുപ്പിന്റേയും നല്ലൊരു ഭാഗം സ്വർഗത്തിൽനിന്നും വീണുകിട്ടിയ മൂലധനമായി ഉപകരിക്കുന്ന നികുതിവാങ്ങലുകാർക്കും കച്ചവടക്കാർക്കും സ്വകാര്യഫാക്ടറി ഉടമകൾക്കും പുറമെ ദേശീയകടമെടുപ്പ് ജോയിന്റ് സ്റ്റോക്ക് കമ്പനികൾക്കും നാനാതരം കടപ്പത്രങ്ങളിലുള്ള കൊള്ളക്കൊടുക്ക ലുകൾക്കും തരക് സമ്പ്രദായത്തിനും, ഒറ്റവാക്കിൽ പറഞ്ഞാൽ, സ്റ്റോക്ക് എക്സ്ചേഞ്ചിലെ ചൂതാട്ടത്തിനും ആധുനിക ബാങ്കുമേധാവിത്വത്തിനും ജന്മം നൽകി.

ദേശീപ്പേരുകളിൽ അറിയപ്പെടുന്ന ഇന്നത്തെ വൻകിട ബാങ്കുകൾ എല്ലാം തുടക്കത്തിൽ വെറും സ്വകാര്യ ഊഹകച്ചവടക്കാരുടെ സംഘങ്ങൾ മാത്രമായിരുന്നു. ഗവൺമെന്റുകൾക്ക് അരുനിന്നിരുന്ന അവ വിശേഷാവകാശങ്ങൾ അനുഭവിച്ചുപോന്നു. അക്കാരണത്താൽ സ്റ്റേറ്റിന് പണം മുൻകൂർ നൽകാൻ അവയ്ക്ക് കഴിഞ്ഞു. അതുകൊണ്ട് ആ ബാങ്കുകളുടെ ഓഹരികളിലുണ്ടായ തുടർച്ചയായ വർദ്ധനവാണ് ദേശീയ കടത്തിന്റെ സഞ്ചയത്തിന്റെ ഏറ്റവും അപ്രമാദമായ അളവുകോൽ. 1694 ൽ ബാങ്ക് ഓഫ് ഇംഗ്ലണ്ട് സ്ഥാപിതമായതുതൊട്ടാണ് ബാങ്കുകളുടെ പൂർണവികാസം ആരംഭിക്കുന്നത്. ഗവൺമെന്റിന് 8 ശതമാനം പലിശയ്ക്ക് പണം കടം കൊടുത്തുകൊണ്ടാണ് ബാങ്ക് ഓഫ് ഇംഗ്ലണ്ട് പ്രവർത്തനം തുടങ്ങിയത്, അതേ സമയം തന്നെ അതേ മൂലധനത്തിൽനിന്ന് പണമടിക്കാൻ പാർലമെന്റ് അതിനെ അധികാരപ്പെടുത്തി. അങ്ങനെ അത് ആ മൂലധനം ഒരിക്കൽക്കൂടി ബാങ്കുനോട്ടുകളുടെ രൂപത്തിൽ

പൊതുജനങ്ങൾക്ക് വായ്പയായി നൽകി. ബില്ലുകളടയ്ക്കാനും ചരക്കുകൾക്ക് മുൻകൂർ തുക നൽകാനും അമൂല്യലോഹങ്ങൾ വിലയ്ക്കു വാങ്ങാനും വേണ്ടി ആ നോട്ടുകളുപയോഗിക്കാൻ അതിന് അനുമതി ലഭിച്ചു. അധികം താമസിയാതെ, ബാങ്ക് തന്നെ പടച്ചുവിട്ട ഈ വായ്പപണം സ്റ്റേറ്റിന് വായ്പ നൽകാനും സ്റ്റേറ്റിന്റെ പേരിൽ പൊതുകടത്തിന്റെ പലിശ കൊടുക്കാനും ബാങ്ക് ഓഫ് ഇംഗ്ലണ്ട് ഉപയോഗിച്ച നാണയമായി.ബാങ്ക് ഒരു കൈകൊണ്ട് കൊടുത്തതിലധികം മറ്റേ കൈക്കൊണ്ടു തിരിച്ചെടുത്തുവെന്നതോ പോകട്ടെ, ഇങ്ങോട്ട് വാങ്ങുമ്പോൾതന്നെ അത്, മുൻകൂർ നൽകിയ അവസാനത്തെ ഷില്ലിംഗിൽവരെ, രാഷ്ട്രത്തിന്റെ ശാശ്വതമായ ഉത്തമർണനായി തുടർന്നു. ക്രമേണ അത് അനിവാര്യമായും രാജ്യത്തിലെ ലോഹശേഖരത്തിന്റെ സൂക്ഷിപ്പുകാരനും മുഴുവൻ വാണിജ്യവായ്പകളുടേയും ഗുരുത്വാകർഷണകേന്ദ്രവുമായിത്തീർന്നു. ബാങ്ക് മേധാവികളുടേയും പണമിടപാട്കാരുടെയും പലിശോപ ജീവികളുടെയും ദല്ലാളൻമാരുടെയും സ്റ്റോക്ക് എക്സ്ചേഞ്ച് ഊഹക്കച്ചവടക്കാരുടേയും മറ്റും ഈ പറ്റത്തിന്റെ പൊടുന്നനേയുള്ള ആവിർഭാവം സമകാലീനരിലുളവാക്കിയ പ്രത്യാഘാതത്തിനു തെളിവാണ് അക്കാലത്തെ കൃതികൾ, ഉദാഹരണത്തിന് ബോളിംഗ്ബ്രോക്കിന്റെ കൃതി*

ദേശീയകടത്തോടൊപ്പം ഒരു സാർവദേശീയവായ്പാസമ്പ്രദായവും ഉയർന്നുവന്നു. അതാതു ജനവിഭാഗങ്ങൾക്കിടയിലെ ആദിമസഞ്ചയത്തിന്റെ രഹസ്യ സ്രോതസ്സുകളിലൊന്നായി അത് പലപ്പോഴും വർത്തിക്കുന്നുണ്ട്. ഉദാഹരണത്തിന് വെനീസിലെ പിടിച്ചുപറി സമ്പ്രദായത്തിന്റെ കൊള്ളരുതായ്മകൾ ഹോളണ്ടിന്റെ മൂലധനസമ്പത്തിന്റെ രഹസ്യാടിത്തറകളിലൊന്നായിരുന്നു. വെനീസ് അതിന്റെ അധഃപതനകാലത്ത് ഹോളണ്ടിന് വൻതുകകൾ വായ്പ നൽകുകയുണ്ടായി. ഹോളണ്ടും ഇംഗ്ലണ്ടും തമ്മിലുള്ള ബന്ധത്തിലും ഇതുതന്നെയാണ് സംഭവിച്ചത്. പതിനെട്ടാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ ഇംഗ്ലണ്ടിലെ നിർമ്മാണത്തൊഴിലുകൾ ഹോളണ്ടിലുള്ളവയെ വളരെയേറെ കവച്ചുവച്ചു. ഹോളണ്ട് വാണിജ്യത്തിലും വ്യവസായത്തിലും പ്രമുഖരാഷ്ട്രമല്ലാതായി. അതുകൊണ്ട് 1701—1776 കാലത്ത് അതിന്റെ ഒരു പ്രധാന ബിസിനസ്സ് മൂലധനത്തിന്റെ വൻതുകകൾ കടം കൊടുക്കുകയെന്നതായിരുന്നു. വിശേഷിച്ച് അതിന്റെ പ്രബലപ്രതിയോഗിയായ ഇംഗ്ലണ്ടിന്. ഇംഗ്ലണ്ടും അമേരിക്കയും തമ്മിൽ ഇന്നു നടന്നുകൊണ്ടിരിക്കുന്നതും ഇതുതന്നെയാണ്. ഇന്ന് ജനനസർട്ടിഫിക്കറ്റില്ലാതെ അമേരിക്കയിൽ പ്രത്യക്ഷപ്പെട്ടിട്ടുള്ള മൂലധനത്തിന്റെ വലിയൊരു ഭാഗം ഇന്നലെ മൂലധനവൽക്കരിക്കപ്പെട്ട *ബാലകരക്തമായി* ഇംഗ്ലണ്ടിലുണ്ടായിരുന്നതാണ്.

ദേശീയകടത്തിന് ആലംബമായി നിൽക്കുന്നത് സ്റ്റേറ്റിന്റെ വരുമാനമാണ്. അതിൽനിന്നാണല്ലോ വായ്പത്തുകയ്ക്കുള്ള വാർഷികപലിശയും മറ്റും അടയ്ക്കേണ്ടത്. അതുകൊണ്ട് ആധുനിക നികുതിസമ്പ്രദായം ദേശീയവായ്പാസമ്പ്രദായത്തിന്റെ ഒരു അവശ്യപൂരകമായിത്തീർന്നു. നികുതിദായകർക്ക് ഉടൻ അനുഭവവേദ്യമാവാത്ത തരത്തിൽ അസാധാരണചെലവുകൾ വഹിക്കാൻ വായ്പകൾ ഗവൺമെന്റിന് സാദ്ധ്യതയരുളുന്നു, എങ്കിലും

അനന്തരഫലമെന്ന നിലയ്ക്ക് അവ നികുതി വർദ്ധനവ് അനുപേക്ഷ്ണീയമാക്കുന്നു. മറുവശത്ത് ഒന്നിനൊന്ന് പുറകെ വാങ്ങിക്കൂട്ടുന്ന കടങ്ങൾ ആവശ്യമായിത്തീർക്കുന്ന നികുതി വർദ്ധനവ് പുതുതായുണ്ടാകുന്ന അസാധാരണ ചെലവുകൾ വഹിക്കുന്ന തിന് പുതിയ കടമെടുപ്പ് നടത്താൻ ഗവൺമെന്റിനെ എപ്പോഴും നിർബ്ബന്ധിതമാക്കുന്നു. അത്യാവശ്യമായ ഉപജീവനോപാധികളിന്മേലുള്ള നികുതികളാണ് (അതുവഴി അവയുടെ വില കൂട്ടലാണ്) ആധുനിക മുതലെടുപ്പുസമ്പ്രദായത്തിന്റെ ഉൾക്കാമ്പ്. അതുകൊണ്ട് ആ മുതലെടുപ്പു സമ്പ്രദായത്തിൽത്തന്നെ സ്വയമേവയുള്ള നികുതിവർദ്ധ നവിന്റെ ബീജമടങ്ങിയിരിക്കുന്നു. ക്രമാതീതമായ നികുതി ഒരു യാദൃച്ഛികസംഭവമല്ല, ഒരു തത്വമാണ്. കൂലിവേലക്കാരെ അനുസര ണയുള്ളവരും മിതവ്യയശീലരും അദ്ധ്വാനശീലരും നടുവൊടിയെ പണിയെടുക്കുന്നവരുമാക്കാനുള്ള ഏറ്റവും നല്ല മാർഗമാണ് ഈ സമ്പ്രദായമെന്ന് അത് ആദ്യം ഉദ്ഘാടനം ചെയ്യപ്പെട്ട ഹോളണ്ടിൽ ഉത്തമരാജ്യസ്നേഹിയായ ഡി വിറ്റ് തന്റെ "സൂക്തികളി" ൽ പറഞ്ഞിട്ടുള്ളത് അതുകൊണ്ടാണ്. എന്നാൽ കുലിവേലക്കാരുടെ സ്ഥിതിയിന്മേൽ ആധുനികമുതലെടുപ്പുസമ്പ്രദായം ചെലുത്തുന്ന വിനാശകരമായ സ്വാധീനത്തേക്കാൾ, അതിന്റെ ഫലമായി കർഷകരുടേയും കൈവേലക്കാരുടേയും ഒറ്റവാക്കിൽ പറഞ്ഞാൽ കീഴ്ത്തട്ടിലുള്ള ഇടത്തരം വർഗത്തിൽപ്പെട്ട എല്ലാ വിഭാഗക്കാരുടേയും സ്വത്തപഹരിക്കപ്പെടുന്നുവെന്ന വസ്തുതയാണ് നമ്മെ സംബന്ധിച്ചിടത്തോളം ശ്രദ്ധേയമായിട്ടുള്ളത്. ഇക്കാര്യത്തിൽ ബൂർഷ്വാ ധനശാസ്ത്രജ്ഞർക്കിടയിൽപോലും അഭിപ്രായവ്യത്യാസമില്ല. സ്വദേശവ്യാപാരസംരക്ഷണവ്യവസ്ഥ മുതലെടുപ്പുസമ്പ്രദായത്തിന്റെ സ്വത്തപഹരണക്ഷമതയെ ഒന്നുകൂടി വർദ്ധിപ്പിക്കുന്നു. അത് പ്രസ്തുതസമ്പ്രദായത്തിന്റെ അവിഭാജ്യഭാഗ ങ്ങളിലൊന്നാണ്

സമ്പത്തിനെ മൂലധനമാക്കി മാറ്റുന്നതിലും ബഹുജനങ്ങളുടെ സ്വത്തപഹരിക്കുന്നതിലും പൊതുകടമെടുപ്പും അതിനനുരോധമായ മുതലെടുപ്പുസമ്പ്രദായവും വലിയൊരു പങ്ക് വഹിച്ചതു കണ്ടിട്ട് ആധുനികജനതകളുടെ ദുരിതത്തിനുള്ള മൗലികഹേതു അതാണെന്ന തെറ്റായ നിഗമനത്തിൽ കോബ്ബെറ്റിനേയും ഡബിൾഡേയെയുംപോലുള്ള പല എഴുത്തുകാരും എത്തിയിട്ടുണ്ട്.

നിർമാണത്തൊഴിലുടമകളെ നിർമിക്കാനും സ്വതന്ത്രത്തൊഴിലാളി കളുടെ സ്വത്തപഹരിക്കാനും ഉല്പാദനത്തിനും ഉപജീവനത്തിനുമുള്ള ദേശീയോപാധികളെ മൂലധനമാക്കി മാറ്റാനും മദ്ധ്യകാലിക ഉല്പാദനരീതിയിൽനിന്ന് ആധുനിക ഉല്പാദനരീതിയിലേക്കുള്ള പരിവർത്തനത്തെ ബലാൽക്കാരമായി ത്വരിപ്പിക്കാനുമുള്ള ഒരു കൃത്രിമമാർഗമായിരുന്നു സ്വദേശവ്യാപാരസംരക്ഷണവ്യവസ്ഥ. ഈ കണ്ടുപിടുത്തം നടത്തിയതാരാണെന്നതിനെച്ചൊല്ലി യൂറോപ്യൻ രാജ്യങ്ങൾ പരസ്പരം വഴക്കടിച്ചു. മിച്ചമൂല്യനിർമാതാക്കളെ സേവിക്കാനാരംഭിച്ചതോടെ അവ ലക്ഷ്യം നേടാൻ പരോക്ഷമായി സംരക്ഷണച്ചുങ്കങ്ങൾ മുഖേനയും പ്രത്യക്ഷമായി കയറ്റുമതി സൗജന്യങ്ങൾ മുഖേനയും സ്വന്തം ജനതകയെ കൊള്ളയടിച്ചതുകൊണ്ടും തൃപ്തിപ്പെട്ടില്ല. അതിനും പുറമെ അവ

അവയുടെ ആശ്രിതരാജ്യങ്ങളിലെ എല്ലാ വ്യവസായങ്ങളേയും ബലം പ്രയോഗിച്ച് സമൂലം നശിപ്പിച്ചു. ഉദാഹരണത്തിന് അയർലണ്ടിലെ കമ്പിളി രോമ നിർമ്മാണത്തിന്റെ കാര്യത്തിൽ ഇംഗ്ലണ്ട് അതാണ് ചെയ്തത്. കോൾബേറുടെ മാതൃകയെ പിന്തുടർന്ന് യൂറോപ്യൻ വൻകരയിൽ ഈ പ്രക്രിയ വളരെയേറെ ലഘൂകരിക്കപ്പെട്ടു. അവിടെ ആദിമവ്യാവസായിക മൂലധനത്തിന്റെ ഒരു ഭാഗം നേരിട്ട് സർക്കാർ ഖജനാവിൽനിന്നാണ് വന്നത്.

"യുദ്ധത്തിന് മുമ്പ് സാക്സണിയിലെ നിർമാണത്തൊഴിലിലുണ്ടായ ഉൽക്കർഷത്തിനുള്ള കാരണം തേടി എന്തിന് അത്ര ദൂരെ പോകണം?" മിറോബോ ഉൽഘോഷിക്കുന്നു."പതിനെട്ടു കോടിയാണ് രാജാക്കന്മാർ കടമെടുത്തത്!"

കോളനിവ്യവസ്ഥ, പൊതുകടമെടുപ്പ്, ഭാരിച്ച നികുതികൾ, സ്വദേശ വ്യാപാരസംരക്ഷണം, വാണിജ്യയുദ്ധങ്ങൾ തുടങ്ങിയ യഥാർത്ഥ നിർമാണത്തൊഴിൽകാലഘട്ടത്തിന്റെ സന്തതികൾ ആധുനിക വ്യവസായത്തിന്റെ ശൈശവകാലത്ത് ഭീമമായ തോതിൽ വർദ്ധിച്ചു. നിരപ രാധികളുടെ കൂട്ടക്കൊലകളുടെ അകമ്പടിയോടെയാണ് ആധുനിക വ്യവസായത്തിന്റെ പിറവി കുറിച്ചത്. റോയൽ നേവിയിലെന്നപോലെ ബലം പ്രയോഗിച്ചാണ് ഫാക്ടറികളിലേക്ക് ആളെടുത്തത്. പതിനഞ്ചാം നൂറ്റാണ്ടിന്റെ അവസാനത്തെ മൂന്ന് ദശകങ്ങൾതൊട്ട് തന്റെ കാലം വരെ കർഷകജനതയെ ഭൂമിയിൽനിന്ന് ആട്ടിയോടിച്ചപ്പോൾ പ്രവർത്തിച്ച കടുംകൈകളുടെ കാര്യത്തിൽ നിസ്സംഗത പാലിച്ചയാളാണ് സർ എഫ്. എം. ഈഡൻ. മുതലാളിത്തരീതിയിലുള്ള കൃഷി സമ്പ്രദായം ഏർപ്പെടുത്താനും "കൃഷിഭൂമിയും മേച്ചിൽപ്പുറവും തമ്മിൽ ഉചിതമായ അനുപാതം"സൃഷ്ടിക്കാനും "അനുപേക്ഷണീയമായി കരുതിയ" ആ പ്രക്രിയയിൽ അദ്ദേഹം ആത്മസംതൃപ്തിയോടെ ആഹ്ലാദിക്കുന്നു. എന്നാൽ നിർമ്മാണത്തൊഴിലിന്റെ കീഴിലുള്ള ചൂഷണത്തെ ഫാക്ടറിവ്യവസ്ഥയുടെ കീഴിലുള്ള ചൂഷണമായി മാറ്റാനും മൂലധനവും അദ്ധ്വാനശക്തിയും തമ്മിൽ "ശരിയായ ബന്ധം' സ്ഥാപിക്കാനും ബാലമോഷണവും കുട്ടികളെ തട്ടി ക്കൊണ്ടുപോകലും കുട്ടികളുടെ അടിമത്തവും സാമ്പത്തികമായി അനുപേക്ഷണീയമാണെന്ന കാര്യത്തിൽ അദ്ദേഹം അതേ ഉൾക്കാഴ്ച പ്രകടിപ്പിക്കുന്നില്ല. അദ്ദേഹം പറയുന്നു:

"ഒരു നിർമാണത്തൊഴിൽ വിജയകരമായി നടത്തിക്കൊണ്ടു പോകാൻ കുടിലുകളിൽനിന്നും അഗതിമന്ദിരങ്ങളിൽനിന്നും പാവപ്പെട്ട കുട്ടികളെ തട്ടിക്കൊണ്ടുപോവുകയും രാത്രിയുടെ അധികഭാഗവും അവരെക്കൊണ്ട് തവണവച്ച് പണിയെടുപ്പിക്കുകയും അങ്ങനെ എല്ലാവർക്കും വേണ്ടതാണെങ്കിലും ചെറുപ്പക്കാർക്ക് അത്യന്താ പേക്ഷിതമായ വിശ്രമം അവരിൽനിന്ന് കവർന്നെടുക്കുകയും ചെയ്യേണ്ടത് ആവശ്യമാണെങ്കിൽ, മറ്റുള്ളവരുടെ മാതൃകയെ അനുകരിക്കുന്നതിലൂടെ സ്വഭാവദുഷ്യവും വിഷയലമ്പടത്വവും പടർന്നുപിടിക്കുമാറ് പല പ്രായക്കാരും പല അഭിരുചികളുള്ളവരുമായ ആളുകളെ സ്ത്രീപുരുഷഭേദം നോക്കാതെ ഒന്നിച്ചുകൂട്ടേണ്ടത് ആവശ്യമാണെങ്കിൽ, അത്തരം നിർമ്മാണത്തൊഴിൽ വ്യക്തികളുടേയും രാഷ്ട്രത്തിന്റേയും ക്ഷേമം വർദ്ധിപ്പിക്കുമോയെന്നത് പൊതുജനശ്രദ്ധ പതിയേണ്ട ഒരു കാര്യമാണെന്നു തോന്നുന്നു." ഫീൽഡൻ പറയുന്നു: "ഡെർബിഷയർ, നോട്ടിംഗ്ഹാംഷെയർ,

വിശേഷിച്ച് ലങ്കാഷയർ എന്നീ കൗണ്ടികളിൽ ജലചക്രം തിരിക്കാൻപോന്ന നദികളുടെ കരകളിൽ നിർമ്മിച്ച വലിയ ഫാക്ടറികളിലാണ് പുതുതായി കണ്ടുപിടിക്കപ്പെട്ട യന്ത്രങ്ങൾ ഉപയോഗിച്ചത്. പട്ടണങ്ങളിൽനിന്ന് വളരെയകലെക്കിടക്കുന്ന ഈ സ്ഥലങ്ങളിൽ പെട്ടെന്ന് ആയിരക്കണക്കിനാളുകൾ ആവശ്യമായി വന്നു, വിശേഷിച്ച് അതുവരെ താരതമ്യേന ജനവാസം കുറഞ്ഞ് ഫലപുഷ്ടിയില്ലാതെ കിടന്നിരുന്ന ലങ്കാഷയറിന് ഇപ്പോൾ സർവോപരി വേണ്ടിയിരുന്നത് നിവാസികളെയായിരുന്നു. ചെറിയ കുട്ടികളുടെ ചുറുചുറുക്കാർന്ന കൊച്ചുകൈവിരലുകൾക്ക് ഏറ്റവും കൂടുതൽ ആവശ്യക്കാരുണ്ടായിരുന്നതുകൊണ്ട് ലണ്ടനിലും ബർമിംഗ്ഹാമിലും മറ്റുമുള്ള ഇടവകകളിലെ വിവിധ ധർമ്മശാലകളിൽനിന്ന് അപ്രന്റീസുകളെ പിടിച്ചുകൊണ്ടുവരികയെന്ന പതിവ് തൽക്ഷണം നടപ്പായി. ഏഴ് വയസ്സു തൊട്ട് പതിമൂന്നോ പതിന്നാലോ വയസ്സുവരെ പ്രായമുള്ള നിസ്സഹായരായ ഈ കൊച്ചുജീവികളെ ആയിരക്കണക്കിന് വടക്കോട്ടയച്ചു. സാധാരണ ഗതിയിൽ യജമാനൻ തന്റെ അപ്രന്റീസുകൾക്ക് ഉടുതുണിയും ആഹാരവും നൽകി അവരെ ഫാക്ടറിക്കടുത്തുള്ള ഒരു "അപ്രന്റീസ്ഭവന"ത്തിൽ പാർപ്പിച്ചുപോന്നു. അവരുടെ ജോലിക്കു മേൽനോട്ടം വഹിക്കാൻ ഓവർസിയർമാരെ വച്ചു. കുട്ടികളെക്കൊണ്ട് പരമാവധി പണിയെടുപ്പിക്കുന്നതിലായിരുന്നു അവർക്ക് താല്പര്യം. കാരണം, അവർക്ക് പിഴിഞ്ഞെടുക്കാൻ കഴിയുന്ന ജോലിയുടെ അളവനുസരിച്ചായിരുന്നു അവരുടെ ശമ്പളം. സ്വാഭാവികമായും ക്രൂരതയായിരുന്നു ഇതിന്റെ അനന്തരഫലം.. പല വ്യാവസായിക ജില്ലകളിലും, വിശേഷിച്ച് എന്റെ ജന്മനാടായ കൗണ്ടിയിൽ (ലങ്കാഷയറിൽ) ഫാക്ടറിഉടമകളുടെ ചുമതലയിൽ ഏല്പിക്കപ്പെട്ട നിസ്സഹായരും നിരപരാധികളുമായ ആ കുട്ടികളുടെ നേരെ അങ്ങേയറ്റം ഹൃദയഭേദകമായ ക്രൂരതകളാണ് പ്രവർത്തിച്ചുപോന്നത്. അവരെ ക്രമാധികം പണിയെടുപ്പിച്ച് മരണത്തിന്റെ വക്കത്തെത്തിച്ചു, അവരെ ചാട്ടവാറുകൊണ്ടടിക്കുകയും ചങ്ങലയ്ക്കിടുകയും കറകളഞ്ഞ ക്രൂരതയോടെ പീഡിപ്പിക്കുകയും ചെയ്തു. പലരേയും എല്ലും തൊലിയുമാവുന്നതുവരെ പട്ടിണിക്കിടുകയും അടിച്ച് പണിയെടുപ്പിക്കുകയും ചെയ്തു. കുട്ടികൾ സഹികെട്ട് ആത്മഹത്യചെയ്ത സംഭവങ്ങൾപോലുമുണ്ടായിട്ടുണ്ട്. പൊതുജനദൃഷ്ടിയിൽനിന്നു മറഞ്ഞുകിടന്നിരുന്ന ഡെർബിഷയറിലേയും നോട്ടിംഗ്ഹാംഷയറിലേയും ലങ്കാഷയറിലേയും അപൂർവസുന്ദരമായ താഴ്വരകൾ പീഡനങ്ങളുടേയും പല കൊലപാതകങ്ങളുടേയും ദാരുണകേന്ദ്രങ്ങളായിത്തീർന്നു. ഫാക്ടറിഉടമകൾ ഭീമമായ ലാഭമുണ്ടാക്കി. പക്ഷേ അത് അവരുടെ ആർത്തിയെ ശമിപ്പിക്കുന്നതിനു പകരം ആളിക്കത്തിക്കുകയാണ് ചെയ്തത്. അതുകൊണ്ട് അവർ അപരിമിതമായി ലാഭമുണ്ടാക്കാൻ പറ്റിയതെന്ന് തോന്നിയ ഒരു മാർഗം സ്വീകരിച്ചു. അവർ 'രാത്രിവേല'യെന്നു പറയുന്ന സമ്പ്രദായം ആരംഭിച്ചു. അതായത് പകൽസമയത്ത് പണിയെടുത്തു തളർന്ന ഒരു സംഘം തൊഴിലാളികളുടെ സ്ഥാനത്ത് രാത്രി മുഴുവൻ ജോലിചെയ്യാൻ അവർ മറ്റൊരു സംഘം തൊഴിലാളികളെ ഒരുക്കിനിർത്തി. രാത്രിയിൽ ജോലിചെയ്യേണ്ടവർ ഒഴിഞ്ഞുകൊടുത്ത മെത്തകളിൽ പകൽജോലിക്കാർ കയറിക്കിടക്കുന്നു. രാവിലെ പകൽജോലിക്കാർ എണീറ്റുപോകുമ്പോൾ രാത്രിജോലിക്കാർ മെത്തകളിൽ അവരുടെ സ്ഥാനമേറ്റെടുക്കുന്നു. മെത്തകൾക്ക് ഒരിക്കലും ചൂടാറുകയില്ല എന്നത്

ലങ്കാഷയറിൽ ഒരു പാരമ്പര്യമായിത്തീർന്നിരിക്കുന്നു*

നിർമ്മാണത്തൊഴിലിന്റെ കാലഘട്ടത്തിൽ മുതലാളിത്തോല്പാദനം വികാസം പ്രാപിച്ചതോടെ യൂറോപ്പിലെ പൊതുജനാഭിപ്രായത്തിന് ലജ്ജാബോധത്തിന്റേയും മനസ്സാക്ഷിയുടേയും അവസാനത്തെ അവശിഷ്ടവും നഷ്ടപ്പെട്ടു. മൂലധനസഞ്ചയത്തിനുള്ള മാർഗമായി ഉതകിയ ഏത് ഹീനകൃത്യത്തെക്കുറിച്ചും യാതൊരുളുപ്പുമില്ലാതെ രാഷ്ട്രങ്ങൾ നിർലജ്ജം വീമ്പടിച്ചു. ഉദാഹരണത്തിന് മാന്യനായ എ. ആൻഡേഴ്സന്റെ ശുദ്ധഗതിപൂണ്ട "വാണിജ്യചരിത്രം' വായിച്ചുനോക്കുക. ഉട്രെഹ്റ്റ് സമാധാന ഉടമ്പടിയിൽ ഒപ്പുവച്ചപ്പോൾ ഇംഗ്ലണ്ട് സ്പെയനിൽനിന്ന് അസ്യെന്റോ കരാറനുസരിച്ചുള്ള ഒരു പ്രത്യേകാവകാശം പിടിച്ചുവാങ്ങിയത് ഇംഗ്ലീഷ് രാജ്യതന്ത്രത്തിന്റെ വലിയൊരു വിജയമായി അതിൽ കൊട്ടിഘോഷിക്കുന്നുണ്ട്. അതനുസരിച്ച് ഇംഗ്ലണ്ടിന് ആഫ്രിക്കയും സ്പാനിഷ് അമേരിക്കയും തമ്മിൽ അടിമക്കച്ചവടം നടത്താനുള്ള അവകാശം കിട്ടി. അതുവരെ ആഫ്രിക്കയും ഇംഗ്ലീഷ് വെസ്റ്റിൻഡീസും തമ്മിൽ അടിമക്കച്ചവടം നടത്താനുള്ള അവകാശമേ ഇംഗ്ലണ്ടിനുണ്ടായിരുന്നുള്ളു. അങ്ങനെ 1743 വരെ പ്രതിവർഷം 4800 നീഗ്രോകളെ സ്പാനിഷ് അമേരിക്കയ്ക്ക് നൽകാനുള്ള അവകാശം ഇംഗ്ലണ്ടിനു ലഭിച്ചു. ഇത് അതേ സമയം തന്നെ ബ്രിട്ടന്റെ കള്ളക്കടത്തിന് ഒരു ഔദ്യോഗിക മറ നൽകുകയും ചെയ്തു. ലിവർപൂൾ അടിമക്ക ച്ചവടത്തിലൂടെ തടിച്ചുകൊഴുത്തു, ആദിമസഞ്ചയത്തിന് അത് സ്വീകരിച്ച മാർഗം ഇതായിരുന്നു. ഇന്നും ലിവർപൂളിന്റെ 'മാന്യത' എന്നു പറയുന്നത് അടിമക്കച്ചവടത്തിന് സ്തുതിപാടലാണ്. മുകളിലുദ്ധരിച്ച ഐക്കിന്റെ കൃതിയുമായി (1795) താരതമ്യപ്പെടുത്തിനോക്കുക. അടിമക്കച്ചവടം "ലിവർപൂളിലെ വ്യാപാരത്തിന് സവിശേഷമായ സുധീരസാഹസിക തയുമായി ഒത്തു വരികയും അതിനെ അതിവേഗം ഇന്നത്തെ സമ്പദ് സമൃദ്ധിയിൽ കൊണ്ടെത്തിക്കുകയും ചെയ്തു: കപ്പലുകൾക്കും കപ്പൽജോലിക്കാർക്കും ധാരാളം തൊഴിലുണ്ടായി. രാജ്യത്തിന്റെ വ്യാവസായികലോപ്ന്നങ്ങൾക്കുള്ള ഡിമാൻഡ് വൻതോതിൽ വർദ്ധിച്ചു.' (പേജ് 339) ലിവർപൂൾ അടിമക്കച്ചവടത്തിനുവേണ്ടി 1730 ൽ 15 കപ്പലുകൾ ഉപയോഗിച്ചു. 1751 ൽ 53; 1760 ൽ 74; 1770 ൽ 96; 1792 ൽ 132. പരുത്തിവ്യവസായം ഇംഗ്ലണ്ടിൽ കുട്ടികളുടെ അടിമത്തത്തെ അവതരിപ്പിച്ചു. അത് അമേരിക്കയിൽ നേരത്തെ ഉണ്ടായിരുന്ന ഏറെക്കുറെ പൈതൃകമായ അടിമത്തസമ്പ്രദായത്തെ വാണിജ്യപരമായ ചൂഷണത്തിനുള്ള വ്യവസ്ഥായി മാറ്റാൻ പ്രചോദനമേകി. വാസ്തവം പറഞ്ഞാൽ, യൂറോപ്പിലെ കൂലിവേലക്കാരുടെ പ്രച്ഛന്നാടിമത്തത്തിന് പുതുലോകത്തിലെ കലർപ്പറ്റ അടിമത്തത്തിന്റെ താങ്ങ് ആവശ്യമായിരുന്നു.

മുതലാളിത്തപരമായ ഉല്പാദനരീതിയുടെ "ശാശ്വത പ്രകൃതി നിയമങ്ങൾ" സ്ഥാപിക്കാൻ, അദ്ധ്വാനിക്കുന്നവരും അദ്ധ്വാനോപാധികളും തമ്മിലുള്ള വേർതിരിയലിന്റെ പ്രക്രിയ പൂർത്തിയാക്കാൻ, ഒരറ്റത്ത് ഉല്പാദനത്തിന്റേയും ഉപജീവനത്തിന്റേയും സാമൂഹ്യോപാധികളെ മൂലധനമാക്കി മാറ്റുകയും മറ്റേ അറ്റത്ത് ജനസമാന്യത്തെ കൂട്ടത്തോടെ

* 1790-ൽ ഇംഗ്ലീഷ് വെസ്റ്റിൻഡിസിൽ ഒരു സ്വതന്ത്രപൗരന് പത്തടിമകൾവച്ചുണ്ടായിരുന്നു. ഫ്രഞ്ച്‌വെസ്റ്റിൻഡിസിൽ 14 അടിമകൾ; ഡച്ച് വെസ്റ്റിൻഡിസിൽ 23 അടിമകൾ. (Hentry Broughham An Inquiry in to the Colonial Policy of the European powers Edin. 1803. Vol.II, p. 74)

കൂലിവേലക്കാരായി, "സ്വതന്ത്രരായ പണിയെടുക്കുന്ന പാവങ്ങളാക്കി"- ആധുനികസമൂഹത്തിന്റെ കൃത്രിമസൃഷ്ടി**യാക്കി -മാറ്റുകയും ചെയ്യാൻ വളരെയേറെ ദുഃഖവും കഷ്ടപ്പാടും വേണ്ടിവരുമെന്ന് തീർച്ചയാണ്. ഓഗിയാറുടെ വാക്കുകളിൽ പറഞ്ഞാൽ പണം 'ഒരു കവിളത്ത് ഒരു ചോരപ്പാടുമായിട്ടാണ് ഭൂമിയിൽ പിറന്നുവീഴുന്നതെങ്കി"ൽ, ആപാദചൂഡം ഓരോ രോമകുപത്തിൽനിന്നും ചോരയും ചെളിയും ഒലിപ്പിച്ചുകൊണ്ടാണ് മൂലധനം പിറക്കുന്നത്.***

---

** കൂലിവേലക്കാരെന്ന വർഗം ശ്രദ്ധേമായിത്തീർന്നതുതൊട്ടാണ് ഇംഗ്ലണ്ടിലെ നിയമനിർമ്മാണത്തിൽ "പണിയെടുക്കുന്ന പാവങ്ങൾ" എന്ന പ്രയോഗം കണ്ടുതുടങ്ങിയത്. ഒരു വശത്ത് "മടിയന്മാരായ പാവങ്ങൾ", യാചകർ, തുടങ്ങിയവരിൽനിന്നും മറുവശത്ത് സ്വന്തം അദ്ധ്വാനോപാധികൾ ഇപ്പോഴും കൈവശമുള്ള അവ ഇനിയും തട്ടിയെടുക്കപ്പെടാത്ത, തൊഴിലാളികളിൽനിന്ന് വിഭിന്നരാണെവരെന്നു കാണിക്കാൻവേണ്ടിയാണ് ഈ സംജ്ഞ ഉപയോഗിക്കുന്നത്. നിയമപുസ്തകത്തിൽനിന്ന് അത് അർത്ഥശാസ്ത്രത്തിലേക്ക് കടന്നു. കൽപ്പേപ്പറും ജെ.ചൈൽഡും തൊട്ട് ആഡം സ്മിത്തും ഈഡനും വരെയുള്ളവർ അതുപയോഗിക്കുന്നുണ്ട്. "പണിയെടുക്കുന്ന പാവങ്ങൾ" എന്ന പ്രയോഗം "നികൃഷ്ടമായ രാഷ്ട്രീയതട്ടിപ്പ് "ആണെന്ന് എഡ്മണ്ഡ് ബർക്ക് പറയുമ്പോൾ ആ "നികൃഷ്ടനായ രാഷ്ട്രീയതട്ടിപ്പുകാരന്' എത്രത്തോളം ആത്മാർത്ഥതയുണ്ടെന്ന് ഇനി തീരുമാനിക്കാമല്ലോ. ഇംഗ്ലീഷ് ദുഷ്പ്രഭുത്വത്തിന്റെ ശമ്പളം പറ്റിക്കൊണ്ട് ഫ്രഞ്ച് വിപ്ലവത്തിനെതിരായ റൊമാന്റിക്കിന്റെ വേഷത്തിൽ പ്രത്യക്ഷപ്പെടുകയും അമേരിക്കൻ കുഴപ്പങ്ങളുടെ തുടക്കത്തിൽ വടക്കേ അമേരിക്കൻ കോളനികളുടെ ശമ്പളം പറ്റിക്കൊണ്ട് ഇംഗ്ലീഷ് ദുഷ്പ്രഭുത്വത്തിനെതിരായി ലിബറലിന്റെ വേഷത്തിൽ പ്രത്യക്ഷപ്പെടുകയും ചെയ്ത ഈ സേവപിടുത്തക്കാരൻ കറകളഞ്ഞ മുരത്ത ഒരു ബൂർഷ്വായായിരുന്നു. "വാണിജ്യത്തിന്റെ നിയമങ്ങൾ പ്രകൃതിനിയമങ്ങളുമാണ് " (e burke- Thoughts and Details on Scarcity, London, 1800, pp, 31.32) ദൈവത്തിന്റേയും പ്രകൃതിയുടേയും നിയമങ്ങൾ പാലിച്ചുകൊണ്ട് അദ്ദേഹം എപ്പോഴും ഏറ്റവും നല്ല കമ്പോളം നോക്കി അവനവനെ വിറ്റതിൽ അത്ഭുതമില്ല. എഡ്മണ്ട് ബർക്ക് ഉല്പതിഷ്ണുവായി ഭാവിച്ചു നടന്നിരുന്ന കാലത്തെ അദ്ദേഹത്തിന്റെ ഒന്നാന്തരം ഒരു ചിത്രം റവ.മി.ടക്കറുടെ കൃതികളിൽ കാണാം. ടക്കർ ഒരു പുരോഹിതനും ടോറി കക്ഷിക്കാരനുമായിരുന്നു. എങ്കിലും അദ്ദേഹം ഒരു മാന്യനും പ്രഗത്ഭനായ അർത്ഥശാസ്ത്രജ്ഞനുമായിരുന്നു. സർവ്വത്ര നടമാടുന്ന, 'വാണിജ്യനിയമങ്ങളെ' കണ്ണുമടച്ചു വിശ്വസിക്കുന്ന, നികൃഷ്ടമായ സ്വഭാവഭീരുത്വത്തെയാണ് നാം ഇന്ന് അഭിമുഖീകരിക്കുന്നതെന്തുകൊണ്ട് ബർക്കുമാരെ വീണ്ടും വീണ്ടും തൊലിയുരിച്ചുകാട്ടുകയെന്നത് നമ്മുടെ കർത്തവ്യമാണ്. ബർക്കുമാർ പ്രഗത്ഭരായിരുന്നുവെന്നതാണ് അവരും അവരുടെ പിൻഗാമികളും തമ്മിലുള്ള ഒരേയൊരു വ്യത്യാസം

***"കുഴപ്പങ്ങളിൽനിന്നും വഴക്കുകളിൽനിന്നും മൂലധനം ഓടിയകലുമെന്നും അത് അധീരമാണെന്നുമാണ് ഒരു ക്വാർട്ടർലി റിവ്യൂക്കാരൻ പറയുന്നത്. വളരെ ശരിയാണ്. പക്ഷേ പ്രശ്നത്തെക്കുറിച്ചുള്ള തികച്ചും അപൂർണമായ ഒരു പ്രസ്താവമാണ് ഇത്. പ്രകൃതിക്ക് ശൂന്യതയോട് അറപ്പാണെന്ന് പണ്ടു പറയാറുണ്ടായിരുന്നല്ലോ. അതുപോലെതന്നെ ലാഭമില്ലായ്മയെ, അല്ലെങ്കിൽ തീരെ കുറഞ്ഞ ലാഭത്തെ , മൂലധനം വെറുക്കുന്നു. വേണ്ടത്ര ലാഭമുണ്ടെങ്കിൽ മൂലധനത്തിന് നല്ല ധൈര്യമായിരിക്കും. 10 ശതമാനം ലാഭം കിട്ടുമെന്നുണ്ടെങ്കിൽ അത് എവിടെ വേണമെങ്കിലും പോകും. 20 ശതമാനം അതിനെ ഉഷാറാക്കും 50 ശതമാനം അതിനെ സാഹസികമാക്കും; 100 ശതമാനത്തിന് അത് മനുഷ്യന്റെ എല്ലാ നിയമങ്ങളേയും ചവുട്ടിമെതിക്കാൻ തയ്യാറാവും; 300 ശതമാനത്തിന് അതു ചെയ്യാൻ മടിക്കുന്ന പാതകമില്ല. അതു നേരിടാനറയ്ക്കുന്ന അപകടമില്ല. ഉടമയെ കഴുവേറ്റുന്ന കടുംകയ്യിനുപോലും അത് മുതിരുന്നു. കുഴപ്പവും വഴക്കും കൊണ്ടും ലാഭം കിട്ടുമെങ്കിൽ മൂലധനം രണ്ടിനേയും നിർബാധം പ്രോത്സാഹിപ്പിക്കും. ഇവിടെ ഇപ്പറഞ്ഞതെല്ലാം സത്യമാണെന്നതിനു മതിയായ തെളിവാണ് കള്ളക്കടത്തും അടിമക്കച്ചവടവും," (T.J Dunning, Trades Unions, and Strikes, London, 1860,pp.35,36)

# മുതലാളിത്തസഞ്ചയത്തിന്റെ ചരിത്രപരമായ പ്രവണത

മൂലധനത്തിന്റെ ആദിമസഞ്ചയം, അതായത് അതിന്റെ ചരിത്രപരമായ ഉല്പത്തി , വിവക്ഷിക്കുന്നത് എന്തിനെയാണ്? അത് അടിമകളേയും അടിയാളരേയും നേരിട്ട് കൂലിവേലക്കാരായി മാറ്റാത്തതുകൊണ്ട് , തൽഫലമായി അത് വെറും രൂപത്തിലുള്ള മാറ്റമല്ലാത്തതുകൊണ്ട്, നേരിട്ടുള്ള ഉല്പാദകരുടെ സ്വത്ത് അപഹരിക്കപ്പെടുന്നുവെന്നു മാത്രമാണ്, അതായത് ഉടമസ്ഥന്റെ അദ്ധ്വാനത്തിൽ അധിഷ്ഠിതമായ സ്വകാര്യസ്വത്ത് ഇല്ലാതാക്കപ്പെടുന്നുവെന്നു മാത്രമാണ് അതിനർത്ഥം. അദ്ധ്വാനോപാധികളും അദ്ധ്വാനത്തിന്റെ ബാഹ്യസാഹചര്യങ്ങളും സ്വകാര്യവ്യക്തികളുടെ വകയായിട്ടുള്ളിടത്തു മാത്രമാണ് സാമൂഹ്യമായ , കൂട്ടായ, സ്വത്തിന്റെ വിപരീതമെന്ന നിലയ്ക്ക് സ്വകാര്യസ്വത്ത് നിലനിൽക്കുന്നത്. എന്നാൽ ഈ സ്വകാര്യവ്യക്തികൾ തൊഴിലാളികളാണോ അല്ലയോ എന്നതിനനുസരിച്ച് സ്വകാര്യസ്വത്തിന്റെ സ്വഭാവത്തിൽ മാറുന്നു. പ്രഥമദൃഷ്ട്യകാണുന്ന അതിന്റെ അസംഖ്യം *ഈഷൽഭേദങ്ങൾ* ഈ രണ്ട് എതിരറ്റങ്ങളുടെ ഇടയ്ക്കുള്ള അന്തരാളഘട്ടങ്ങൾക്കനുരോധമാണ്. ചെറുകിട ഉല്പാദനത്തിന്റെ–അത് കാർഷികമോ നിർമാണത്തൊഴിൽപരമോ രണ്ടുംകൂടി ചേർന്നതോ ആവാം– അടിത്തറ തന്റെ ഉല്പാദനോപാധികളിന്മേലുള്ള തൊഴിലാളിയുടെ സ്വകാര്യസ്വത്തുടമവാകാശമാണ്. ചെറുകിട ഉല്പാദനമാവട്ടെ, സാമൂഹ്യോല്പാദനത്തിന്റേയും തൊഴിലാളിയുടെതന്നെ സ്വതന്ത്രമായ വ്യക്തിത്വത്തിന്റേയും വികാസത്തിനുള്ള ഒരു അവശ്യോപധിയാണ്. അടിമത്തത്തിന്റേയും അടിയായ്മയുടേയും അത്തരം മറ്റ് ആശ്രിതാവസ്ഥകളുടേയും കീഴിൽ മാത്രമേ ചെറുകിട ഉല്പാദനരീതി നിലനിൽക്കുന്നുള്ളുവെന്നത് ശരി തന്നെ. പക്ഷേ അദ്ധ്വാനിക്കുന്നവൻ സ്വയം കർമ്മനിരതമാക്കുന്ന സ്വന്തം അദ്ധ്വാനോപാധികളുടെ സ്വകാര്യ ഉടമയായിരിക്കുന്നിടത്ത് മാത്രമേ– കർഷകൻ അവൻ കൃഷിചെയ്യുന്ന ഭൂമിയുടേയും കൈവേലക്കാരൻ അവൻ കൃതഹസ്തതയോടെ കൈകാര്യം ചെയ്യുന്ന പണിക്കോപ്പിന്റേയും സ്വകാര്യഉടമയായിരിക്കുന്നിടത്ത് മാത്രമേ– ചെറുകിട ഉൽപാദനം തഴച്ചുവളരുന്നുള്ളൂ. അത് അതിന്റെ മുഴുവൻ ഊർജവും കെട്ടഴിച്ചുവിടു കയും പര്യാപ്തമായ അതിന്റെ ക്ലാസിക്കൽ രൂപമാർജിക്കുകയും ചെയ്യുന്നുള്ളൂ.

ഭൂമി തുണ്ടുതുണ്ടാക്കപ്പെടുകയും മറ്റ് ഉൽപാദനോപാധികൾ ചിന്നിച്ചിതറിയ അവസ്ഥയിലായിരിക്കുകയും ചെയ്യണമെന്നത് ഈ ഉല്പാദനരീതിയുടെ ഒരു അവശ്യോപാധിയാണ്. അത് ഉൽപാദനോപാധികളുടെ സാന്ദ്രീകരണത്തെയും അതുപോലെതന്നെ സഹകരണം, വെവ്വേറെയുള്ള ഒരോ ഉല്പാദനപ്രക്രിയയ്ക്കുള്ളിലുമുള്ള തൊഴിൽവിഭജനം, പ്രകൃതിശക്തികളുടെ മേലുള്ള സമൂഹത്തിന്റെ നിയന്ത്രണവും അവയുടെ ഉൽപാദനക്ഷമമായ വിനിയോഗവും സാമൂഹ്യോല്പാദനശക്തികളുടെ നിർബാധമായ വികാസം എന്നിവയേയും ഒഴിച്ചുനിർത്തുന്നു. സങ്കുചിതവും ഏറെക്കുറേ പ്രാകൃതവുമായ സീമകൾക്കുള്ളിൽ നീങ്ങുന്ന ഒരു ഉൽപാദന വ്യവസ്ഥയുമായും സമൂഹവുമായും മാത്രമേ അത് പൊരുത്തപ്പെടുകയുള്ളൂ. അതിന് സ്ഥിരപ്രതിഷ്ഠ നൽകുകയെന്നുവച്ചാൽ, പെക്യോർ ന്യായമായും പറഞ്ഞിട്ടുള്ളതുപോലെ , 'സാർവ്വത്രികമായ സാധാരണതയ്ക്കുവേണ്ടി ശ്രമിക്കുക" എന്നായിരിക്കും അർത്ഥം. വികാസത്തിന്റെ നിശ്ചിതഘട്ടത്തിൽ അത് സ്വന്തം നാശത്തിനുള്ള ഭൗതികോപാധികൾ സൃഷ്ടിക്കുന്നു. ആ നിമിഷം തൊട്ട് സമൂഹത്തിന്റെ അടിത്തട്ടിൽ പുതിയശക്തികളും പുതിയ ആവേശങ്ങളും ഉയിർക്കൊള്ളുന്നു. പക്ഷേ പഴയ സാമൂഹ്യസംഘടന അവയെ വരിഞ്ഞുകെട്ടി അമർത്തിവയ്ക്കുന്നു. അതിനെ ഉന്മൂലനം ചെയ്തേ തീരു. അത് ഉന്മൂലനം ചെയ്യപ്പെടുന്നു. അതിന്റെ ഉന്മൂലനം, ചിന്നിച്ചിതറിക്കിടക്കുന്ന വ്യക്തികളുടെ വക ഉല്പദനോപാധികൾ സാമൂഹ്യമായി സാന്ദ്രീകരിക്കപ്പെട്ടവയായും അനേകം പേരുടെ അല്പമാത്രമായ സ്വത്തുക്കൾ ചുരുക്കംപേരുടെ ഭീമമായ സ്വത്തായും മാറ്റപ്പെടൽ, വമ്പിച്ച ജനസഞ്ചയത്തെ ഭൂമിയിൽനിന്നും ഉപജീവനോപാധികളിൽനിന്നും അദ്ധ്വാനോപാധികളിൽനിന്നും പറിച്ചുമാറ്റൽ- ജനസാമാന്യത്തിന്റെ ഈ ഭയാനകവും വേദനാകരവുമായ സ്വത്തപഹരണം-മൂലധനചരിത്രത്തിന്റെ ആമുഖം കുറിക്കുന്നു. ബലപ്രയോഗരീതികളുടെ ഒരു പരമ്പരതന്നെ അതിലടങ്ങിയിട്ടുണ്ട്. അവയിൽ മൂലധനത്തിന്റെ ആദിമസഞ്ചയരീതികളെന്ന നിലയ്ക്ക് യുഗനിർണ്ണായകമായവയെ മാത്രമേ നാം അവലോകനം ചെയ്തുള്ളൂ. നിർദ്ദയമായ കിരാതത്വത്തോടെയാണ്, അതിനീചവും അതിഗർഹണീയവും അതിക്ഷുദ്രവും കുത്സിതവുമായ വികാരങ്ങളുടെ പ്രേരണയാലാണ്, നേരിട്ടുള്ള ഉല്പാദകരുടെ സ്വത്തപഹരിച്ചത്. ഒറ്റയ്ക്കൊറ്റയ്ക്ക് പണിയെടുക്കുന്ന സ്വതന്ത്രവ്യക്തിയുടേയും അവന്റെ അദ്ധ്വാനോപാധികളുടേയും ഇഴുകിച്ചേരലിൽ അധിഷ്ഠിതമെന്ന് പറയാവുന്നതും സ്വന്തം അദ്ധ്വാനത്തിലൂടെ സമ്പാദിച്ചതുമായ സ്വകാര്യസ്വത്തിന്റെ സ്ഥാനത്ത് പേരിന് സ്വതന്ത്രമായ അന്യരുടെ അദ്ധ്വാനത്തെ, അതായത് കൂലിവേലയെ, ചൂഷണം ചെയ്യുന്നതിൽ അധിഷ്ഠിതമായ മുതലാളിത്ത സ്വകാര്യസ്വത്ത് നിലവിൽ വരുന്നു.*

* " നമ്മൾ തികച്ചും പുതിയൊരു സാമൂഹ്യവ്യവസ്ഥയിലേക്കു കടന്നിരിക്കുകയാണ്.. എല്ലാത്തരം സ്വത്തിനെയും അദ്ധ്വാനത്തിൽനിന്നും അടർത്തിമാറ്റാനാണ് നാം ശ്രമിക്കുന്നത്," (സിസ്മോൺസി)

ഈ രൂപാന്തരണപ്രക്രിയ പഴയ സമൂഹത്തെ അടിമുടി വേണ്ടത്ര വിഘടിപ്പിച്ചുകഴിയുന്ന മാത്രയിൽ, അദ്ധ്വാനിക്കുന്നവർ പ്രോലിറ്റേറിയന്മാരായും അവരുടെ അദ്ധ്വാനോപാധികൾ മൂലധനമായും മാറ്റപ്പെടുന്ന മാത്രയിൽ, മുതലാളിത്ത ഉല്പാദനരീതി സ്വന്തം കാലിൽ നിൽക്കുന്ന മാത്രയിൽ, അദ്ധ്വാനം കൂടുതൽ സമൂഹവൽക്കരിക്കപ്പെടലും ഭൂമിയും മറ്റു ഉല്പാദനോപാധികളും സാമൂഹ്യമായി ചൂഷണം ചെയ്യപ്പെടുന്നവയും അക്കാരണത്താൽ പൊതുവായിട്ടുള്ളവയുമായ ഉല്പാദനോപാധികളായി കൂടുതൽ മാറ്റപ്പെടലും സ്വകാര്യസ്വത്തുടമകളുടെ തുടർന്നുള്ള സ്വത്തപഹരണവും പുതിയൊരു രൂപമാർജ്ജിക്കുന്നു. അവനവനുവേണ്ടി പണിയെടുക്കുന്ന തൊഴിലാളിയുടെ സ്വത്തല്ല, പിന്നെയോ അനേകം തൊഴിലാളികളെ ചൂഷണം ചെയ്യുന്ന മുതലാളിയുടെ സ്വത്താണ്. ഇനി പിടിച്ചെടുക്കേണ്ടത്. മുതലാളിത്തോല്പാദനത്തിൽത്തന്നെ അന്തർലീനമായ നിയമങ്ങളുടെ പ്രവർത്തനം മൂലധനത്തിന്റെ കേന്ദ്രീകരണം. ഈ സ്വത്തപഹരണത്തെ നടപ്പിൽ വരുത്തുന്നു. ഒരു മുതലാളി എപ്പോഴും അനേകം മുതലാളിമാരെ സംഹരിക്കുന്നു. ഈ സാന്ദ്രീകരണത്തിന്റെ അഥവാ കുറച്ച് മുതലാളി മാർ അനേകം മുതലാളിമാരുടെ സ്വത്തുപിടിച്ചെടുക്കുന്നതിന്റെ, ഒപ്പംതന്നെ അദ്ധ്വാനപ്രക്രിയയുടെ സഹകരണരൂപം, ശാസ്ത്രത്തിന്റെ ബോധപൂർവമായ സാങ്കേതികോപയോഗം, ഭൂമി ആസൂത്രിതമായി കൃഷിചെയ്യൽ, അദ്ധ്വാനോപകരണങ്ങൾ കൂട്ടായി മാത്രം ഉപയോഗി ക്കാവുന്ന അദ്ധ്വാനോപകരണങ്ങളായി മാറൽ, കൂട്ടായ, സമൂഹ വൽകൃതമായ അദ്ധ്വാനത്തിന്റെ ഉല്പാദനോപാധികളായി ഉപയോഗി ക്കുന്നതിലൂടെ എല്ലാ ഉല്പാദനോപാധികളിലും മിതവ്യയം വരുത്തൽ, എല്ലാ ജനവിഭാഗങ്ങളും ഒരു ആഗോളകമ്പോളത്തിന്റെ വലയിൽ കുടുങ്ങൽ, അതോടൊപ്പം മുതലാളിത്തഭരണത്തിന്റെ സാർവദേശീയ സ്വഭാവം- ഇവയെല്ലാം കൂടുതൽകൂടുതൽ വിപുലമായതോതിൽ വളർന്നുവരുന്നു. ഈ രൂപാന്തരണപ്രക്രിയയുടെ എല്ലാ മെച്ചങ്ങളും തട്ടിയെടുത്ത് കുത്തകയാക്കി വച്ചുകൊണ്ടിരിക്കുന്ന മൂലധനപ്രഭുക്കളുടെ എണ്ണം നിരന്തരം കുറഞ്ഞുവരുന്നതോടൊപ്പം ദുരിതവും മർദ്ദനവും അടിമത്തവും അധഃപതനവും ചൂഷണവും ഏറിവരുന്നു. എന്നാൽ, അതോടൊപ്പം തൊഴിലാളിവർഗത്തിന്റെ കലാപവും വളരുന്നു. അംഗസംഖ്യ സദാ വർദ്ധിച്ചുകൊണ്ടിരിക്കുന്നതും മുതലാളിത്തോ ല്പാദനപ്രക്രിയയുടെ സംവിധാനത്തിൽത്തന്നെ സുശിക്ഷിതവും ഏകോപിതവും സുസംഘടിതവുമാക്കപ്പെട്ടിട്ടുള്ളതുമായ ഒരു വർഗമാണത്. മൂലധനത്തിന്റെ കുത്തക, അതോടൊപ്പവും അതിൻകീഴിലും ഉയർന്നുവരികയും തഴച്ചുവളരുകയും ചെയ്ത ഉല്പാദനരീതിയുടെമേൽ ഒരു ചങ്ങലക്കെട്ടായിത്തീരുന്നു. ഉല്പാദനോ പാധികളുടെ കേന്ദ്രീകരണവും അദ്ധ്വാനത്തിന്റെ സമൂഹവൽക്കരണവും അവസാനം അവയുടെ മുതലാളിത്തപുറംതോടുമായി പൊരുത്തപ്പെടാതായിത്തീരുന്ന ഒരു ഘട്ടമെത്തുന്നു. ആ പുറംതോട് പൊട്ടിച്ചിതറുന്നു. മുതലാളിത്തസ്വകാര്യസ്വത്തിന്റെ മരണമണി മുഴങ്ങുന്നു. സ്വത്തു പിടിച്ചെടുത്തവരുടെ സ്വത്ത് പിടിച്ചെടുക്കപ്പെടുന്നു.

മുതലാളിത്തപരമായ ഉല്പാദനരീതിയിൽനിന്നുളവാകുന്ന മുതലാളിത്തപരമായ സ്വായത്തമാക്കൽരീതി മുതലാളിത്ത സ്വകാര്യസ്വത്തിനെ ഉല്പാദിപ്പിക്കുന്നു. സ്വത്തുടമയുടെ അദ്ധ്വാനത്തിൽ അധിഷ്ഠിതമായ വ്യക്തിഗത സ്വകാര്യസ്വത്തിന്റെ ആദ്യത്തെ നിഷേധമാണിത്. എന്നാൽ മുതലാളിത്തോല്പാദനം ഒരു പ്രകൃതിനിയമത്തിന്റെ അനിവാര്യതയോടെ അതിന്റെതന്നെ നിഷേധത്തിന് ജന്മം നൽകുന്നു. നിഷേധത്തിന്റെ നിഷേധമാണ് അത്. എന്നാൽ അത് ഉല്പാദകന്റെ സ്വകാര്യസ്വത്തിനെ പുനഃസ്ഥാപിക്കുന്നില്ല. മുതലാളിത്തയുഗത്തിന്റെ നേട്ടങ്ങളിൽ അധിഷ്ഠിതമായ—അതായത്, സഹകരണത്തിലും ഭൂമിയുടേയും ഉല്പാദനോപാധികളുടേയും പൊതുഉടമസ്ഥതയിലും അധിഷ്ഠിതമായ— വ്യക്തിഗത സ്വത്തിനെയാണ് അത് അവന് നൽകുന്നത്.

വ്യക്തിഗതാദ്ധ്വാനത്തിൽനിന്നുടലെടുക്കുന്ന ചിന്നിച്ചിതറിയ സ്വകാര്യസ്വത്തിനെ മുതലാളിത്തസ്വകാര്യസ്വത്തായി മാറ്റുകയെന്നത് ഫലത്തിൽ അതിനകംതന്നെ സമൂഹവൽകൃതോല്പാദനത്തിൽ അധിഷ്ഠിതമായിരിക്കുന്ന മുതലാളിത്ത സ്വകാര്യസ്വത്തിനെ സമൂഹവൽകൃതസ്വത്താക്കി മാറ്റുന്നതിനേക്കാൾ എത്രയോ കൂടുതൽ സുദീർഘവും ഹിംസാത്മകവും വിഷമകരവുമായ ഒരു പ്രക്രിയയാണെന്ന് പറയേണ്ടതില്ലല്ലൊ. ആദ്യത്തെ ദൃഷ്ടാന്തത്തിൽ കുറച്ച് കയ്യേറ്റക്കാർ ജനസാമാന്യത്തിന്റെ സ്വത്തു പിടിച്ചെടുക്കുകയാണ് ചെയ്തതെങ്കിൽ രണ്ടാമത്തെ ദൃഷ്ടാന്തത്തിൽ ജനസാമാന്യം കുറച്ച് കയ്യേറ്റക്കാരുടെ സ്വത്തു പിടിച്ചെടുക്കുകയാണ് ചെയ്യുന്നത്.*

മൂലപാഠം ജർമ്മനിൽ
K.Marx. Das Kapital
Kritik der politischen
Oekonomie (Erster Band Harmburg, 1867)
എന്ന പുസ്തകത്തിൽ ആദ്യം പ്രസിദ്ധീകരിച്ചു.

---

* "വ്യവസായത്തിന്റെ മുന്നേറ്റം-ഇതിനെ അറിയാതെ പ്രോത്സാഹിപ്പിക്കുന്നത് ബൂർഷ്വാസിയാണ്-മത്സരം നിമിത്തമായ തൊഴിലാളികളുടെ തമ്മിൽതമ്മിലുള്ള അകൽച്ചയുടെ സ്ഥാനത്ത്, സഹകരണത്തിന്റെ ഫലമായുളവാകുന്ന വിപ്ലവകരമായ കൂട്ടുകെട്ടിനെ കൊണ്ടു വരുന്നു. അതുകൊണ്ട് ബൂർഷ്വാസി ഉല്പാദിപ്പിക്കുകയും ഉല്പന്നങ്ങൾ സ്വായത്തമാക്കുകയും ചെയ്യുന്നതിന്റെ അടിസ്ഥാനത്തെത്തന്നെ ആധുനികവ്യവസായത്തിന്റെ വികാസം തട്ടിമാറ്റുന്നു. അതുകൊണ്ട് ബൂർഷ്വാസി സൃഷ്ടിക്കുന്നത്, സർവോപരി ,അതിന്റെ സ്വന്തം ശവക്കുഴി തോണ്ടുന്നവരെയാണ്, അതിന്റെ പതനവും തൊഴിലാളിവർഗത്തിന്റെ വിജയവും ഒരുപോലെ അനിവാര്യമാണ്..... ഇന്ന് ബൂർഷ്വാസിക്ക് അഭിമുഖമായി നിൽക്കുന്ന എല്ലാ വർഗങ്ങളിലും വച്ച് യഥാർത്ഥത്തിൽ വിപ്ലവകാരിയായ ഒരേയൊരു വർഗം തൊഴിലാളിവർഗമാണ്. ആധുനികവ്യവസായത്തിന്റെ മുമ്പിൽ മറ്റു വർഗങ്ങളെല്ലാം ക്ഷയിക്കുകയും ഒടുവിൽ തിരോഭവിക്കുകയും ചെയ്യുന്നു. തൊഴിലാളിവർഗമാണ് അതിന്റെ സവിശേഷവും സാരവത്തുമായ ഉല്പന്നം ഇടത്തരവർഗത്തിന്റെ വിഭാഗങ്ങളെന്ന നിലയ്ക്കുള്ള തങ്ങളുടെ നിലനിൽപിനെ നാശത്തിൽനിന്നും രക്ഷിക്കാൻവേണ്ടി താഴേക്കിടയിലുള്ള ഇടത്തരക്കാരായ ചെറുകിടവ്യവസായികൾ, ഷോപ്പുടമകൾ, കൈവേലക്കാർ, കൃഷിക്കാർ, തുടങ്ങിയവരെല്ലാം തന്നെ ബൂർഷ്വാസിക്കെതിരായി പോരാടുന്നു. അവർ പിന്തിരിപ്പന്മാരാണ്. കാരണം, അവർ ചരിത്രത്തിന്റെ ചക്രം പുറകോട്ടു തിരിക്കാനാണ് ശ്രമിക്കുന്നത്,"(കാറൽ മാർക്സ് ഫ്രെഡറിക് എംഗൽസ്, "കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ", മാർക്സ് തെരഞ്ഞെടുത്ത കൃതികൾ, പ്രോഗ്രസ്സ് പബ്ലിഷേഴ്സ്, മോസ്ക്കോ, 1987. വാല്യം I എംഗൽസ് പേജ് 165, 162)